പുസ്തകം ൩. ലക്കം ൧ & ൨.

# സഹൃദയ

## മംഗളാശംസ

പ്രജാവാത്സല്യനിധിയായ

### ശ്രീ ചിത്തിരതിരുനാൾ

### പൊന്നുതമ്പുരാൻ തിരുമനസ്സിലേക്ക്

ഇരുപത്തിയെട്ടു തിരുവയസ്സു തികയുന്ന ഈ മംഗളാവസരം തിരുമനസ്സിലെ പ്രജാലക്ഷങ്ങൾക്കു മഹോത്സവകാലമാണ്. ഈ ചുരുങ്ങിയ ഭരണകാലത്തിനുള്ളിൽപോലും സർവ്വശ്രേയോനിദാനങ്ങളും സൎവ്വവ്യാപകങ്ങളുമായ പല പല നൂതനപ്രസ്ഥാനങ്ങളും പരിഷ്കാരപരിപാടികളുംകൊണ്ടു് വിശ്വവിശ്രുതരായ രാജശേഖരന്മാൎക്കുപോലും അപ്രാപ്യവും അസൂയാവഹവുമായ യശഃപ്രതിഷ്ഠ തിരുമനസ്സിലേക്കു് സിദ്ധമായിട്ടുണ്ടു്. പ്രജാഹിതനിരതന്മാരും ഭരണനിപുണന്മാരുമായ നൃപസത്തമന്മാരാൽ പ്രശസ്തമായ വഞ്ചിരാജവംശത്തിന്റെ പാരമ്പര്യപ്രഭാവം തിരുമനസ്സിലെ വിശിഷ്ടാപദാനങ്ങൾകൊണ്ടു് ഭാസുരതരമായി പ്രകാശിക്കുന്നുണ്ടു്. പ്രതിഭാശാലിനിയും ആദൎശവതിയുമായ അമ്മമഹാറാണി തിരുമനസ്സിലെ ശുഭപ്രചോദനവും രാജ്യതന്ത്രവിശാരദനായ സചിവോത്തമന്റെ കൎമ്മകൗശലവും തിരുമനസ്സിലെ ഭരണമഹിമയ്ക്കു മാററുകൂട്ടി വിദ്യാസംസ്കാര സമ്പന്നരായ പ്രജകളുടെ അകൈതവ കൃതജ്ഞതയെ ആൎജ്ജിച്ചിട്ടുണ്ടു്.

മഹാനുഭാവനായ പൊന്നുതിരുമേനി ദീൎഘായുരാരോഗ്യഭാഗ്യങ്ങളാൎന്നു പ്രജാഹിതാൎത്ഥം ചിരകാലം വാണരുളാൻ സൎവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ.

# തിരുമുമ്പിൽ

ശൂരനാട്ടു കുഞ്ഞൻപിള്ള, എം. ഏ.

ശ്രീപത്മനാഭദാസനായ പൊന്നുതിരുമേനിക്കു് ഇരുപത്തെട്ടു തിരുവയസ്സു തികയുന്ന ഈ പുണ്യദിനത്തിൽ തിരുമനസ്സിലെ സുഖൈശ്വര്യഭാഗ്യങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന തിരുമുമ്പിൽ ഭക്തിപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു. ഞാൻ എന്നും ആശിക്കുന്ന ഒരു കാര്യമുണ്ടു്; എപ്പോഴും പ്രാർത്ഥിക്കുന്ന ഒരു കാര്യം. ജനക്ഷേമവ്രതനായ തിരുമേനിയുടെ ദീർഘായുസ്സ്. അവിടത്തേക്കു് അഖണ്ഡമായ സുഖൈശ്വര്യങ്ങൾ. അതിൽ കൂടുതൽ എന്താണു വഞ്ചിവാസികൾക്കു കാംക്ഷിക്കാനുള്ളതു് ? പത്മനാഭന്റെ പ്രതിനിധിയായി നമ്മെ കാത്തുരക്ഷിക്കാൻ അവിടന്നു ജാഗരൂകനായിരിക്കെ നമുക്കു വേറെന്താണു പ്രാർത്ഥിക്കാനുള്ളതു് ?

നൂറുനൂറു രാജ്യങ്ങൾ ഭൂമണ്ഡലം അലംകരിക്കുന്നു. സാമ്രാജ്യങ്ങളും സ്വതന്ത്രദേശങ്ങളും; അവയിലെല്ലാം പലപല ഭരണസമ്പ്രദായങ്ങളും ആചാരനീതികളും ജീവിതഗതികളും. ദുരഭിമാനം കൊള്ളുകയല്ല, നമ്മുടെ നാടുപോലെ വേറൊരു നാടില്ല. ഇത്ര അനുഗൃഹീതമായ രാജ്യം വേറെയില്ല. ശ്രീപത്മനാഭാർപ്പിതമായ രാജ്യം. മലയും കടലും ഇരുപുറങ്ങളിലും സേവിച്ചുകൊണ്ടു നില്ക്കുന്ന രാജ്യം; പച്ചച്ചെടികളും മനോഹരലതകളും പൂമരങ്ങളും ഫലവൃക്ഷങ്ങളും കൃഷിസ്ഥലങ്ങളും വനപ്രദേശങ്ങളും സ്വച്ഛന്ദവാഹിനികളും ഭംഗിയേറിയ സരസ്സുകളും നീണ്ടു പരന്ന കായലുകളും കൊണ്ടു് ആകർഷണീയമായ ഭൂഭാഗ ഭംഗികൾ നിറഞ്ഞ രാജ്യം. മതത്തിനുവേണ്ടി തമ്മിൽ തമ്മിൽ കൂട്ടക്കൊല നടത്താത്ത ദേശം. ധർമ്മത്തെ കുലദൈവമായി ആരാധിക്കുന്ന രാജ്യം. പാരമ്പര്യംകൊണ്ടും പ്രശസ്തികൊണ്ടും സൗജന്യപൂർണ്ണമായ വിശാലവീക്ഷണം കൊണ്ടും ലോകരക്ഷാചാതുര്യംകൊണ്ടും പ്രകീർത്തിതമായ ഒരു മഹാരാജവംശത്തിന്റെ തണലിൽ ഒരിക്കലും താഴ്ചയോ ഇടിവോ വരാതെ, സുദീർഘവും സുശോഭനവുമായ ഒരു ചരിത്രഗതിയിൽ പുലരുന്നതിനു ഭാഗ്യം സിദ്ധിച്ച നമ്മുടെ വഞ്ചിഭൂമി അന്യാദൃശഗുണസമ്പന്നതന്നെ.

നമ്മുടെ മഹാഭാഗ്യങ്ങളിൽ പരമസ്ഥാനം അർഹിക്കുന്ന രണ്ടു കാര്യങ്ങൾ ശ്രീപത്മനാഭന്റെ അനുഗ്രഹവും പത്മനാഭദാസനായ പൊന്നുതിരുമേനിയുടെ പ്രജാക്ഷേമദീക്ഷയുമാണു്. മഹാന്മാരായ രാജകേസരികൾ മാത്രമേ തിരുവിതാംകൂർ സിംഹാസനത്തെ അലങ്കരിച്ചിട്ടുള്ളു. പൂർവ്വരാജാക്കന്മാരിൽ ഓരോരുത്തർക്കും ഓരോ മഹത്വകാരണം സവിശേഷമായി ഉണ്ടായിരുന്നു. അവയുടെ ഗുണാനുഭോക്താക്കളായ നമ്മുടെ കൃതജ്ഞതയുടെ അഗാധതയും വിശാലതയും നമുക്കു് സങ്കല്പഗോചരമാണു്. എന്നാൽ ഇന്നു വഞ്ചിസിംഹാസനത്തെ സവിശേഷം ശോഭാവഹമാക്കുന്ന ഈ പൊന്നുതിരുമേനി സർവ്വഥാ ചിത്രപ്രഭാവനായി:

"പൂർവ്വാൻ മഹാഭാഗതയാതിശേതേ" എന്ന വചനത്തെ അനുസ്മരിപ്പിക്കുന്നു. മഹാരാജസ്ഥാനത്തിനു ജന്മസിദ്ധമായ അവകാശഭാഗധേയം സിദ്ധിച്ചിട്ടുള്ള ഒരു മഹാനും ഇത്രത്തോളം ജനകീയാഭിലാഷം അനുകമ്പാപുരസ്സരം വീക്ഷിച്ചിട്ടുണ്ടെന്നു പറയാവതല്ല. ഇതിൽ കൂടുതൽ ലോകോദ്ധാരണവിചക്ഷണത കാണിച്ചിട്ടുള്ള ഒരു മഹാനും ലോകചരിത്രത്തിൽ ലബ്ധപ്രതിഷ്ഠനായിട്ടില്ല. തിരുമനസ്സിൽ നിന്ന് സർവ്വഥാ ചിത്രചരിത്രനാണ്. പ്രായംകൊണ്ടു യൗവനത്തിലേക്കു കാലൂന്നുന്നതേയുള്ളുവെങ്കിലും മഹാവൃദ്ധന്മാർക്കും അത്ഭുതം തോന്നിപ്പോകുന്ന ലോകജ്ഞാനവും ചിന്താനൈപുണ്യവും കൊണ്ടു തിരുമേനി ലോകവിഖ്യാതനായിത്തീർന്നിട്ടുണ്ട്. തിരുമേനി നേരിട്ടു രക്ഷാവിധിചെയ്തു പുലർത്തുന്നത് ധർമ്മരാജ്യം മാത്രം. തിരുമേനിയുടെ കീർത്തിയും ആദർശവും പരിഷ്കൃതലോകത്തെ മുഴുവൻ അടക്കി ഭരിക്കുന്നു. അവിടത്തെ ഓരോ കൃത്യവും ഒരു ജീവിതം മുഴുവൻ കൊണ്ടു സാധാരണന്മാർക്കു സാധിക്കാവതല്ല. അവിടത്തെ ഓരോവാക്കും രാജ്യത്തിന്റെ ഓരോ പരിഷ്കാരഭാഗ്യങ്ങളെ ഉൾക്കൊണ്ടു സാക്ഷാത്കാരത്തിനു ബദ്ധപ്പെട്ട് ഉടൻ സിദ്ധമായി ഭവിക്കുന്നു. അവിടത്തേക്കു ശ്രദ്ധ ഒന്നിൽ മാത്രം: തിരുവിതാംകൂർ ലോകത്തിൽ ഒന്നാമത്തെ രാജ്യമാകണമെന്ന്; ധർമ്മം കൊണ്ടും നീതികൊണ്ടും ജീവിതസുഖസൗകര്യങ്ങൾകൊണ്ടും ധനോന്നതികൊണ്ടും പരിഷ്കാരാഭിവൃദ്ധികൊണ്ടും കലോപാസനകൊണ്ടും പ്രഥമസ്ഥാനം സമ്പാദിക്കണമെന്ന് അവിടത്തേക്കു നോട്ടം ഒന്നുമാത്രം; അല്പമാത്രമെങ്കിലും അഴൽ തന്റെ ജനസഞ്ചയത്തിൽ ആരെങ്കിലും അനുഭവിക്കുന്നുവോ എന്നു കണ്ടുപിടിക്കാൻ. ദുരിതം ഏതു തരത്തിലുള്ളതായാലും, മാനസികമാകട്ടെ, ധനസംബന്ധമാകട്ടെ, രോഗംകൊണ്ടു വന്നതാകട്ടെ, അതു കണ്ടുപിടിച്ച് ഉച്ചാടനം ചെയ്തേ അവിടത്തേക്കു വിശ്രാന്തിയുള്ളു.

ഏതേതു കലകളാണ്, ഏതേതു സംസ്കാരശാഖകളാണ് തിരുമനസ്സിലെ രക്ഷാവിധിയിൽ സാഫല്യം നേടാത്തത്? അവിടത്തേക്കു സാഹിത്യവും സംഗീതവും നൃത്തവും ചിത്രകലയും സൗന്ദര്യോപാസനയ്ക്കുള്ള മാർഗ്ഗങ്ങളാണ്. ഉന്നതിയിലേക്കുള്ള വാസനയാണ് അവിടത്തെ ജന്മസംസ്കാരം. മതത്തിനും സമുദായത്തിനും രാജ്യരക്ഷാകലയ്ക്കും, ജീവിതഗതിക്കു പൊതുവേയും ഉയർച്ച വരുത്തണമെന്നാണ് അവിടത്തെ നിത്യവ്രതം. അസുന്ദരമായ ഒന്നും, അനീതിയായ ഒന്നും, അശുഭമായ ഒന്നും, അശുദ്ധമായ ഒന്നും തന്റെ രാജ്യത്തിൽ അരുതെന്നാണ് അവിടത്തെ നിഷ്ഠ. സൗഭ്രാത്രം, ഉന്നതമായ മനോഭാവത്തിൽ നിന്നും ഉദിക്കുന്ന മൈത്രി, നാട്ടിൽ സ്ഥാപിക്കാനാണ് അവിടത്തെ ആദർശം. ഈ മഹാവ്രതങ്ങളുടെ സാക്ഷാത്കാരത്തിൽ നമ്മുടെ രാജ്യത്തിനു സിദ്ധിക്കുന്ന മഹാഭാഗ്യങ്ങളോർത്തു ഞാൻ ആഹ്ലാദിക്കുന്നു. നമ്മുടെ പ്രാർത്ഥനകളെയും അതിശയിക്കുന്ന വിധത്തിൽ ശ്രീപത്മനാഭൻ കനിഞ്ഞു നൽകിയിരിക്കുന്ന ഈ മഹാനുഗ്രഹപ്രവാഹത്തിൽ ഞാൻ ആമഗ്നനാകുന്നു. തിരുമേനി ആരോഗ്യഭാഗ്യങ്ങളോടെ ചിരായുസ്സായി വാഴട്ടെ എന്ന് ഉള്ളഴിഞ്ഞ ഭക്തിയോടെ പ്രാർത്ഥിക്കുന്നു.

# ᑌ കാരം

ററി. കെ. ജോസഫ് ബി. എ., എൽ. ററി.

സംവൃത ഉകാരം എന്നു പേരുള്ള ᑌ കാരം, അകാരം, ഇകാരം മുതലായവയെപ്പോലെ ഒരു തനിസ്വരമാണ്. തനിച്ചുനിൽക്കുമ്പോൾ അതിനു മലയാളത്തിൽ പ്രത്യേക ചിഹ്നമില്ലാത്തതുകൊണ്ടു് തൽക്കാലത്തേക്ക് ᑌ എന്ന ലിപി (ചന്ദ്രക്കല) ഇവിടെ ഉപയോഗിക്കുന്നു. ഇംഗ്ലീഷുവാക്കുകളിൽ ഈ സ്വരം ഹ്രസ്വരൂപത്തിലും ദീർഘരൂപത്തിലും ധാരാളം കാണുന്നുണ്ടു്, എന്നുമാത്രമല്ല വാക്കുകളുടെ ആദിമദ്ധ്യാന്തങ്ങളിലും അതു കാണാം. മലയാളത്തിൽ ഹ്രസ്വരൂപമേ സാധാരണ കാണുന്നുള്ളൂ. വ്യഞ്ജനങ്ങളോടുചേർന്നാണുതാനും മിക്കപ്പോഴും ആ ഹ്രസ്വം കണ്ടുവരുന്നത്.

ഹ്രസ്വ ᑌ കാരത്തിനും അതിൻെറ ദീർഘരൂപത്തിനും ഉദാഹരണങ്ങൾ താഴെയെഴുതുന്ന ഇംഗ്ലീഷുവാക്കുകളിലുണ്ടു്. ദീർഘ ᑌ കാരത്തിന് ഇവിടെ ᑌᑌ എന്ന ചിഹ്നമുപയോഗിക്കുന്നു.

ഹ്രസ്വം

| | |
|---|---|
| Her | ഹ് * |
| Sir | സ് * |
| Better | ബെററ് * |
| Master | മാസ്റ്റ് * |
| India | ഇൻഡ്യ് |
| China | ചൈന് |
| Error | എറ് * |
| Never | നെവ് * |

ദീർഘം

| | |
|---|---|
| Learn | ല്്ൺ |
| Burn | ബ്്ൺ |
| Girl | ഗ്്ൾ |
| Term | ററ്്ം |
| Irwin | ᑌᑌവിൻ |
| Erskine | ᑌᑌസ്കിൻ |
| Err | ᑌᑌ * |
| Service | സ്്വിസ് |

മേലെഴുതിയ വാക്കുകളെ മലയാളത്തിൽ ഹെർ, സാർ, ലറൺ, ബറൺ, മാസ്റ്റർ, ഗറൽ, ടറം, ഇൻഡ്യാ, ചൈനാ, എവർ, ഐർവിൻ, എഴ്റസ്കയിൻ, സർവീസ്, നവർ, ഏർ എന്നിങ്ങനെ മിക്കവരും ഉച്ചരിക്കാറുണ്ടെങ്കിലും അവയുടെ ശരിയായ ഉച്ചാരണം അങ്ങനെയല്ല എന്നറിയാമല്ലോ. *

ഹ്രസ്വദീർഘരൂപങ്ങളിൽ മേല്ക്കാണുന്ന ഇംഗ്ലീഷുസ്വരം തന്നേയാണ് മലയാളത്തിലുമുള്ളത്. ഉദാഹരണങ്ങൾ താഴെയെഴുതുന്നു.

---

* ഈ ശബ്ദങ്ങളിൽ അന്ത്യത്തിലുള്ള 'ർ' വിട്ടുകളഞ്ഞിരിക്കുന്നതു് അവ വ്യഞ്ജനാദികളായ ശബ്ദങ്ങൾക്കു മുമ്പ് വരുമ്പോൾ 'ർ' ഉച്ചരിച്ചു കേൾക്കാറില്ലാത്തതുകൊണ്ടു് അതിന് ഒരിടത്തും ഉച്ചാരണസ്ഥാനമില്ലെന്നുള്ള ഭ്രമംകൊണ്ടായിരിക്കുമോ ? Her എന്നും Error എന്നും ഉള്ള ശബ്ദങ്ങളിൽ അന്ത്യത്തിൽ കേൾക്കുന്ന സ്വരം ഒന്നല്ലതാനും. India, China എന്നീ സംജ്ഞാനാമങ്ങളിലെ അന്ത്യസ്വരത്തിൻെറ സ്വരൂപവും ഇതല്ല. Irwin, Erskine എന്നീ ശബ്ദങ്ങളിലെ ആദ്യസ്വരവും വിഭിന്നമാണ്. India, China, Never, Girl എന്നീ ശബ്ദങ്ങൾ മലയാളത്തിൽ എഴുതുമ്പോൾ ഉപയോഗിക്കുന്ന ഡ, ച, വ, ൾ എന്നീ ലിപികൾക്കു മലയാളത്തിലുള്ള ഉച്ചാരണത്തിൽ നിന്നും ഭിന്നമാണ്. ആ ശബ്ദങ്ങളിൽ തത്തൽസ്ഥാനീയങ്ങളായ ഇങ്ഗ്ലീഷ് വ്യഞ്ജനങ്ങളുടെ ഉച്ചാരണസ്വരൂപമെന്നും ധരിക്കേണ്ടതാണ്. Ed.

ഒന്ന് ഒന്ന്ˇˇ
രണ്ട് രണ്ട്ˇˇ
മൂന്ന് മൂന്ന്ˇˇ
നാല് നാല്ˇˇ

ഈ ു കാരം സാധാരണ സംസാരത്തിലും വായനയിലും നീട്ടാറില്ലെങ്കിലും നീട്ടേണ്ട ആവശ്യം ചിലപ്പോഴുണ്ടാകും. നെല്ലളന്നുകൊടുക്കയോ ഇഷ്ടിക യെണ്ണിയേല്പിക്കയോ മറേറാ ചെയ്യുമ്പോൾ ഒന്ന്ˇˇ, രണ്ട്ˇˇ......എന്നിങ്ങനെ നീട്ടിയെണ്ണുന്നതു കേൾക്കുന്നുണ്ടല്ലൊ.

തമിഴ മാതൃഭാഷയായിട്ടുള്ളവരാണ് മലയാളത്തിൽ എണ്ണുന്നതെങ്കിൽ ുകാരം തമിഴിലെ "കുററിയൽ ഉകരം" ആക്കി നീട്ടിയെണ്ണുന്നതിനിടയുണ്ട്. "കുററിയൽ ഉകരം" കുറിക്കുന്നതിനു മലയാളത്തിൽ ലിപിയില്ലാത്തതു കൊണ്ട് * തല്ക്കാലത്തേക്ക് ഉ എന്ന ചിഹ്നമുപയോഗിച്ചാൽ അവരുടെ എണ്ണലിൻെറ ഉച്ചാരണം ഇങ്ങനെ എഴുതിക്കാണിക്കാം.

ഒന്നൂ- രണ്ടൂ-
മൂന്നൂ- നാലൂ-
അഞ്ചൂ- ആറൂ-

ഇത്യാദി.

തമിഴതന്നെ മാതൃഭാഷയായ ചില ജാതിക്കാർ മലയാളത്തിലെണ്ണിയാൽ ഇങ്ങനെ കേൾക്കാം.

ഒന്നീ, രണ്ടീ
മൂന്നീ, നാലീ
അഞ്ചീ, ആറീ

ഇത്യാദി.

ഇവർ ു കാരത്തെ ഇകാരമാക്കി നീട്ടിയെണ്ണും. മററുചിലരോ നിരന്തം കവികൾ വലിയ ആവശ്യമൊന്നുമില്ലാതെ ധാരാളം പ്രയോഗിച്ചു കാണുന്ന ഏകാരം ചേർത്ത്—

ഒന്നേ, രണ്ടേ
മൂന്നേ, നാലേ
അഞ്ചേ, ആറേ

എന്നിങ്ങനെ എണ്ണാറുണ്ട്.

ു കാരത്തിൻെറ ദീർഘരൂപം കിളിപ്പാട്ടുകളും മററും നീട്ടിച്ചൊല്ലുമ്പോഴും കേൾക്കുന്നു. "നീറന്ന പീലികൾ നിരക്കവേ കുത്തി" എന്ന വരി നല്ല ഈണത്തിനു ചൊല്ലിയാൽ

നിറˇˇന്ന പീലികˇˇൾ നിരˇˇക്കവേ
കുത്തി

എന്നായിപ്പോകും. അതായത് റ, ക, ര എന്നിവയോടു ചേർന്ന ു കാരം നീളും, ത്തി-യിലെ ഇകാരവും നീളും. ഇപ്പറഞ്ഞ റ, ക, രങ്ങളോടു ചേർന്നിരിക്കുന്ന സ്വരം അകാരമാണെന്നു പറവാൻ ന്യായമില്ല. എന്തെന്നാൽ അതു നീളുമ്പോൾ ുു കാരമാണുണ്ടാകുന്നത്, ആകാരമല്ല.

നിറാന്ന പീലികാൾ നിരാക്കവേ
കുത്തീ

എന്നാരും നീട്ടിച്ചൊല്ലാറില്ലല്ലോ.

"ചിമ്മിവെച്ച വിളക്കിന്ന്
കാന്തികുറുന്നിതില്ലയോ"

എന്ന ശ്ലോകാർദ്ധത്തിലെ'ന്ന്' ഹ്രസ്വമായിട്ടുച്ചരിക്കയല്ലോ വേണ്ടിയത്[A] ദീർഘ

* ഇതു തത്കാലം 'തൽകാലത്തേക്കു്' എന്നു് എഴുതുന്നതല്ലേ നല്ലതു്.

A 'വിളക്കിനു' എന്നു് എഴുതിപ്പോവുതും അപ്പടിയേ ഉച്ചരിപ്പതും ചെയ്യുയല്ലോ പലകുറിയും കണ്ടുവരാറു്. Ed.

മാക്കിയാൽ ഠ കാരം നീളും, നീളം കുറിക്കുവാൻ വിളക്കിന്ന്ᐟᐟ എന്നു നീട്ടിയെഴുതുകയും വേണം. വിളക്കിന്നു എന്ന് ഉൗകാരം ആകുന്നതോ, വിളക്കിന്നു എന്ന് "കുററിയലുകരം" ആകുന്നതോ കണ്ണശ്ശൻെറ രീതി അനുകരിച്ച് വിളക്കിന്നോ· എന്നാകുന്നതോ യുക്തമല്ല.

മലയാളത്തിൽ ഠ കാരം മിക്കവാറും പദാന്തത്തിലാണു വരുന്നതു്. തമിഴിലെ "കുററിയൽ ഉകര"ത്തിൻെറ സമ്പ്രദായവും ഇങ്ങനെയാണല്ലോ.

| | |
|---|---|
| കാല് | മണ്ണ് |
| കാററ് | പാട്ട് |
| കീഴ് | ചപ്പ് |

സംസ്കൃതം, ഇംഗ്ലീഷു മുതലായ ഭാഷകളിൽ നിന്ന് വ്യഞ്ജനാന്ത പദങ്ങൾ മലയാളത്തിൽ വരുമ്പോൾ അവയുടെ അവസാനത്തിൽ ഠ കാരം ചേർത്താണു മലയാളികൾ ഉച്ചരിക്കുന്നതു്.

| | |
|---|---|
| വാക് | വാക്ക് |
| സ്വം | സ്വമ്മ് (സ്വത്ത്) |
| Pass | പാസ് |
| Camp | ക്യാമ്പ് |
| Gas | ഗ്യാസ് |
| Road | റോട്ട് |
| Enlgish | ഇംഗ്ലീഷ് |
| Point | പായണ്ട് |
| Chalk | ചാക്ക്, ചോക്ക് |

പദമദ്ധ്യത്തിലും ഈ ഠ കാരം വരുന്നുണ്ടെന്നു മുൻപുദ്ധരിച്ച "നിറന്ന പീലികൾ നിരക്കവേ കുത്തി" എന്ന വരിയുടെ ഉച്ചാരണത്തിൽ നിന്നു മനസ്സിലാക്കാമല്ലോ. വേറെ ചില ഉദാഹരണങ്ങൾക്കൂടെ നോക്കാം.

| | | |
|---|---|---|
| യവം | = | യ്വ്ം * |
| ഗജം | = | ഗ്ജ്ം |
| ബലം | = | ബ്ല്ം * |
| വച്ചു | = | വ്ച്ചു (വെച്ചു) |
| ചവച്ചു | = | ചവ്ച്ചു (ചവെച്ചു) |
| ശരി | = | ശ്രി |
| ശരണം | = | ശര്ണ്ം |
| ചങ്ങാടം | = | ച്ങ്ങാടം (ചെങ്ങാടം) |
| ചക്ക് | = | ച്ക്ക് (ചെക്ക്) |
| ഇല്ലല്ലോ | = | ഇല്ല്ല്ലോ (ഇല്ലെല്ലോ) |
| ^Aപോകണം | = | പോക്ണ്ം (പോകെണം) |

പദാദിയിൽ ഠ കാരം മലയാളത്തിൽ പതിവില്ല. എന്നാൽ ചിലരുടെ ഉച്ചാരണത്തിൽ പദാദിയിലും ഠ കാരം കേൾക്കാം. ഉദാഹരണങ്ങൾ ചില തെഴുതുന്നു.

| | | |
|---|---|---|
| എന്ത് | = | ഠന്ത് |
| എവിടെ | = | ഠവിടെ |
| എപ്പൊഴും | = | ഠപ്പൊഴും |
| എനിക്കു് | = | ഠനിക്ക് (ഇനിക്ക്) |
| ഏൻ | = | ഠൻ (ആൻ) |
| ഏമ്പക്കം | = | ഠമ്പക്കം |

എകാരമാണ് ഇവിടെ ഠകാരമാകുന്നത്, "കുററിയൽ ഉകരം" അല്ല. ചില ദേശങ്ങളിലെ പുലയർ ഞാൻ എന്നതിനു 'ഏൻ' എന്ന വാക്കുപയോഗിക്കുന്നു. പറയുമ്പോൾ അത് ഠൻ ആയിപ്പോകും. ചിലപറയർ അത് 'ആൻ' എന്നു പറയും.

* യവം, ബലം ഈ ശബ്ദങ്ങളിലുള്ള അന്ത്യസ്വരത്തിൻെറ ഉച്ചാരണത്തെപ്പററി ഇങ്ങനെ തീച്ചപറയാവുന്നതല്ല.

A പോകേണം = പോകെണം പോക്ണം (പോകണം)—എന്നു് എഴുതുകയായിരിക്കും ശാസ്ത്രീയദൃഷ്ട്യാ സാധു.

ᑌ കാരം കുറിക്കുന്നതിനു ഗുണ്ടർട്ടാണ് ആദ്യമായി ഒരു ചിഹ്നം ("മീത്തൽ തൊട്ടു കുറി" അല്ലെങ്കിൽ ചന്ദ്രക്കല) ഏപ്പെടുത്തിയത്. അതിനു മുൻപു മലയാളികൾ—

| | | | |
|---|---|---|---|
| 1. പറമ്പ് | എന്നിവയ്ക്കു പകരം | പറമ്പ | 1. |
| 2. കോരത് | | കൊരത | 2. |
| 3. കാട് | | കാട | 3. |
| 4. ചക്ക് | | ചക്ക | 4. |
| 5. ഉണ്ട് | | ഉണ്ട | 5. |
| 6. പട്ട് | | പട്ട | 6. |

എന്നെഴുതിപ്പോന്നു. ഇന്നും അങ്ങനെ തന്നെ എഴുതുന്ന വയസ്സന്മാ"രുണ്ട". പറമ്പ്, കോരത് (ഒരു പേര്) എന്ന വാക്കുകൾ ഇന്നും ഇംഗ്ലീഷിൽ എഴുതുന്നതു പഴയ മലയാളരീതിക്ക് a parampa, Rev Koratha എന്നു തന്നെയാണ്. പഴയ ഭാഷാ ചരിത്രത്തിൽ കാക്കശ്ശേരി പട്ടേരി "കാട കാട" എന്നു പറഞ്ഞു എന്നച്ചടിച്ചിരിക്കുന്നതു കാട കാടയെന്നു വായിക്കണോ കാട്ട് കാടെന്നു വായിക്കണോ എന്നു സംശയം തീന്നിട്ടില്ലാത്തവർ ഇന്നും കാണുമെന്നു തോന്നുന്നു. ᑌകാരത്തിനു ചന്ദ്രക്കലാധാരനായി ഒരു ഉ-വിനെക്കൂടെ ഇള കൊള്ളിക്കണം എന്നു പിന്നീടൊരഭിപ്രായമുണ്ടായി. അതനുസരിച്ചാണ് പറമ്പു് എന്നു പലരും ഇന്നെഴുതുന്നത്. (ഈ ലേഖകൻ ᑌകാരത്തിനു ചന്ദ്രക്കല മാത്രമേ ഉപയോഗിക്കാറുള്ളു). ഇംഗ്ലീഷിലും മററു പല ഭാഷകളിലുമുള്ള ഈ ᑌകാരം (അഥവാ കലയാൽ സൂചിതമായ "കലാസ്വരം") കുറിക്കുന്നതിന് എ-യുടെ ചിഹ്നമായ e മറിച്ചിട്ട് ə എന്ന ലിപി ഉച്ചാരണശാസ്ത്ര(ഫൊണെററിക്സിൽ) ത്തിൽ ഉപയോഗിച്ചു വരുന്നു. അതുപയോഗിച്ചെഴുതിയാൽ പറമ്പ് എന്നത്—

parampa

എന്നല്ല,

parampə

എന്നാകും.

പാശ്ചാത്യരുടെ ഉച്ചാരണ ശാസ്ത്രത്തിൽ കൊടുത്തിരിക്കുന്ന സ്വരങ്ങളുടെ പട്ടിക നോക്കിയാൽ നമ്മുടെ കലാസ്വര (ᑌ കാരം) ത്തിൻെറ സ്ഥാനം എന്താണെന്നു മനസ്സിലാകും. ഡാനിയൽ ജൊ ഉൺസിൻെറ (Daniel Jones) ഒരു പട്ടികയിൽ ഇങ്ങനെ കാണുന്നു:—

| മുൻസ്വരങ്ങൾ | മദ്ധ്യസ്വരങ്ങൾ | പിൻസ്വരങ്ങൾ |
|---|---|---|
| ൧. ഈ | - - - - - - - - | ഊ ൧. |
| ൨. ഇ | - - - - - - | ഉ ൨. |
| ൩. എ | - - ᑌ ᑌ - - - | ഒ ൩. |
| | ᑌ | |
| ൪. x | - - - | x ൪. |
| ൫. x | - - | x ൫. |
| | | x ൬. |
| (വേറൊരുതരം) അ | | അ (ഒരുതരം) |
| ൮ | | ൭. |

ദീഘമോ ഹ്രസ്വമോ ആയ കലാസ്വരം ഉച്ചരിക്കുമ്പോൾ നാക്കു വളരെ മുൻപോട്ടോ പുറകോട്ടോ പോകാതെയും ഏറെ മേലോ തീരെ താഴെയോ നില്ക്കാതെയും ഒരു ത്രിശങ്കു സ്വഗ്ഗത്തിലാണെന്നുവേണം ഈ പട്ടികയിൽ നിന്നു മനസ്സിലാക്കാൻ.

ഒരു കായ്യം കൂടെ ആലോചിപ്പാനുണ്ട്. ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നു നിരത്തി നിരത്തിപ്പറയുമ്പോൾ അന്തത്തിൽ ᑌകാരം കേൾക്കാം. ഒന്നു രണ്ട്, രണ്ടു മൂന്ന്, രണ്ടു നാല്, മൂന്നു നാല് എന്നു ചേത്തു പറയുമ്പോൾ ഇടയ്ക്കു കേൾക്കുന്നതു കലാസ്വരം (ᑌകാരം) ആണോ?

അല്ല. ഉകാരം ആണോ? അല്ല. പിന്നെന്ത് ? അതാണ് "കുററിയൽ ഉകരം" എന്നു തമിഴിൽ പറയുന്ന സ്വരം. ഈ സ്വരത്തിനും അതിൻെറ ദീർഘരൂപത്തിനും മലയാളത്തിൽ ലിപികളില്ല. ഗൃഹം, ക്ലൃപ്തം, വൃഥാ, കണ്ഠം എന്നിവയിലെ ൃ ൢ ണ എന്നവ രണ്ടും രണ്ടു സ്വരങ്ങളാണെന്നാണു പറയുന്നത്. സംസ്കൃതത്തിൽ എങ്ങനെ ഉച്ചരിച്ചാലും മലയാളികളുടെ ഉച്ചാരണത്തിൽ അവ റകാരത്തിൻെറയും ളകാരത്തിൻെറയും കൂടെ "കുററിയൽ ഉകരം" ചേൎത്തവയാണ്. അച്ചുമതിയാകാഞ്ഞിട്ടോ എന്തോ ചില അച്ചടിക്കാർ കൃപ, ധൃതി മുതലായവയെ ക്രുപ, ധ്രുതി എന്നിങ്ങനെ ആക്കാറുണ്ട്. കണ്ഠം പണ്ടേ ക്ലിപ്തമായിപ്പോയിതാനും.

ഠ കാരത്തിനു ഉണ്ടർട്ടു നിശ്ചയിച്ച ചന്ദ്രക്കല വേറേ കാൎയ്യത്തിനും അച്ചടിക്കാരുപയോഗിക്കുന്നു.

ഇൻസ്പെക്ററർ
സ്ക്രൂം

ഇങ്ങ്ഗ്ളൻഡ്
ഖക്സാർ

മുതലായവയിൽ കാണുന്ന കലകളെല്ലാം സ, ക ആദിയായ വ്യഞ്ജനങ്ങൾ സ്വരരഹിതങ്ങളാണെന്നു കാണിക്കുന്നു. സ്വരരഹിതത്വം കാട്ടുന്നതിന് ൺ, ൻ, ർ, ൽ, ൾ, ൿ എന്നിവയിൽ നാം പണ്ടേ മേലോട്ടൊരു കൊമ്പിടുന്നു. സ, ങ, ഗ, ഡ മുതലായവയ്ക്കു് അങ്ങനെ ഒരു കൊമ്പിടാൻ ഒക്കാത്തതു കൊണ്ടാണ് സ്വരരഹിതത സൂചിപ്പിക്കാനും ചന്ദ്രക്കലയിടുന്നത്. അതു യുക്തമല്ല. തമിഴിൽ അക്കാൎയ്യത്തിനു് മേലൊരു കുത്തിടുന്നു. നമുക്കും അങ്ങനെ ചെയ്താലെന്താണ് ? ഹിന്ദി വാക്കുകൾ ധാരാളം വന്നു ചേരുന്നു. അവയിൽ മിക്കതിനും ഈ കുത്തോ അതുപോലെ വേറൊരു ചിഹ്നമോ ആവശ്യമാണ്. അച്ചുകളുടെ എണ്ണം ഏറുന്നത് അച്ചടിക്കാൎക്കിഷ്ടമില്ല. പാണിനിക്കു "മാത്രാലാഭഃ പുത്രലാഭഃ" എന്നു പറഞ്ഞപോലെ അവൎക്കു "മുദ്രാ ലാഭഃ പുത്രലാഭഃ".

## തിരുനാൾ മംഗളാശംസ

ദ്യോവാക്കാർ കുഴൽചീകിടുന്നിതുഡുവാം പൂവച്ചു നോക്കുന്നിതാ !
മേവാഞ്ഞായതെട്ടുത്തു മിന്നലൊളിയാം പൊൻനാട ചൂടുന്നുടൻ
ഭ്രൂവാമഞ്ജുളദീപമാലികയണിഞ്ഞീടുന്നു മേന്മേലിതെ-
ന്താവാം ? ചൈത്രകജന്മനാൾച്ചമയമോ ? ഹാ! ചെയ്തിനാകല്പകം.

കിഴക്കുളം, എൻ. രാമൻപിള്ള എം. എ.

# ഒരു് ആദർശജീവിതം

പി. ശേഷാദ്രിഅയ്യർ ബി. ഏ എം. എൽ.

"തേന ത്യക്തേന ഭുഞ്ജീത" എന്നു് അതിമഹത്തായ ഒരു മന്ത്രം ഈശാവാസ്യോപനിഷത്തിൽ കാണുന്നുണ്ടു്. ത്യാഗബുദ്ധിയോടുകൂടിവേണം സകലതിനേയും അനുഭവിക്കേണ്ടതു് എന്നാണു് ഈ മന്ത്രത്തിന്റെ സാരം. എന്നാൽ മനുഷ്യരുടെ സഹജമായ വാസന സ്വാർത്ഥതയോടുകൂടി ഭോഗങ്ങൾ അനുഭവിക്കുവാനാണു്. അപ്രകാരം ചെയ്യുന്നതു് ദോഷകരമാണെന്നു വിചാരിക്കുന്ന മോക്ഷാർത്ഥികൾ ഭോഗങ്ങളേ നിശ്ശേഷം ത്യജിക്കുന്നു. പക്ഷേ, മുമ്പു് ഉദ്ധരിച്ചതായ മന്ത്രം ഭോഗത്യാഗത്തേ അനുശാസിക്കുന്നില്ല. ഭോഗങ്ങളെ അനുഭവിക്കുവാൻ തന്നെയാണു് വിധിച്ചിരിക്കുന്നതു്. അതോടുകൂടി തന്നെ ത്യാഗബുദ്ധി ആവശ്യമാണെന്നു നിബന്ധിക്കുന്നു. ഇതു് അത്യാശ്ചര്യകരമായ ഭോഗത്യാഗസമന്വയം — യോഗസന്ന്യാസസമന്വയം—അത്രേ. ഗീതയിലും ഈ വിധം തന്നെ ഉപദേശിക്കപ്പെട്ടിരിക്കുന്നു —

"സക്താ: കർമ്മണ്യവിദ്വാംസോ
യഥാ കുർവ്വന്തി ഭാരത!
കുര്യാദ്വിദ്വാൻ തഥാഽസക്ത-
ശ്ചികീർഷുർലോക സംഗ്രഹം"
"തസ്മാദസക്താ: സതതം
കാര്യം കർമ്മ സമാചര"

ഇത്യാദിപദ്യഭാഗങ്ങൾ നോക്കുക.

ലോകത്തിൽ ഏതാദൃശമായ രീതിയിൽ ജീവിച്ചിട്ടുള്ളവർ ദുർല്ലഭം തന്നെയാണു് വിദേഹരാജാവായിരുന്ന ജനകൻ ബ്രഹ്മജ്ഞാനത്തിന്റെ പരമകാഷ്ഠയേ പ്രാപിച്ചതിനു ശേഷവും കർത്തവ്യബഹുലമായ രാജ്യഭരണം മുതലായ സകല കർമ്മങ്ങളും ശരിയായി നിർവഹിച്ചിരുന്നുവെന്നാണു് ഐതിഹ്യം. എന്നാൽ ആ മഹാത്മാവിന്റെ ജീവിതരീതിയെപ്പററി മററു വിശേഷങ്ങളൊന്നും നമുക്കു ലഭിക്കുന്നില്ല. ചരിത്രാതീതമായ കാലത്തിലായിരുന്നു അദ്ദേഹത്തിന്റെ രാജ്യഭരണം. അതത്രേ ഈ അജ്ഞതയ്ക്കു കാരണം. ചരിത്രരേഖകളുടെ പ്രകാശം തട്ടിയിട്ടുള്ള കാലത്തിൽ ജീവിച്ചിരുന്ന മറെറാരു മഹാനും ഈ ആദർശത്തെ സമീപിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ജീവിത ചര്യയെപ്പററി അല്പമൊന്നു ചർച്ചചെയ്യുന്നതു് പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

അതിവിശാലമായ റോമൻ സാമ്രാജ്യത്തെ ഇരുപതുവർഷകാലത്തോളം നീതിയോടും ധർമ്മത്തോടുംകൂടി ഭരിച്ചു് അനശ്വരയശസ്സു സമ്പാദിച്ച മാക്കസ്സ് അറീലിയസ്സിന്റെ ജീവിതത്തെ സംഗ്രഹരൂപത്തിൽ വായനക്കാരുടെ മുമ്പിൽ പ്രത്യക്ഷമാക്കുവാനാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

ക്രിസ്തുവർഷം 121, ഏപ്രിൽ മാസം 26-ാം തീയതി മാക്കസ്സ് അറീലിയസ്സ് ഭൂലോകജാതനായി. അദ്ദേഹത്തിന്റെ പൂർവ്വികന്മാർ സ്പെയിൽ ദേശത്തുനിന്നും ഇററലിയിൽ കുടിയേറിപാർത്തവരായിരു

രുന്നു. പിതാമഹനും പ്രപിതാമഹനും അത്യുന്നതങ്ങളായ ഉദ്യോഗങ്ങൾ വഹിച്ചിരുന്നു. സ്വപിതാവിൻെറ പൌരുഷത്തേയും വിനയത്തേയുംപററി നമ്മുടെ കഥാനായകൻ തന്നെ വാഴ്ത്തുന്നുണ്ടു്. പുത്രൻ ജനിച്ചു് അധികം നാൾ കഴിയുന്നതിനുമമ്പു് അച്ഛൻ കാലഗതിയേ പ്രാപിച്ചു. പിതാവിൻെറ മരണാനന്തരം മാർക്കസ് പിതാവിൻെറ ഗൃഹത്തിലും കുറേകഴിഞ്ഞു് മാതൃമന്ദിരത്തിലും താമസിച്ചിരുന്നു. മാതാവും പുത്രനും തമ്മിലുള്ള സ്നേഹം വാചാമഗോചരം അയിരുന്നു എന്നുപറയാം. "ഈശ്വരനെ വണങ്ങുന്നതിനും സകലരേയും സ്നേഹിക്കുന്നതിനും പാപപ്രവൃത്തിയെ മാത്രമല്ല, പാപചിന്തയേപ്പോലും ഉപേക്ഷിക്കുന്നതിനും ധനവാന്മാരുടെ രീതിയെ അനുകരിക്കാതെ അനാഡംബരമായി ജീവിക്കുന്നതിനും തന്നെ പഠിപ്പിച്ചതു് അമ്മ തന്നെയായിരുന്നു" എന്നു് അദ്ദേഹം തന്നെ ഒരിടത്തു പറയുന്നുണ്ടു്. വിദ്യാലയത്തിൽ ചെന്നു പഠിച്ചിരുന്നില്ലെങ്കിലും സ്വഗൃഹത്തിൽവച്ചു് യോഗ്യന്മാരും ജ്ഞാനവിജ്ഞാനവൃദ്ധന്മാരുമായ ആചാര്യശ്രേഷ്ഠന്മാരിൽ നിന്നു് അദ്ദേഹത്തിനു വേണ്ടതായ ശിക്ഷണംലഭിച്ചു. ആ ഗുരുവരേണ്യന്മാരെപ്പററി കൃതജ്ഞതയോടും സ്നേഹത്തോടുംകൂടി അദ്ദേഹം സ്മരിക്കുന്നുണ്ടു്. വ്യാകരണം അലങ്കാരം അങ്കഗണിതം മുതലായ ശാസ്ത്രങ്ങളിൽ അറീലിയസ് എത്രയും നിപുണനായിത്തീന്നു.

'കാപിററോല'യിലുള്ള മ്യൂനിയത്തിൽ സ്ഥാപിതമായിരിക്കുന്ന മാർക്കസ് അറീലിയസ്സിൻെറ മാർബിൾ പ്രതിമയേ ഒന്നു സമീക്ഷണം ചെയ്താൽ, അദ്ദേഹം അതി കോമളനായിരുന്നുവെന്നു കാണാം. എന്നാൽ ആകൃതിയേക്കാൾ അത്യധികം മധുരവും മനോഹരവും ആയിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം. ബാലനായിരിക്കുമ്പോൾതന്നെ, അറീലിയസ്സിൻെറ സത്യനിഷ്ഠ കണ്ടു്, ഹാഡ്രിയൻ ചക്രവത്തി, അദ്ദേഹത്തിൻെറ കുടുംബപ്പേരായ വെരസ്സ് എന്നതിനേ മാററിയിട്ടു് നേരംപോക്കായി ഏററവും സത്യനിഷ്ഠൻ എന്ന അത്ഥത്തെ ദ്യോതിപ്പിക്കുന്നതായ വെറിസ്സിമസ്സ് (Verissimus) എന്നു വിളിച്ചു. ഈ നാമധേയം നിലനിന്നു നാണയങ്ങളിലും ഈ നാമധേയം തന്നെയാണു് കാണുന്നതു്. ചക്രവത്തി, ആറാമത്തെ വയസ്സിൽ സൈനികന്മാരുടെ കൂട്ടത്തിലും എട്ടാമത്തെവയസ്സിൽ സെലിയ് പുരോഹിതന്മാരുടെ സംഘത്തിലും ഇദ്ദേഹത്തെ ഉൾപ്പെടുത്തി.

മാർക്കസ്സിനു 15 വയസ്സു പ്രായമായിരുന്നപ്പോൾ, സന്താനഹീനനായ ചക്രവത്തി, തൻെറ പിൻഗാമിയേ നിയമിച്ചു. എന്നാൽ അപ്രകാരം നിയമിക്കപ്പെട്ട ആൾ 138 ജാനുവരി 1-ാം തീയതി മരിച്ചുപോയതിനാൽ അടുത്ത മാസത്തിൽ 'അൻേറാനിയസ്സി'നേ അനന്തരാവകാശിയാക്കി. സ്വന്തം ഭാഗിനേയനായ മാർക്കസ്സിനേയും ഏഴവയസ്സു പ്രായമുള്ള ലൂഷിയസ് വേരസ്സിനേയും പുത്രന്മാരായി ദത്തെടുക്കണമെന്നും ചക്രവത്തി വ്യവസ്ഥചെയ്തിരുന്നു.

അതനുസരിച്ചു് മർക്കസ്സിനേയും ദത്തെടുത്തതുകൊണ്ടു് അദ്ദേഹത്തിനു് ഹാഡ്രിയൻ ചക്രവത്തിയോടുകൂടി താമസിക്കേണ്ടി വന്നു. ചക്രവത്തിയുടെ മരണാനന്ത

രം മാതാവും മാക്സ്സിനോടൊരുമിച്ച താമസിച്ചു. മാതുലനായ അൻേറാനിനസ്സും ഭാഗിനേയനായ മാക്സ്സും തമ്മിലുള്ള സ്നേഹബന്ധം എത്രയും ദാർഢ്യമേറിയതായിരുന്നു. അത്രത്തോളം പരിശുദ്ധവും ആന്തരവുമായ സ്നേഹം ലോകത്തിൽ ദുല്ലഭം തന്നെയാണ്. അൻേറാനിനസ്സ് ഗ്രാമീണജീവിതത്തേ അത്യന്താം ഇഷ്ടപ്പെട്ടിരുന്നതിനാൽ, അവസരം ലഭിക്കുമ്പോഴെല്ലാം സകുടുംബം ഗ്രാമത്തിൽ പോയിത്താമസിക്കുക പതിവായിരുന്നു. ആജീവിതവും അതിൽ നിന്നുണ്ടാകുന്ന ആനന്ദവും അനുഭവിക്കുവാൻ മാക്സ്സിനുള്ള താൽപയ്യവും ഒട്ടും കുറവല്ലായിരുന്നു. ബാലനായിരിക്കുമ്പോൾതന്നെ കായികാഭ്യാസങ്ങളിൽ അത്യന്തം ശ്രദ്ധ പ്രദശിപ്പിച്ചിരുന്നു. ഗുസ്തിപിടിക്കുക, ഓട്ടുക, കുതിരസ്സവാരി ചെയ്യുക, പന്തുകളിക്കുക മുതലായവയിൽ അദ്ദേഹത്തിനു വളരെ സാമത്ഥ്യമുണ്ടായിരുന്നു. മാതുലനേപ്പോലെ തന്നെ മാക്സ്സും ഗ്രാമീണ ജനങ്ങളോട് സൗഹാദ്ദപുരസ്സരമാണ് പെരുമാറിയിരുന്നത്. മുമ്പുപറഞ്ഞതുപോലെ കായികവിനോദങ്ങളിൽ ശ്രദ്ധാലുവായിരുന്നെങ്കിലും പുസ്തകപാരായണത്തിലും ഏകാന്തചിന്തയിലും ആയിരുന്നു അദ്ദേഹം കൂടുതൽ സമയം വിനിയോഗിച്ചത്. ആരോഗ്യത്തെ ബലികഴിച്ചുപോലും അദ്ദേഹം തത്വശാസ്ത്രങ്ങളിൽ ചച്ചനടത്തിയിരിരുന്നു. ഏകാന്തജീവിതം നയിച്ചിരുന്നെങ്കിലും യഥാത്ഥസ്നേഹിതന്മാർ അദ്ദേഹത്തിനില്ലാതിരുന്നില്ല. ആ ചിന്തകൻ ജനങ്ങളുടെ സഹവാസം തീരെ ഉപേക്ഷിച്ചിരുന്നില്ല. അക്കാലത്ത് അദ്ദേഹം ധാമ്മികനും, വിനീതനും, ചിന്താശീലനും, ധീരനും, അനാഡംബരപ്രിയനും ദയാപൂണ്ണനുമായിരുന്നു എന്ന് പറയപ്പെടുന്നു. അദ്ദേഹത്തിൻെറ കൂടെപ്പിറപ്പു തന്നെയായിരുന്നു കൃത്യനിഷ്ഠ.

വിദ്യാനുരാഗിയായിരുന്നെങ്കിലും രാജ്യഭരണത്തിൽ അദ്ദേഹം അല്പം പോലും ഔദാസീന്യം പ്രദശിപ്പിച്ചില്ല. അരമനയിലെ ജീവിതവും ചക്രവത്തിയുമായുള്ള അതിനികടബന്ധവും രാജ്യഭരണ വിഷയത്തിൽ അദ്ദേഹത്തേ അത്യന്തം സഹായിച്ചിരുന്നു. ആ മാതുലനേപ്പററി മാക്സ്സ് ഇപ്രകാരമാണുപറയുന്നത്. "വിനയം, സ്ഥിരനിശ്ചയം, ബഹുമാനത്തിൽ വിതൃഷ്ണ, പൊതുനന്മക്കുവേണ്ടി പറയുന്നതെല്ലാം കേൾക്കാനുള്ള താൽപര്യം, യോഗ്യതാനുസരണം ബഹുമതികൾ ദാനം ചെയ്യുക, പ്രായോഗികപരിജ്ഞാനംകൊണ്ട് സ്വീകരണത്യാഗസന്ദഭങ്ങളേ മനസ്സിലാക്കുക, സ്നേഹദരാർഢ്യം, നിരന്തരമായസന്തോഷഭാവം, ദീഘദൃഷ്ടി, മുൻകരുതൽ, രാജ്യനന്മയിൽ ജാഗരൂകവും സശ്രദ്ധവും ആയ ദൃഷ്ടി, അനന്തമായ ക്ഷമ, നിസ്പൃഹത, അനസൂയഭാവം, ബുദ്ധിശക്തി, മിതഭോഗം, എന്നിങ്ങനെയുള്ള മഹനീയഗുണങ്ങളെല്ലാം അദ്ദേഹത്തിൽ നിന്നു ഞാൻ പഠിച്ചു".

അൻേറാനിനസ്സിൻെറ ഭരണം 22 വഷം നീണ്ടുനിന്നു. അക്കാലത്ത് അദ്ദേഹത്തിൻെറ സാമ്രാജ്യത്തിൽ യാതൊരു വിധക്ഷോഭങ്ങളും ഇല്ലായിരുന്നു. "അദ്ദേഹം ഉദാരനും ശാന്തനും ബുദ്ധിമാനും യുക്തിക്കു വിധേയനുംആണ്" എന്ന്

ഹാഡ്രിയൻ പറഞ്ഞതു് ശരിതന്നെയായിരുന്നെന്നു് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

അനന്തരം മാൎക്കസ്സ് ചക്രവൎത്തിയായി. അദ്ദേഹത്തിൻെറ ദേഹം ദുർബലം; മനസ്സ് തത്വജ്ഞാനചിന്തയിലും സാഹിത്യചൎച്ചയിലും തൽപരം—ഹൃദയം ഭക്തിയുക്തം.—ഏകാന്തതയും ശാന്തിയും ആയിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. രാജ്യഭരണവിഷയത്തിൽ ഈ ഭാവങ്ങളെക്കാൾ അനുപയുക്തമായി വല്ലതും ഉണ്ടോ എന്നു് സ്ഥൂലദൃഷ്ടിയിൽ തോന്നാം. എന്നാൽ, തൻെറ ആദൎശത്തിൽനിന്നു് അണുമാത്രവും വ്യതിചലിക്കാതെ സകല കൎത്തവ്യങ്ങളും ഭംഗിയായി പരിപാലിച്ചു എന്നതാണു് മാൎക്കസ്സിൻെറ മഹിമ! തൻെറ ദത്തു സഹോദരനായ ലൂഷിയസ്സിനു് 'സമ്രാട്ട്' എന്ന പദം നൽകി മാൎക്കസ്സ് കൂടെ താമസിപ്പിച്ചു.

വിദ്യാവ്യസനിയായി മാൎക്കസ്സ് ആയോധനത്തിൽ അത്യന്തം അസമൎത്ഥനായിരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് പാൎത്ഥീനിയൻകാർ ടയിഗ്രിസ്സ് നദിയേ കടന്നു് അതിനും യൂഫ്രറീസ്സ് നദിക്കും നടുവിലുള്ള വിവാദഭൂമിയിൽ പ്രവേശിച്ചു് അവിടെ അയയ്ക്കപ്പെട്ട റോമൻ സൈന്യത്തെ ആക്രമിച്ചു് തോല്പിച്ചു. അതിനുശേഷം മെസപ്പൊട്ടോമിയ കൈവശപ്പെടുത്തുകയും സിറിയായെ ആക്രമിക്കുകയും ചെയ്തു. അവിടത്തെ റോമഗവർണർ ഭയാവിഷ്ടനായിട്ടു് ഒളിച്ചോടി. പുതുതായ ഭരണത്തിൽ ആവശ്യമായിത്തീൎന്ന കാൎയ്യഭാരത്തെ ഒതുക്കുന്നതിനും അക്കാലത്തു് ടൈബർ നദി കരകവിഞ്ഞൊഴുകിയതുമൂലം സംഭവിച്ച കഠിനനാശത്തെയും തദനന്തരം ബാധിച്ച ഭയങ്കരമായ ക്ഷാമത്തേയും നിവാരണം ചെയ്യുന്നതിനും വേണ്ടി മാൎക്കസ്സ് റോമിൽ തന്നെ സ്വല്പകാലം താമസിക്കേണ്ടിവന്നു. അതിനാൽ ലൂഷിയസ്സിനെ സേനാധിപതിയാക്കി ആൻറിയോക്കിലേക്കു് അയച്ചു. യുദ്ധം വിജയപൂൎവ്വം നടത്തുന്നതിനുംവേണ്ട സന്നാഹങ്ങൾ ശേഖരിക്കുന്നതിനും അദ്ദേഹത്തെത്തന്നെ ചുമതലപ്പെടുത്തി. എന്നാൽ മാൎഗ്ഗമദ്ധ്യത്തിൽ വച്ചു് രോഗം ബാധിച്ചതിനാൽ ലൂഷിയസ്സ് സാവധാനം സഞ്ചരിച്ചു് 163-ൽ ആണു് ആൻറിയോക്കിൽ എത്തിയതു്. അവിടെ ഉണ്ടായിരുന്ന റോമൻ ഭടന്മാർ നിയന്ത്രണവും പരിശീലനവും ഇല്ലാതെ ദുഷിച്ചിരുന്നു. ലൂഷിയസ്സിൻെറ ദൃഷ്ടാന്തത്താലും പരിശ്രമത്താലും ക്രമേണ അവർ നിയന്ത്രിതമായ സുസൈന്യമായി സംഘടിക്കപ്പെട്ടു. 165-ൽ പാൎത്ഥീനിയൻകാർ നിശ്ശേഷം പരാജിതരാകുകയും സന്ധിക്കു് അപേക്ഷിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച വിജയത്തിൻെറ ഉന്നതങ്ങളായ ബഹുമതികളിൽ രണ്ടു ചക്രവൎത്തികളും പങ്കെടുക്കണമെന്നു് നിർബന്ധിക്കപ്പെട്ടുവെങ്കിലും വിജയത്തിനു് യഥാൎത്ഥകാരണഭൂതൻ ലൂഷിയസ്സുമാത്രമായതിനാൽ, അദ്ദേഹത്തിനുതന്നെ ആ ബഹുമതി ഇരിക്കട്ടെ എന്നു് മാൎക്കസ്സ് ശക്തിപൂൎവം അനുശാസിക്കുകയാണു ചെയ്തതു്. എന്നാൽ ലൂഷിയസ്സിൻെറ ആഗ്രഹപൂൎവ്വമായ അപേക്ഷമൂലം രണ്ടു പേരും ഒരുപോലെ കീൎത്തിക്കപ്പെട്ടു. പക്ഷേ, ലൂഷിയാസ്സിൻെറ മരണശേഷം, തൻെറ പേരിൽനിന്നും ആ വിജയത്തെ

സംബന്ധിച്ചു ബഹുമതികളെല്ലാം എടുത്തു് ലൂഷിയസ്സിൻെറ പേരിൽതന്നെ മാക്ക്സ്സ് സമപ്പിച്ചു.

ഈ വിജയംകൊണ്ടുണ്ടായ സന്തോഷം ദീഘകാലം നിലനിന്നില്ല. എന്തെന്നാൽ സിറിയയിൽനിന്നും മടങ്ങിവന്ന ഭടന്മാർ അതിഭയങ്കരമായ പ്ളേഗുരോഗത്തെ അവിടെയെല്ലാം വ്യാപിപ്പിച്ചു. അനേകായിരം ജനങ്ങൾ അകാലമരണത്തിൻെറ അന്ധകാരത്തിൽ മറഞ്ഞു. അനന്തരം അവശേഷിച്ചതു് മുമ്പിലത്തെ ജനസംഖ്യയിൽ പകുതിമാത്രമായിരുന്നു എന്നു് അക്കാലത്തെ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഉപദ്രവത്തിനിടയ്ക്കു് ഉത്തരഭാഗത്തുനിന്നും അപരിഷ്കൃതജാതിക്കാർ റയിൻ, ഡാന്യൂബ് എന്നീ നദികൾവഴി ആക്രമണസന്നദ്ധരായി വന്നുചേന്നു. ഡാന്യൂബ് നദീതീരത്തിൽ വച്ചു് അതിഭയങ്കരമായ ആയോധം ഉണ്ടായി. ആ സ്ഥലം രക്ഷിച്ചിരുന്ന ഭടന്മാർ സംഖ്യയിൽ വളരെ കുറവായിരുന്നു. ശത്രുക്കൾ അവിടെയുള്ള റോമൻസൈന്യത്തെ തോല്പിച്ചു.

ഇരുപതിനായിരം റോമൻ ഭടന്മാർ കൊല്ലപ്പെട്ടു. ഡാന്യൂബിനു തെക്കുള്ള റോമൻ രാജ്യഭാഗത്തെ അവർ നാമാവശേഷമാക്കി. തദ്ദേശവാസികളിൽ മിക്ക ആളുകളേയും തടവിൽ പിടിച്ചു. ആ സമയത്തു് ശത്രുക്കളുടെ മറെറാരു സൈന്യം ആൽപ്സ് പവ്വതപംക്തികളെ തരണം ചെയ്തു് ഇററലിയേ ആക്രമിച്ചു് അഖിലിയാ നഗരത്തെ അവരോധം ചെയ്തു. എന്നാൽ പ്രത്യുൽപന്നമതിയും അക്ഷീണധൈയ്യനും ആയ ചക്രവത്തി സന്ദഭാനുസരണം പ്രവത്തിച്ചു. ആ പരീക്ഷണഘട്ടത്തിലാണു് അദ്ദേഹത്തിൻെറ മാഹാത്മ്യം വെളിപ്പെട്ടതു്. സ്വാത്മത്യാഗത്തിനും മിതജീവിതത്തിനും ഉത്തമദൃഷ്ടാന്തമായി അദ്ദേഹം പരിശോഭിച്ചു. അരമനയിലെ വിലയേറിയ ആഭരണങ്ങളും പാത്രങ്ങളും വസ്ത്രങ്ങളും എല്ലാം ലേലത്തിൽ വിററിട്ടു് യുദ്ധത്തിനു് ആവശ്യമുള്ള പണം ശേഖരിച്ചു. അതോടുകൂടിത്തന്നെ ഗുസ്തിക്കാർ, അടിമകൾ, ദാസന്മാർ മുതലായവരെ ചേത്തു് ഒരു സൈന്യവും സജ്ജമാക്കി. ആ സമയത്താണു് ഏഴു വയസ്സുമാത്രം പ്രായമുള്ള തൻെറ ഓമനപ്പുത്രൻ മരിച്ചതു് ! അതിഭയങ്കരമായ ദുഃഖം അനുഭവിക്കുന്ന ആ അവസരത്തിലും അദ്ദേഹം യാതൊരു വിരാമവും കൂടാതെ രാഷ്ട്രത്തിൻെറ രക്ഷയ്ക്കായി ജാഗരൂകനായി പ്രവത്തിച്ചുകൊണ്ടേ ഇരുന്നു. ഈ രീതിയിൽ സകല സന്നാഹവും സന്നദ്ധമായപ്പോൾ രണ്ടു ചക്രവത്തികളും യുദ്ധരംഗത്തിലേക്കു യാത്രയായി. ശത്രുക്കൾ ഭയന്നു പിൻവാങ്ങിയിട്ടു് സമാധാനത്തിനു് അപേക്ഷിച്ചുവെങ്കിലും അവർ മനഃപൂവ്വം കീഴടങ്ങിയോ എന്നു സംശയിച്ചു് മുമ്പോട്ടുതന്നെ പ്രയാണം ചെയ്തു. റോമൻ സാമ്രാജ്യത്തിൻെറ അതിത്തിസ്ഥലങ്ങളേ സംരക്ഷിക്കുവാൻ വേണ്ടതെല്ലാം പ്രവത്തിച്ചു. എന്നാൽ വീണ്ടും പ്ളേഗിൻെറ ബാധ പടന്നുപിടിക്കുന്നതായി കണ്ടു് രണ്ടു സമ്രാട്ടുകളും മടങ്ങിപ്പോരേണ്ടിവന്നു. മാഗ്ഗമധ്യത്തിൽവച്ചു് ലൂഷിയസ്സ് ഇഹലോകവാസം വെടിഞ്ഞു !

പ്ലേഗുനിമിത്തം റോമൻ സൈന്യത്തിനു സംഭവിച്ച നഷ്ടം അസാമാന്യമായിരുന്നു. അതുകൊണ്ട് അവർ പിൻവാങ്ങേണ്ടിവന്നു. അതേ അവസരംനോക്കി അപരിഷ്കൃതജാതിക്കാർ വീണ്ടും അക്രമത്തിനു വട്ടംക്കൂട്ടി. കഴിഞ്ഞയുദ്ധത്തിലെ വിജയം നിഷ്ഫലപ്രായമായതുപോലെ തോന്നി. അതിനാൽ ക്രിസ്താബ്ദം 169-ൽ മാർക്കസ്സ് വീണ്ടും യുദ്ധക്കളത്തിലേക്കു തിരിച്ചു. ഇക്കാലം മുതൽക്കു അദ്ദേഹത്തിൻെറ ദേഹവിയോഗംവരേയുള്ള ജീവിതത്തിൽ ഏറിയഭാഗവും ചക്രവർത്തി വടക്കേ അതിർത്തികളിൽ (ആസ്ത്രിയാഹംഗാരിയിൽ) തന്നെയാണു കഴിച്ചുക്കൂട്ടിയതു്. ഇവിടെ വച്ചാണു അദ്ദേഹത്തിൻെറ കുറിപ്പുകൾ (ചിന്താശകലങ്ങൾ) എഴുതപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിൻെറ ഉപദേശങ്ങളും ഉദ്ബോധനങ്ങളും സ്വതേതന്നെ ഉൽകൃഷ്ടങ്ങളാണു്. എന്നാൽ, പത്തുദീർഘവർഷങ്ങളോളം അഭ്യസിച്ചു് ജീവിതത്തിൽ സാധിച്ചിട്ടുള്ളവയാകയാൽ അവ അമൂല്യങ്ങളായിത്തന്നെയിരിക്കുന്നു. അവയിൽനിന്നും കിട്ടുന്ന പ്രകാശവും ഉത്തേജനവും പ്രേരണയും മററൊരു ഗ്രന്ഥത്തിൽനിന്നും ലഭിക്കുന്നതല്ല. "കാടികളുടെ ഇടയിൽവച്ചു് എഴുതിയതു്" "കാറൻറത്തിൽ വച്ചെഴുതിയതു്" ഇത്യാദി കുറിപ്പുകൾക്കുള്ള ശക്തി അതുലനീയമത്രേ.

മാർക്കസ് അറീലിയസ്സിൻെറ യുദ്ധനീതി വിജയിച്ചു. റോമൻ സൈന്യം പുരോഗമനം ചെയ്തു. ഇങ്ങനെ, യുദ്ധത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിലും സാമ്രാജ്യപരിപാലനം ഏററവും ഭംഗിയായിത്തന്നെ നിർവഹിച്ചിരുന്നു. എഴുതുന്നതും പ്രവർത്തിക്കുന്നതും ആയ യാതൊന്നും നിസ്സാരമല്ലെന്നുള്ള തൻെറ ഉപദേശത്തെ അദ്ദേഹം അനുവർത്തിച്ചു. സകലതും അത്യന്തം സൂക്ഷ്മമായും ശ്രദ്ധയോടുംകൂടി നടത്താൻ അദ്ദേഹം പരിശീലിച്ചിരുന്നു. ന്യായപരത അദ്ദേഹത്തിൻെറ പ്രധാനലക്ഷ്യമായിരുന്നു. "ന്യായം നടത്തുകയും സത്യം പറയുകയും ചെയ്യുന്നതിലാണു ജന്മസാഫല്യം ആശ്രയിച്ചിരിക്കുന്നതു്" എന്നു് അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു. ന്യായത്തിനു ഭംഗം വരാത്തവിധത്തിൽ കരുണ കാണിക്കുവാൻ അദ്ദേഹം തൽപരനായിരുന്നു. "പൊതുജനനന്മയ്ക്കായി ഞാൻ വല്ലതും ചെയ്തിട്ടുണ്ടോ? ചെയ്തിട്ടുണ്ടെങ്കിൽ എനിക്കു മതിയായ പ്രതിഫലം ലഭിക്കുന്നു." ഇതായിരുന്നു അദ്ദേഹത്തിൻെറ പ്രവൃത്തിയുടെ ആദർശം.

ഏ. ഡി. 175-ൽ സിരിയയേ ഭരിച്ചിരുന്ന അവിഡിയസ് കാഷിയസ് എന്ന റോമൻസേനാനായകൻ, സ്വയം ചക്രവർത്തിയായി പ്രഖ്യാപനം ചെയ്തു ലഹളയുണ്ടാക്കി. ഉടൻതന്നെ ലഹളക്കാരെ അമർച്ചചെയ്യുന്നതിനായി മാർക്കസ്സ് പുറപ്പെട്ടു. ലഹള അധികകാലം നിലനിന്നില്ല. എന്തെന്നാൽ മിക്കവരും മഹാത്മാവായ മാർക്കസ്സിനു അനുകൂലികളായിരുന്നു. ഒരു ദിവസത്തിനകം തൻെറ ഭടന്മാർ തന്നെ കാഷിയസ്സിനെക്കൊന്നു് അയാളുടെ തല ചക്രവർത്തിയുടെ മുമ്പിൽ ആനയിച്ചു. ആ പ്രവൃത്തിയിൽ മാർക്കസ്സിനു ലേശംപോലും സന്തോഷം തോന്നിയില്ലെന്നു മാത്രമല്ല, കാഷിയസ്സിൻെറ തെററു് ക്ഷമിക്കാനുള്ള അവസരം തനിക്കു

നഷ്ടപ്പെട്ടല്ലോ എന്നോർത്ത് അദ്ദേഹം അത്യന്തം വ്യസനിക്കകൂടി ചെയ്തു.

അനന്തരം സാമ്രാജ്യത്തിൻെറ പൂർവ്വഭാഗങ്ങളിലേക്ക് അദ്ദേഹം പ്രയാണം ചെയ്തു. സഹധർമ്മിണിയായ ഫൌസ്റ്റീനയും പുത്രനായ കമ്മോഡസ്സും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. എന്നാൽ ചക്രവർത്തിയുടെ ഭാഗ്യഹീനത നോക്കുക! വഴിയിൽവച്ചുതന്നെ രോഗബാധിതയായി ആവനിതാലലാമം - ചക്രവർത്തിനി-ദീർഘനിദ്രയിൽ ലയിച്ചു. പത്നീവിയോഗംമൂലം മാർക്കസ്സിനുണ്ടായ സങ്കടം സീമാതീതമായിരുന്നു. ഇത്രത്തോളം അനുസരണശീലയും സ്നേഹപൂർണ്ണയും നിഷ്കളങ്കയും ആയ ഒരു പത്നിയെ ലഭിച്ചതിന് ഞാൻ ദേവന്മാരെ വാഴ്ത്തുന്നു'' എന്നാണ് അദ്ദേഹം തൻെറ ധർമ്മപത്നിയുടെ സ്വഭാവത്തെ രേഖപ്പെടുത്തിയിട്ടുള്ളത്.

പിന്നീട് അധികകാലം ആ സ്നേഹനിധിയായ ചക്രവർത്തി ജീവിച്ചിരുന്നില്ല. അചിരേണ എ. ഡി. 180 മാർച്ച് 17-ാം തീയതി അദ്ദേഹവും വിനശ്വരമായ ദേഹം ഉപേക്ഷിച്ചിട്ട് അനന്തമായ ധാമത്തെ പ്രാപിച്ചു. ''സന്തോഷപൂർവ്വം മരണത്തേ സ്വാഗതം ചെയ്യണം. ജീവിതമെന്നതു് ചില ഭൂതങ്ങൾ ഒന്നുചേർന്നു സംഘാതത്തേ പ്രാപിച്ചതാണ്. അവ വിയോജിക്കുമ്പോൾ മരണം സംഭവിക്കുന്നു. അതു പ്രകൃതിനിയമമത്രേ! വിശ്വപ്രകൃതിയുടെ പ്രവർത്തനം തന്നെയാണു മരണം. ജീവിതത്തിൻെറ അവശ്യംഭാവിയായ ഒരു സംഗതിയത്രേ മരണം'' എന്നും മററും അദ്ദേഹം പറഞ്ഞിട്ടുള്ളതനുസരിച്ച് ആ മഹാൻ ശാന്തമായി ജീവിതത്തിൽനിന്നും വിരമിച്ചു. ''പൊതുനന്മയ്ക്കായി പ്രവർത്തിക്കുക. നിങ്ങൾ ഉദിക്കുന്ന സൂര്യൻെറ സമീപത്തേക്കു പോകുക. ഞാൻ അസ്തമിക്കുന്നു.'' ഇത്യാദികളായിരുന്നു അദ്ദേഹത്തിൻെറ അന്ത്യവചനങ്ങൾ.

അദ്ദേഹം ദേവന്മാരെ വിശ്വസിച്ചിരുന്നു. ''ദേവന്മാരുണ്ടെന്നുള്ളതിന് എന്തു തെളിവാണുള്ളതു് ? അവരെ ഇത്രമാത്രം ശ്രദ്ധയോടുകൂടി പൂജിക്കുന്നതെന്തിന് ; എന്നു ചോദിക്കുകയാണെങ്കിൽ എൻെറ മറുപടി ഇതാണ്. ഒന്നാമതായി അവരെ കാണണമെങ്കിൽ കാണുവാൻ നമുക്കു സാധിക്കും. രണ്ടാമതായി, എൻെറ ആത്മാവിനെ ഞാൻ കാണുന്നില്ലെങ്കിലും അതിനെ ഞാൻ ബഹുമാനിക്കുന്നു. അതുപോലെ എൻെറ നിരന്തരമായ അനുഭവത്തിൽ നിന്നും ദേവന്മാരുണ്ടെന്ന് എനിക്കു നിശ്ചയമുണ്ട്. അതിനാൽ ഞാൻ അവരെ ഉപാസിക്കുന്നു.''

അദ്ദേഹത്തിൻെറ ശരീരം നഷ്ടമായെങ്കിലും അദ്ദേഹം ഇന്നും ആദർശസ്വരൂപനായി നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. ''അനശ്വരമായ ആത്മാവു് ജനങ്ങളെ സത്യധർമ്മമാർഗ്ഗങ്ങളിൽ നയിക്കുന്നുണ്ട്''.

''ഭോഗംകൊണ്ടു മലിനപ്പെടാതെയും ദുഃഖത്തിന് അധീനപ്പെടാതെയും, ജീവിതക്ലേശങ്ങൾക്ക് വിധേയമാകാതെയും ആയിട്ട് ഒരു് അന്തരാത്മാവു് മനുഷ്യൻെറ ഉള്ളിൽ കുടികൊള്ളുന്നു! '' എന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നതു്.

# കൗടല്യന്റെ രാഷ്ട്രീയാദർശം

ബി. പത്മനാഭപിള്ള ബി. എ.

ഒരു ഗ്രന്ഥത്തിൽ തത്കർത്താവിന്റെ ജീവിതചര്യ പ്രതിഫലിച്ചുകാണുന്നതു സർവ്വസാധാരണമാണ്. കൗടല്യന്റെ അർത്ഥശാസ്ത്രവും ഈ തത്വത്തിന് വിധേയമാണ്. പ്രതികാരേച്ഛുവായ കൗടല്യന്റെ കോപാഗ്നിയാൽ നന്ദവംശം വെന്തു വെണ്ണീറായി. നിഷ്ഠുരമായ ബലപ്രയോഗവും നിരങ്കുശമായ വഞ്ചനയും കൊണ്ടു മൗര്യവംശം സുസ്ഥാപിതമായി. കൗടല്യനാണ് അതിനും ഹേതുഭൂതൻ. ഇപ്രകാരമുള്ള ഒരു രാജ്യതന്ത്രജ്ഞന്റെ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന നീതി പ്രായേണ ഹിംസ്രവും അനീതിപരവും ആയിരിക്കാനേ മാർഗ്ഗമുള്ളു. ഇതാണു കൗടല്യനെപ്പററിയുള്ള ചിലരുടെ ബാഹ്യനിരീക്ഷണം.

വഞ്ചന, കൗശലം ആദിയായനികൃഷ്ടോപായങ്ങളെ അവലംബിച്ചു ശത്രുനാശം വരുത്തുന്നതിനു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ഗ്രന്ഥകാരൻ തന്റെ നീചമായ മനഃസ്ഥിതിയെയാണു വെളിപ്പെടുത്തിയിരിക്കുന്നതെന്നു ചിലർ അനുമാനിക്കുന്നു. ഈ ധാരണ വച്ചുകൊണ്ടു തന്നെയായിരിക്കാം കാദംബരീകർത്താവായ ബാണഭട്ടൻ "അതിനൃശംസപ്രായോപദേശപൂർണ്ണം കൗടല്യശാസ്ത്രം" എന്നു വർണ്ണിച്ചിരിക്കുന്നതു്.

ആധുനിക ചരിത്രകാരന്മാരിൽ ചിലർ കൗടല്യന്റെ അർത്ഥശാസ്ത്രം സന്മാർഗ്ഗപഥത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല എന്ന് അഭിപ്രായപ്പെടുന്നു. ദുഷ്ടത, വിശ്വാസഭംഗം, കാരണംകൂടാതുള്ള കയ്യേ

ററം ഇവയാണ് ഇതിന്റെ മൂലതത്വങ്ങൾ എന്നവർ വാദിക്കുന്നു. ഈ വാദം എത്രത്തോളം ശരിയാണെന്നു പരിശോധിക്കാം.

ശത്രുനാശത്തിനായി ഏതുപായവും സ്വീകരിക്കാമെന്നും യുദ്ധജയംകൊണ്ടു കീർത്തി വർദ്ധിപ്പിക്കണമെന്നും കൗടല്യൻ ഉപദേശിക്കുന്നു എന്നതു പരമാർത്ഥംതന്നെ. രാജ്യത്തിന്റെ സ്ഥായിയായ നിലനില്പിനും പ്രജകളുടെ അഭ്യുദയത്തിനും വേണ്ടി ആവശ്യമുള്ളതെല്ലാം— അവ നിന്ദിതമായാലും അനിന്ദിതമായാലും— രാജ്യതന്ത്രത്തിനു വിഷയമാണ്. ഏതാനും ചില നിന്ദിതമായ പ്രവർത്തനങ്ങളെ മാത്രം അടിസ്ഥാനമാക്കി ഗ്രന്ഥകാരന്റെ ആദർശത്തിനു തീർപ്പു കല്പിക്കുന്നതു് ഉചിതമല്ല.

അർത്ഥശാസ്ത്രത്തെ സൂക്ഷ്മമായി നിരീക്ഷണം ചെയ്യുന്ന ഒരാൾക്കു ശത്രുദമനപരമായ കുടിലതന്ത്രങ്ങൾ മാത്രമല്ല പ്രത്യക്ഷമാകുന്നതു്. വിഗ്രഹത്തെപ്പററി ആലോചിക്കുന്ന ഭാഗത്തിലും പരദ്രോഹത്തേക്കാൾ ആത്മരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളാണു കൂടുതൽ നിർദ്ദേശിച്ചുകാണുന്നതു്. അതുപോലെ ആക്രമണമാർഗ്ഗത്തെക്കാൾ കൂടുതൽ ആക്രമണപ്രതിവിധികൾ. പ്രജകളുടെ സമഷ്ടിഗതമായ ഹിതത്തിനു വിപരീതമായി യുദ്ധം ഒരിക്കലും സ്വീകരിക്കപ്പെടുന്നില്ല. നേരേമറിച്ച് ജനങ്ങളുടെ ശ്രേയസ്സിനും രക്ഷയ്ക്കും വേണ്ടി കൂടവ്യവഹാരം, ശത്രുവഞ്ചന മുതലായ ദണ്ഡനീതികളെ ഉപദേശിക്കുന്നു എങ്കിൽ തന്നെ മററുവിധത്തിലുള്ള പ്രതിവിധികൾ ഇല്ലാഞ്ഞിട്ടുകൂടിയായിരിക്കും. വിജി

ഗീഷു എന്ന പദത്തിനു കൗടല്യൻ ഉദ്ദേശിക്കുന്ന അർത്ഥം തന്നെ നിർദോഷമാണ്. അതായതു് ഏതൊരു രാജാവിനെ കേന്ദ്രമാക്കി രാജനീതി ആലോചിക്കപ്പെടുന്നുവോ അദ്ദേഹമാണ് വിജിഗീഷു. വ്യുത്പത്തിഗതമായ പ്രസ്തുത അർത്ഥം തെററിദ്ധരിക്കാതിരുന്നാൽ പ്രബലനാൽ ആക്രമിക്കപ്പെടുന്ന ദുർബ്ബലരാജാവും ആക്രമിക്കുന്ന ജയേച്ഛുവായ രാജാവും ഒരുപോലെ വിജിഗീഷു തന്നെ.

"പാർഷ്ണിഗ്രാഹോഽഭിയോക്താ വാ
യാതവ്യോ വാ യദാ ഭവേത്
വിജിഗീഷു സ്തദാ തത്ര
ജൈത്രമേതത് സമാചരേത്"

അർത്ഥശാസ്ത്രത്തിൽ പരാക്രമിയായ രാജാവിനുവേണ്ടി ശത്രുജയോപായം നിർദ്ദേശിച്ചിട്ടുള്ളതിനേക്കാൾ അധികമായി ബലഹീനനായ രാജാവിൻെറ ആത്മരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളാണ് കൂടുതൽ കാണുന്നതു്. ബലവാനായാലും ദുർബ്ബലനായാലും, ആക്രമിക്കുന്നവനായാലും ആക്രമിക്കപ്പെടുന്നവനായാലും സകല അവസ്ഥകളിലും രാജാവു വിജിഗീഷുതന്നെ. ഇവർക്കെല്ലാപേക്ഷം അർത്ഥശാസ്ത്രം ഒരുപോലെ ഉപയോഗപ്രദമാണ്. അതുകൊണ്ടു് പരാക്രമിയായ രാജാവിനുവേണ്ടി അഥവാ പരദ്രോഹിയായ രാജാവിനുവേണ്ടി കുത്സിതമായ വിജയമാർഗ്ഗം മാത്രം അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ളതാണ് പ്രസ്തുത ശാസ്ത്രമെന്നു വിചാരിക്കുന്നതു് ആശാസ്യമല്ല.

കൗടല്യൻെറ വാക്യങ്ങളെ തെററായി വ്യാഖ്യാനിച്ചു യുക്തിഹീനങ്ങളായ ധാരണകൾ ചിലർ പരത്തീട്ടുണ്ടു്.

"ഭൂമ്യനന്തരോഽരി പ്രകൃതിഃ". ഇതിനെ അയൽരാജ്യങ്ങളെ ശത്രുരാജ്യങ്ങളെപ്പോലെ കരുതണം എന്നു വ്യാഖ്യാനിക്കുന്നു. എന്നാൽ കൗടല്യൻെറ വിവക്ഷ അങ്ങനെയല്ല. പുരോഗമനത്തിൽ ഉള്ള ജിജ്ഞാസകൊണ്ടു് അയൽരാജ്യങ്ങൾ തമ്മിൽ മത്സരം ഉണ്ടാകുന്നതു സാധാരണമാണ്, എന്നു മാത്രമേ ഇതിൽ സൂചിപ്പിക്കുന്നുള്ളു. അതുപോലെ "അഭ്യുച്ചീയമാനോ വിഗൃഹ്ണീയാത്" — "ഹീനേനൈവ വിഗൃഹ്ണീയാത്" എന്നീവാക്യങ്ങൾക്കു് വർദ്ധിച്ച ബലം ഉള്ളവൻ യുദ്ധം ചെയ്യണം; ദുർബ്ബലനായ രാജാവിനോടു യുദ്ധം ചെയ്യണം, എന്നർത്ഥമാക്കാം. എന്നാൽ കൗടല്യൻ രണ്ടു വാക്യങ്ങളും മുൻപിൻ യോജിപ്പിച്ചു് അർത്ഥം പറയാനേ ഉദ്ദേശിച്ചിട്ടുള്ളു. അദ്ദേഹത്തിൻെറ ഉപദേശമർമ്മം ഗ്രഹിച്ചവർക്കേ അതു സാദ്ധ്യമാകയുള്ളു — സന്ധിവിഗ്രഹങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുന്നിടത്തു് "സന്ധിവിഗ്രഹയോസ്തുല്യായാം വൃദ്ധൗ സന്ധിമുപേയാത് — വിഗ്രഹേ ഹി ക്ഷയവ്യയ പ്രവാസപ്രത്യവായാ ഭവന്തി" എന്നു കാണുന്നു—മററു കാരണങ്ങളാൽ യുദ്ധം അനിവാര്യമായിവരുമ്പോൾ ശത്രുപക്ഷത്തെക്കാൾ കൂടുതൽ ശക്തിയുണ്ടെന്നു ബോധ്യപ്പെടത്തക്കവണ്ണം ഉപകരണങ്ങൾ തയ്യാറാക്കി യുദ്ധം ചെയ്യണം.

മാനവധർമ്മശാസ്ത്രത്തിൽ (Manus-mriti .ch. 7) ഇതിനനുരൂപമായ ഉപദേശം കാണുന്നുണ്ടു്.

"യദാ പ്രകൃഷ്ടാ മന്യേത
സർവ്വാസ്തു പ്രകൃതീർ ഭൃശം
അത്യുച്ഛ്റിതാ തഥാഽഽത്മാനം
തദാ കുർവീത വിഗ്രഹം
യദാ മന്യേത ഭാവേന
ഹൃഷ്ടം പുഷ്ടം ബലം സ്വകം

പരസ്യ വിപരീതം ച
തദാ രാജാ രിപും പ്രതി"

പ്രജകൾ സന്തുഷ്ടരെന്നും താൻ ബലവാൻ എന്നും തോന്നുമ്പോൾ വിഗ്രഹം ചെയ്യണം. തന്റെ സൈന്യം ഹൃഷ്ടപുഷ്ടവും ശത്രു സൈന്യം മറിച്ചും ആണെന്നു തോന്നുമ്പോൾ യുദ്ധം ചെയ്യണം. ഇവിടെയും മനു സാമം, ദാനം, ഭേദം മൂന്നുപായങ്ങൾ സഹായമായി സ്വീകരിക്കാൻ ഉപദേശിക്കുന്നു.

"സാമ്നാ ദാനേന ഭേദേന
സമസ്തൈരഥവാ പൃഥക്
വിജേതും പ്രയതേതാരീൻ
ന യുദ്ധേന കദാചന.
ത്രയാണാമപ്യുപായാനാം
പൂർവോക്താനാമസംഭവേ
തഥാ യുധ്യേത സംപന്നോ
വിജയേത രിപൂൻ യഥാ"

മററൊരു മാർഗ്ഗവുമില്ലെങ്കിൽ വേണ്ട ശക്തി സമ്പാദിച്ചിട്ടേ യുദ്ധം ചെയ്യാവൂ. നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽ മാത്രമേ യുദ്ധം സ്വീകരിക്കാവൂ എന്നാണു മനുവിന്റെയും കൗടല്യന്റെയും അഭിമതം.

മേൽ ഉദ്ധരിച്ച കൗടല്യവാക്യത്തെ ദുർവ്യാഖ്യാനം ചെയ്തു പ്രസിദ്ധ ചരിത്രകാരനായ വിൻസൻഡ് സ്മിത്ത് (Vincent smith) ഇൻഡ്യാ ചരിത്രത്തിൽ (Early History of India P. 139) ഇപ്രകാരം എഴുതിക്കാണുന്നു. ഭാരതവർഷത്തിലെ അയൽ രാജ്യങ്ങൾക്കു വിഗ്രഹം കൂടാതെ സമാധാനപരമായിരിക്കാൻ ഒരിക്കലും സാധ്യമല്ല. എന്തെന്നാൽ ബലവാന്മാരായാൽ യുദ്ധം ചെയ്യണമെന്നും അയൽ രാഷ്ട്രത്തെ ശത്രുവായിക്കരുതണമെന്നും ഭാരതീയ രാജനീതി ഉപദേശിക്കുന്നു.

സ്മിത്ത്സായിപ്പിന്റെ ഈ അഭിപ്രായം അർത്ഥശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം യുക്തിശൂന്യമാണ് എന്നു മേൽ പറഞ്ഞ കാര്യങ്ങൾകൊണ്ടു വ്യക്തമാകും. ഈ ചരിത്രകാരൻതന്നെ കൗടല്യനെ സംബന്ധിച്ചു മററനേകം ഭ്രമപ്രമാദങ്ങൾക്കു വശംവദനായിട്ടുണ്ട്. കൗടല്യന്റെ സന്ധികർമ്മപ്രകരണത്തെ തെററായി വ്യാഖ്യാനിച്ചിരിക്കുന്ന ഭാഗംനോക്കാം. ഈ പ്രകരണത്തിന്റെ ആരംഭത്തിൽ കൗടല്യൻ പൂർവാചാര്യന്മാരുടെ മതത്തെ എതിർത്തു ഇപ്രകാരം പറയുന്നു.

"നേതി കൗടല്യഃ സത്യം വാ ശപഥഃ
പരത്രേഹ ച സ്ഥാവരഃ സന്ധിഃ"

സത്യത്തിലും ശപഥത്തിലും സ്ഥാപിതമായ സന്ധിക്ക് ഒരിക്കലും ഭംഗംവരുത്തരുത്. അപ്രകാരംചെയ്താൽ ഇഹലോകത്തിലും പരലോകത്തിലും അനിഷ്ടം സംഭവിക്കും. ഇതത്രേ കൗടല്യന്റെ സ്വാഭിപ്രായം. വിശ്വാസത്തിൽ സമർപ്പിച്ച പ്രതിനിധിയെ ശത്രുവിന്റെ കയ്യിൽ നിന്നും മോചിപ്പിക്കണം എന്ന് അർത്ഥശാസ്ത്രത്തിൽ സൂചനയുണ്ട്. "അഭ്യുച്ചീയമാനഃ സമാധിമോക്ഷം കാരയേത്" ഇതിനെ പ്രമാണമാക്കി സ്മിത്ത് തീരുമാനിക്കുന്നതു് പ്രാചീനഭാരതത്തിൽ നിവൃത്തിയുണ്ടെങ്കിൽ സന്ധിവ്യവസ്ഥകൾ ഭഞ്ജിച്ചിരുന്നു എന്നാണ്. എന്നാൽ ഇതിനു തെളിവ് കൗടല്യവാക്യത്തിൽ കാണുന്നില്ല. ഒരു പ്രബലനായ രാജാവ് അല്ലെങ്കിൽ നേതാവ് സന്ധിനിയമം പരിപാലിക്കാതെ കഴിഞ്ഞു എന്നുവരാം. ഈ ന്യൂനത പണ്ടത്തേതിനേക്കാൾ സംസ്കാരസമ്പന്നരെന്നഭിമാനിക്കുന്ന ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരിൽപോലും ധാരാളം കണ്ടുവരുന്നുണ്ട്. ഇതു് അന്നും ഇന്നും, എന്നും നടക്കുകതന്നെചെയ്യും. ഇങ്ങനെയുള്ള സംഭവ്യത എടുത്തുപറഞ്ഞതുകൊണ്ടു് കൗടല്യൻ രാഷ്ട്രങ്ങൾ

തങ്ങളിൽ അസത്യമായി പെരുമാറാൻ ഉപദേശിച്ചിരുന്നു എന്നു പറയുന്നതു യുക്തമല്ല.

മൂന്നുതരം അഭിയോക്താക്കളെ (Conquerors)പ്പററി അത്ഥശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു. (1) ധമ്മവിജയി, (2) ലോഭവിജയി, (3) അസുരവിജയി.

ആക്രമിക്കപ്പെട്ടവൻ നതനായാൽ ധമ്മവിജയി മറുകക്ഷിക്ക് യാതൊരപപകാരവും ചെയ്യുകയില്ല. മാത്രമല്ല ആപത്തിൽ സഹായിക്കുകയും ചെയ്യും.—ധനസമ്പത്തും, ദേശവിജയവും ആഗ്രഹിച്ചാണ് ലോഭവിജയി യുദ്ധംചെയ്യുന്നത്. തൻെറ ആഗ്രഹം പൂത്തിയായാൽപിന്നെ ആക്രമണം നിറുത്തും.—അസുരവിജയിയാകട്ടെ ഇതൊന്നുകൊണ്ടും തൃപ്തിപ്പെടുകയില്ല; ഭൂമി, അത്ഥം, ഭാര്യ, പുത്രൻ, എന്നുവേണ്ട അവസാനത്തിൽ പ്രാണനെക്കൂടി ബലികഴിക്കാതെ അവൻ അടങ്ങുകയില്ല. ഇവരുടെ കൂട്ടത്തിൽ ധമ്മത്തെ ബഹുമാനിച്ച് ആവശ്യത്തിനുവേണ്ടിമാത്രം യുദ്ധംചെയ്യുന്നവനാണ് ധമ്മവിജയി എന്നാണ് കൗടല്യസിദ്ധാന്തം. പേരുകൊണ്ടുതന്നെ അസുരവിജയിയേയും ലോഭവിജയിയേയും കൗടല്യൻ നിന്ദിക്കുന്നു. ഒരുശാസ്ത്രം നിമ്മിക്കുമ്പോൾ ഉച്ചനീചവശങ്ങളെ പ്രതിപാദിക്കാതിരിക്കാൻ തരമില്ല. അന്നു നടപ്പിലുള്ള രീതി ശാസ്ത്രത്തിലും പ്രതിപാദിച്ചു എന്നു കരുതി അതിനു കൗടല്യൻ നിന്ദാർഹനല്ലല്ലോ.

രാജ്യരക്ഷയ്ക്കുവേണ്ടി ചാരന്മാരെ നിയോഗിക്കുന്ന വ്യവസ്ഥ എല്ലാക്കാലത്തും നടപ്പിലുള്ളതാണ്. ഇന്നു പരിഷ്കൃത രാജ്യങ്ങൾ എന്നഭിമാനിക്കുന്ന ഓരോന്നും വമ്പിച്ചതുക അതിലേക്കു വിനിയോഗിച്ചു വരുന്നു. അത്ഥശാസ്ത്രത്തിലും ഗൂഢചാരന്മാരുടെ പ്രവൃത്തികളെ വിശദമായി വണ്ണിച്ചിട്ടുണ്ട്. ഇതൊഴിച്ചുള്ള രാജനീതിഗ്രന്ഥം അപൂണ്ണമാണുതാനും. ആപദ്ഘട്ടങ്ങളിൽ ചാരന്മാർ ശത്രുക്കൾക്ക് അപകാരം ചെയ്യാൻ ശ്രമിക്കുമെന്നു കൗടല്യൻ പറയുന്നു. യുദ്ധക്കപ്പലുകളെ 'ടാർപ്പിഡോ' ചെയ്യുന്നതും വിമാനങ്ങൾ മുന്നറിവുകൂടാതെ ബാംബു വഷിക്കുന്നതുംപോലെ ചാരന്മാർ രഹസ്യമായി ആക്രമിക്കുന്ന പതിവ് അന്നുണ്ടായിരുന്നു. ഇതു് ശത്രുനാശത്തിനു പററിയ ഒരുപായമായി കരുതിപ്പോന്നു. നിഷ്ഠുരമായ ഈ മാർഗത്തെ കൗടല്യൻ ജുഗുപ്സാവഹമായിട്ടാണ് കരുതുന്നതു്.

ശക്തിഹീനനായ ഒരു രാജാവിനെ രക്ഷിക്കുന്നതിനായി അത്ഥശാസ്ത്രത്തിൽ അനേകം മാർഗങ്ങൾ നിദ്ദേശിച്ചിട്ടുണ്ട്. ഭയപ്പെട്ട് ആശ്രയിക്കുന്ന രാജാവിന് അഭയം നല്കി പിതാവിനെപ്പോലെ പരിപാലിക്കണമെന്ന് കൗടല്യൻ ഉപദേശിക്കുന്നു. രാജ്യം പങ്കിട്ടെടുക്കുന്ന നിഷ്ഠുരമായ പ്രവൃത്തി ആധുനികകാലത്തു നടക്കുന്നതുപോലെ അന്നില്ലായിരുന്നു. അന്യായമായി ഒരു രാജാവിനെ ഉപദ്രവിച്ചാൽ മററു് അയൽരാജാക്കന്മാർ വെറുക്കുമെന്നു കൗടല്യൻ പറയുന്നു. എല്ലാരാജാക്കന്മാരും ഒത്തൊരുമിച്ച് അവനെ നശിപ്പിക്കാൻ ഒരുങ്ങുമെന്നും പറയുന്നു; "തസ്യ ഉദ്വിഗ്നം മണ്ഡലം അഭയായ ഉത്തിഷ്ഠതേ." അതിനാൽ അകാരണമായ വിഗ്രഹത്തേയോ അനുചിതമായ ബലപ്രയോഗത്തേയോ പൈശാചികമായ പെരുമാററത്തേയോ കൗടല്യൻ ഉപദേശിച്ചിട്ടില്ല.

# "ദീവാനുഖൈസ്"

## (ഖൈസിൻെറ കവിതകൾ)

അഥവാ

# ലീലയും മദനനും

(മൗലവി എം. മുഹമ്മദ് യൂസുഫ് തങ്ങൾ അഫ്സലുൽ ഉലമാ)

അറബുദേശത്തു് പണ്ട് വിഭിന്നങ്ങളായ അഭിപ്രായങ്ങളോടും, ആചാരങ്ങളോടും കൂടിയ പലേ ഗോത്രക്കാരും പാർപ്പുണ്ടായിരുന്നു. അവർ തങ്ങളുടെ ശ്രേഷ്ഠത താരതമ്യപ്പെടുത്തുന്നതിന്ന് അവരുടെ ഇടയിലുള്ള കവികളുടെ എണ്ണവും യോഗ്യതയുമാണ് മാനദണ്ഡമായി വച്ചിരുന്നതു്. ഒരു ഗോത്രത്തിൽ നല്ല ഒരു കവി ഉണ്ടായി എന്നറിഞ്ഞാൽ അതിൻെറ നേതാവിനെ അന്യ ഗോത്രക്കാർ ചെന്നുകണ്ട് അനുമോദിച്ചു തുടങ്ങും. ഭരണാധികാരികളുടെ യോഗ്യതായോഗ്യതകൾ, ഇന്നു വർത്തമാനപത്രങ്ങൾ കൊണ്ടെന്നപോലെ അന്നു പദ്യ കവിതകൾ കൊണ്ടായിരുന്നു അവിടെ വെളിപ്പെടുത്തി വന്നതു്. ഇസ്ലാമിനു മുമ്പുള്ള അറബികൾ നല്ല കവികളേ സകല സൗകര്യങ്ങളോടും കൂടി സുഖവാസസ്ഥലങ്ങളിൽ പാർപ്പിച്ചു മനോഹരങ്ങളായ പദ്യകവിതകൾ എഴുതിക്കുമായിരുന്നു. "ഉക്കാസ്" എന്ന സ്ഥലത്തു വർഷംതോറും നടത്തിവന്നിരുന്ന സാഹിത്യ പരിഷത്തിൽ ഒന്നാം സമ്മാനം ലഭിച്ച കവിതയെ സ്വർണ്ണലിപിയിൽ രേഖപ്പെടുത്തി പ്രോത്സാഹനാർത്ഥം "കാബാ"യിൽ തൂക്കി പ്രകീർത്തനം ചെയ്തു വന്നിരുന്നു. ഇതാണ് സുപ്രസിദ്ധമായ "മുഅല്ലക്കാത്തു" (തൂക്കപ്പെട്ടവ) എന്ന കവിതകൾ. കവികളുടേയും കവിതകളുടെയും ചരിത്രത്തെപ്പറ്റി "ഇസ്ഫഹാനീ" എഴുതിയ ൨൧ വാല്യമുള്ള "അൽ അഗാനീ" എന്ന പുസ്തകവും, കവിതാരചനാസമ്പ്രദായത്തെപ്പറ്റി സുപ്രസിദ്ധ കവിയായ "ഇബ്നുറഷീഖ്" രചിച്ച "അൽഉംദാ" എന്ന രണ്ടു വാല്യമുള്ള ഗ്രന്ഥവും മററും പദ്യകവിതാനിർമ്മാണ വിഷയത്തിൽ അറബികൾക്കുണ്ടായിരുന്ന അഭിരുചിയെ തെളിയിക്കുന്നു. പണ്ടത്തെ അറബിസാഹിത്യം മുഴുവൻ വെറും പദ്യ കവിതകളായിരുന്നു. (അറബികൾക്കു ലഭിച്ച ആദ്യത്തെ ഗദ്യസാഹിത്യം പരിശുദ്ധ ഖുർആൻ ആണ്) അനന്തര കാലത്തു ഓരോ കവിയുടെയും കൃതികളേ ശേഖരിച്ച് ആ കവിയുടെ "ദീവാൻ" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. (ഇവിടെ ദീവാൻ എന്ന പദത്തിനു പദ്യഗ്രന്ഥം എന്നാണ് അർത്ഥം) ദീവാനുഅന്തറാ, ദീവാനുഹസ്സാൻ, ദീവാനു അബിൽഅലാ തുടങ്ങിയ ദീവാനുകൾ ഇതിനുദാഹരണങ്ങളാണ്. ഇക്കൂട്ടത്തിൽ ഒരു യുവകവിയായ "ഖൈസിൻെറ ദീവാനാണ് ഈ ലേഖനവിഷയമായ "ദീവാനു ഖൈസ്"

### യുവകവിയായ ഖൈസ്

നജ്ദിലെ ബനൂ ആമീർ ഗോത്രത്തിൽ ജാതനായ ഖൈസ് (മജ്നൂൻ) തൻെറ ഏഴാമത്തെ വയസ്സു മുതൽ കവിത ഉണ്ടാക്കിത്തുടങ്ങി. അന്നത്തെ അമവിഖലിഫാമാരുടെ ഭരണത്തിനെതിരായ ഷിയ്യാ വാദത്തെയും മററും ആസ്പദമാക്കി രസക

രമായ കവിതകൾ രചിച്ചു പോന്ന ആ ബാലൻെറ കവന പാടവം പ്രശംസനീയം തന്നെയായിരുന്നു. ബാലദശ വിട്ട തോടുകൂടി നമ്മുടെ കവി ഒരു പ്രഭു പുത്രിയായ "ലയ്ല" (ഒരു യുവ കവയിത്രി) യിൽ പ്രണയം കൊണ്ടു പരവശനാവുകയും തന്നിമിത്തം അനന്തരകാലത്തുണ്ടായ തൻെറ കൃതികൾ, ലയ്ലയുടെ ലാവണ്യം അവളുടെ കൂടാരം പാർപ്പിടം മുതലായവയുടെ വർണ്ണനകളും, പ്രേമലഹരി നിമിത്തം അസ്വസ്ഥനായി കാട്ടിലും മലയിലും അലഞ്ഞു നടന്നപ്പോൾ അവിടെ കണ്ട വൃക്ഷങ്ങളോടും, പ്രാവ്, മാൻ മുതലായ പക്ഷി മൃഗാദികളോടും ഉള്ള സംഭാഷണവും മാത്രമായിത്തീർന്നു. അതിനെപ്പററി ഖൈസിൻെറ കവിതയിൽ ഇങ്ങനെ കാണുന്നു. "എന്നെ സ്നേഹിച്ചിരുന്ന കവിതാ ദേവി ഇതാ എന്നിൽ നിന്ന് അകന്നു പോയിരിക്കുന്നു. അതു ഞാൻ ലയ്ലയേ സ്നേഹിച്ചതു കൊണ്ടായിരിക്കാം" പിന്നീട് അനുരാഗരോഗം നിമിത്തം ഖൈസ് യൗവനാരംഭത്തിൽ തന്നെ ഇഹലോകവാസം വെടിയുകയും, അങ്ങനെ ഈ യുവകവിയിൽ നിന്ന് ആശിക്കാമായിരുന്ന അനന്തര ഫലങ്ങൾ അറബി സാഹിത്യത്തിനു നഷ്ടപ്പെട്ടു പോകയും ചെയ്തു.

### ലയ്ലാ മജ്നൂൻ കഥ

സുപ്രസിദ്ധമായ "ലയ്ലാമജ്നൂൻ" എന്നകഥയുടെ മൂലഗ്രന്ഥം ദീവാനുഖൈസ് ആണ്. ഇതിൽ അറുനൂറോളം പദ്യങ്ങൾ ഉള്ളവയിൽ ഏതാനും ലയ്ലയുടേതും കൂടിയാണ്.* ഈ പ്രണയികൾ പരസ്പരം എഴുതിട്ടുള്ള പ്രേമലിഖിതങ്ങൾ പദ്യരൂപത്തിൽ ആയിരുന്നു. ഈ ദീവാനും അതു ശേഖരിച്ച ആളിൻെറ കുറിപ്പുകളും പരിശോധിച്ചാൽ അതിൽ നിന്നു കിട്ടുന്ന കഥാസാരം താഴെ ചേർക്കുന്നു.

### കഥാസാരം

ഹിജ്റാബ്ദം 80ൽ(എ. ഡി.700)മദ്ധ്യ അറബിയായിലെ "നജ്ദ്" എന്ന സ്ഥലത്തുള്ള ഒരു മലമ്പ്രദേശത്തു "മുലവ്വഹ്" എന്നൊരു ഇടപ്രഭു ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ മൂന്നാമത്തെ പുത്രൻ ഖൈസ് കോമളനും, ബാല്യത്തിലേതന്നെ ഒരു കവിയും ആയിരുന്നു. ഒരു ദിവസം ഖൈസ് നായാട്ടു കഴിഞ്ഞു മടങ്ങിവരവേ ഒരു തടാകത്തിൻെറ കരയിൽ വിശ്രമിച്ചു. അല്പംഅകലേ ഏതാനും ബാലികമാർ കളിയിലും വിനോദത്തിലും ഏർപ്പെട്ടിരിക്കുന്നതുകണ്ടിട്ട് ആ യുവാവ് അങ്ങോട്ടു നടന്നുചെന്നു. ആ കൂട്ടത്തിലുണ്ടായിരുന്ന "ലയ്ല"യിലാണ് അയാളുടെ ദൃഷ്ടി പെട്ടെന്നു പതിഞ്ഞതു്.

ലയ്ല വലിയ സൗന്ദര്യവതിഅല്ലായിരുന്നുവെങ്കിലും അവളുടെ കണ്ണും കവിൾത്തടവും ആകർഷണശക്തിയുള്ളവയായിരുന്നു. ഇരുനിറം, പൊക്കം കുറഞ്ഞശരീരം, കറുത്ത കണ്ണു, വലതുകവിളിൽ വലിയൊരു കറുപ്പടയാളം ഇങ്ങനെയാണ് ലയ്ലയുടെ സ്വരൂപം. മുഖത്തുള്ള കറുപ്പടയാളമാണ് ഖൈസിനെ ആകർഷിച്ചതു്. അയാളുടെ കവിതയിൽ ഇങ്ങനെ കാണുന്നു. "ലയ്ലയുടെ മുഖം കറുപ്പടയാളംകൊണ്ടു് വിരൂപമായതാണെന്നു ആളുകൾ പറയുന്നു. എന്നാൽ കസ്തൂ

* ചില വേദാന്തപുസ്തകങ്ങളിലും വ്യാകരണഗ്രന്ഥങ്ങളിലും ഖൈസിൻെറ കവിതകൾ ഉദാഹരണത്തിനു ചേർത്തിട്ടുണ്ടു്. അവയിൽ പലതും ദീവാനുഖൈസിൽ കാണാത്തതിനാൽ ഖൈസിൻെറ എല്ലാകവിതകളും ദീവാനിൽ ശേഖരിച്ചിട്ടുണ്ടെന്നു തീർത്തുപറയാവതല്ല. (ലേ)

രിയുടെ നിറം കറുപ്പാണെന്നു അവർ അറിഞ്ഞിട്ടില്ലായിരിക്കുമോ?'' ലയ്‌ലയുടെ വാക്‌ചാതുര്യം ഖൈസിനെ അവളിൽ അനുരക്തനാക്കിത്തീർത്തു. ലയ്‌ലയേയും കൂട്ടുകാരികളേയും സൽക്കാരിക്കാനായി ഖൈസ്, തന്റെ പക്കൽ ഉണ്ടായിരുന്ന മാംസം കനലിൽ വേകിച്ചുകൊണ്ടിരിക്കവേ കൈക്കൊരു തീപ്പൊള്ളൽ ബാധിച്ചു. ഇതുകണ്ട ലയ്‌ല പെട്ടെന്നുവേണ്ട പ്രഥമശുശ്രൂഷകൾ ചെയ്യുകയും തന്റെ മേൽപുടവയുടെ അററം വലിച്ചുകീറി പൊള്ളിയ ഭാഗം പൊതിഞ്ഞു കെട്ടുകയും ചെയ്തു. ഇത്രയും ആയതോടുകൂടി അവർ പരസ്പരാനുരാഗത്താൽ ബന്ധിക്കപ്പെട്ടു കഴിഞ്ഞു. (ഈ സംഭവത്തിനു ഒരു കവി ഹൃദ്യമായ രീതിയിൽ ഇങ്ങനെ ഭാവപ്പകർച്ച് വരുത്തിക്കാണുന്നു. ''ലയ്‌ലയും മജ്നൂനും ഒരു പള്ളിക്കൂടത്തിൽ പഠിച്ചിരുന്നു. അന്നൊരിക്കൽ മജ്നൂൻ, ലയ്‌ലയ്ക്കു പേനവെട്ടി ശരിപ്പെടുത്തിയപ്പോൾ അയാളുടെ വിരൽ മുറിയാനിടയായി. കേവലം ബാലയായ ലയ്‌ല ഉടൻ അനുകമ്പാപൂർവ്വം വേണ്ട പ്രതിവിധികൾചെയ്തു് കൂട്ടത്തിൽ തന്റെ സാരിയുടെ ഒരു തുമ്പു കീറിഎടുത്തു മുറിവു വച്ചു കെട്ടിക്കൊടുത്തു'') ഇവർ ബാല്യത്തിലേ തന്നെ പരസ്പരം സ്നേഹമുള്ളവരായിരുന്നുവെന്നു കാണിക്കുന്ന ചില ഭാഗങ്ങൾ ദീവാനിലും ഇല്ലാതില്ല, അതിൽ ഒരുവരി ഇങ്ങനെയാണ്. ''അല്ലയോ ലയ്‌ല! നാം ബാല്യത്തിൽ മണൽപ്പുറത്തിരുന്നു കളിച്ച പാടുകളെ കാററു മായ്ച്ചുകളഞ്ഞിരിക്കുന്നു....''

ഖൈസിന്റെ പിതാവു് മുലവ്വഹ്, ലയ്‌ലയുടെ പിതാവു് മഹ്ദിയും ഒരു ഗോത്രക്കാരും അടുത്ത ബന്ധുക്കളും ആയിരുന്നു. എങ്കിലും ഈ പ്രേമവാർത്ത മഹ്ദിയെ വല്ലാതെ ക്ഷോഭിപ്പിക്കയും അയാൾ പുത്രിയേയും കൊണ്ടു് ഖൈസിന്റെ പാർപ്പിടത്തിനകലേയുള്ള ഒരു കാട്ടുപ്രദേശമായ ''തൗബാദ്'' എന്ന സ്ഥലത്തുപോയി താമസം ഉറപ്പിക്കയും ചെയ്തു. ലയ്‌ലയേ കാണാൻ നിവൃത്തിയില്ലാതായതിനാൽ ദുഃഖപരവശനായ ഖൈസ് ക്ഷീണിച്ചു മെലിഞ്ഞുതുടങ്ങി. പുത്രന്റെ അന്തർഗ്ഗതം ഗ്രഹിച്ച മുലവ്വഹ്, നൂറു് ഒട്ടകം മഹ്ദിക്കു പാരിതോഷികമായി അയച്ചു കൊടുത്തിട്ടു്, ലയ്‌ലയേ ഖൈസിനു വിവാഹം ചെയ്തുകൊടുക്കണമെന്നപേക്ഷിച്ചു. പക്ഷേ മഹ്ദി ആ അപേക്ഷയെ സ്വീകരിച്ചില്ല. അതിനു രണ്ടു കാരണം ഉണ്ടായിരുന്നു. ഒന്നു, അനുരാഗാനന്തരമുള്ള വിവാഹം ആക്ഷേപകരമായ ഒരു ഹീനാചാരമായിട്ടാണ് അവിടത്തെ അറബികൾ ഗണിച്ചുവന്നിരുന്നതു്. മറേറതു മുലവ്വഹ് ഷിയ്യായും, മഹ്ദി ഒരു സുന്നിയും ആയിരുന്നുവെന്നുള്ളതാണ്.

ഖൈസ് ഇതിനിടെ തൗബാദിൽ എത്തി ആ പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ വിവരം അറിഞ്ഞ ലയ്‌ല തന്റെ തോഴിയേ അയച്ചു ഖൈസിനെ തന്റെ പാർപ്പിടത്തിനടുത്തുള്ള ഒരു തോട്ടത്തിൽ വരുത്തിക്കാണുകയും ഇരുവരും തങ്ങളുടെ ദുഃഖങ്ങളേയും ദുർവിധിയേയും പററി പരസ്പരം സംസാരിച്ചു പിരിയുകയും ചെയ്തു. ഈ വാർത്തയും മഹ്ദി അറിയാനിടയായി. തന്റെ പുത്രി ഒരു കാമുകനുമായി അനുരാഗബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നുള്ള ഈ ആക്ഷേപത്തിനു പരിഹാരമായി അയാൾ ലയ്‌ലയേ അവിടത്തെ ഒരു പ്രമാണിയുടെ പുത്രനു വിവാഹം ചെയ്തു കൊടു

ത്തു. അനന്തരം വിവാഹിതയായ തന്റെ പുത്രിയെക്കുറിച്ച് ഖൈസ് കവിതകൾ ഉണ്ടാക്കി പ്രചരിപ്പിക്കുന്നു എന്നും മററും ഖലീഫയുടെ സമക്ഷം മഹ്ദി സങ്കടം ബോധിപ്പിച്ചു. അന്നത്തെ ഖലീഫാ അമവിവംശജനായ അബ്ദുൽ മലിക്ക് ബിൻമർവാൻ ആയിരുന്നു. ഖലീഫയാകട്ടെ ഖൈസിനെ പിടിച്ചുകൊണ്ടുവരാൻ ആളയയ്ക്കുകയും ചെയ്തു. പക്ഷേ ലയ്ലയുടെ വിവാഹവാർത്ത അറിഞ്ഞ ഖൈസ് ഒരു ഭ്രാന്തനായി ഇതിനിടെ കാടുകേറിക്കഴിഞ്ഞിരുന്നു. അതു മുതല്ക്കാണ് ഖൈസിനെ ആളുകൾ "മജ്നൂനുലയ്ല" (ലയ്ലയുടെ ഭ്രാന്തൻ) എന്ന് വിളിച്ചുതുടങ്ങിയതു്. മുലവ്വഹ മജ്നൂനെ കാട്ടിൽനിന്നു കൊണ്ടുപോയി വേണ്ട ചികിത്സകൾ ചെയ്യുകയും മക്കായിൽ അയച്ചു താമസിപ്പിച്ചു നോക്കുകയും ചെയ്തുവെങ്കിലും ഫലം ഒന്നും ഉണ്ടായില്ല.

വിവാഹം നടന്ന ദിവസം മുതൽ അതികഠിനമായ രോഗംബാധിച്ചു ഇഹലോകസുഖം വെടിയേണ്ടിവന്ന ലയ്ല ഒടുവിൽ ഇഹലോകവാസവും വെടിഞ്ഞു. അധികം താമസിയാതെ തന്നെ ലയ്ലയുടെ ശവകുടീരത്തിനടുത്തുള്ള ഒരു പാറക്കെട്ടിനിടയിൽ മജ്നൂന്റെ മൃതശരീരവും കാണപ്പെട്ടു. പിന്നെ ജനങ്ങളുടെ സൌജന്യത്താൽ ലയ്ലയുടെ അന്തിമശയനസ്ഥാനത്തിനടുത്തു തന്നെ മജ്നൂന്റെ ശരീരത്തിനും ശയിക്കാൻ ഇടം ലഭിച്ചു. മജ്നൂന്റെ കവിതകളിലെ ഒരു വരിയിൽ ഇങ്ങനെ ഒരാശാപ്രകടനം കാണുന്നുമുണ്ട്. "മരിച്ചുപോയതിനു ശേഷമെങ്കിലും എന്റെയും ലയ്ലയുടെയും പാർശ്വാസ്ഥികൾക്കൂടിക്കലർന്ന് ഒരിടത്തു കിടക്കാൻ സാധിക്കുമോ?"

കഥയുടെ പ്രചാരം

അറബിയിലെ "മജന്നൂനുലയ്ലയുടെ" (ലയ്ലയുടെ ഭ്രാന്തന്റെ) വൃത്താന്തം തന്നെയാണു് പെഷ്യൻ ഭാഷയിലും ഹിന്തുസ്ഥാനിയിലും മററും പ്രചാരത്തിലിരിക്കുന്ന ലയ്ലാമജ്നൂൻ എന്ന കഥ. മലയാളത്തിലും ഈയിടെ ഈ ആഖ്യാനം "ലീലയും മദനനും" എന്ന പേരിൽ സഹൃദയയിൽ തന്നെ എഴുതിക്കണ്ടു. മഹാകവി കുമാരനാശാന്റെ ലീലയിലെ കഥാപാത്രങ്ങളായ ലീലയും മദനനും ലയ്ലയും മജ്നൂനും തന്നെയെന്നു കഥയിൽ നിന്നു നിശ്ചയിക്കേണ്ടിയിരിക്കുന്നു. ലീലയിലെ കഥയുടെ ഉത്തരഭാഗത്തിന്റെ പോക്കു് മജ്നൂനുലയ്ലയേ അനുകരിച്ചു മററുകഥാകാരന്മാരുടെ മനോഗതിക്കു കുറെയൊക്കെ വിയോജിച്ചിട്ടാണു് കാണുന്നതും. വർണ്ണനകൾ പലതും അവരുടേതിനേക്കാൾ മെച്ചമായിട്ടുണ്ടു്. ലയ്ലയുടെ ഭർത്താവ് അവളോടു ചെയ്ത പ്രണയപ്രാർത്ഥനകൾ ഒരു വിഗ്രഹാരാധകൻ മനോഹരമായ "ഒരു വിഗ്രഹത്തെ പ്രദക്ഷിണംവച്ചു തന്റെ അഭിലാഷത്തെ കോണുതാണപേക്ഷിച്ചപോലെയായിരുന്നു" എന്നു് സുപ്രസിദ്ധകവിയായ 'അഹമദ്ഷൗഖീ' വർണ്ണിക്കുന്നു. എന്നാൽ ആശാന്റെ ലീലയിൽ ഈ സംഗതിയെ തന്നെ വർണ്ണിക്കുന്നതു ഇങ്ങനെയാണു്.

"ഘടനപതി വിലാസി ചെയ്കിലും
പിടമൃഗനേത്ര കൃപാർദ്രയാകിലും
സ്ഫുടമകമലിയാതെ മേവിനാൾ
തടശിലപോലെ തരംഗലീലയിൽ"

ഈ ഭാഗം അതിനേക്കാൾ എല്ലാംകൊണ്ടും മനോഹരമായിരിക്കുന്നു.

ഖൈസിന്റെയും ലയ്ലയുടെയും പ്രണയവാർത്ത നോവലുകൾ, നാടകങ്ങൾ,

ചെറുകഥകൾ എന്നിങ്ങനെ അറബിയിലുംമററുപല ഭാഷകളിലുമായി സാഹിത്യാകലേത്തു നൂററുകണക്കിനു ചെറുപുസ്തകങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. ഇവ തൽകർത്താക്കന്മാരുടെ ഹിതാനുസരണം അതാതു ഭാഷയ്ക്കും നാട്ടിനും ഒത്തപടിയുള്ള വേഷപ്പകച്ച്യോടുകൂടിയാണ് കാണപ്പെടുന്നതു്. സുപ്രസിദ്ധ തമിഴ് നോവലെഴുത്തുകാരിയായ "കോതനായകി അമ്മാള്"ടെ 'ചാരുലോചന' എന്ന ഒരു തമിഴ്നോവൽ ഇതെഴുതുന്ന ആൾ ഇയ്യിടെ വായിക്കയുണ്ടായി. അഞ്ഞൂറുപുറത്തോളമുള്ള ഈ നാവലിലെ കഥയും നമ്മുടെ ലയ്ലയുടെയും മജ്നൂൻെറയും വൃത്താന്തംതന്നെയാണ്. 'ജയമണി' 'ചാരുഹാസ'ൻ എന്നിങ്ങനെ രണ്ടുപേരാണ് കഥയിലെ നായികാനായകന്മാർ. സംഭവസ്ഥലവുംമററും വ്യക്തമായി പറയുന്നില്ലെങ്കിലും അടയാറിലെ തിയാസഫിതോട്ടത്തിലുള്ള പ്രസിദ്ധ അരയാലിൻെറ ചുവട്ടിൽ നായികാനായകന്മാരിരുന്നു സംഭാഷണം ചെയ്യുന്നുണ്ട്. ഇതിലെ കഥാസാരം ഇങ്ങനെയാണ്.

*"വലിയ സ്വത്തൊന്നുമില്ലെങ്കിലും മാന്യകുടുംബത്തിൽ ജനിച്ച ജയമണി സൗന്ദര്യത്തിലും സംസ്കാരത്തിലും ബുദ്ധിവൈദഗ്ദ്ധ്യത്തിലും നിസ്തുല്യയായിരുന്നു. കാലോചിതമായി അവശ്യംവേണ്ട വിദ്യാഭ്യാസം ചെയ്തിട്ടുള്ളതിനു പുറമേ സംഗീതകലയിൽ സാമർത്ഥ്യവും നേടിയിരുന്ന ജയമണിക്ക് ഡാക്ടർ ചാരുഹാസൻ (എം ബി. ബി. എസ്.) എന്ന അതിസുന്ദരനായ ഒരു യുവാവിൽ പ്രേമം ജനിച്ചു. ജയമണി ശിശുവായിരുന്ന കാലംമുതൽ ചാരുഹാസനു അവളോടുണ്ടായിരുന്ന സ്നേഹം കാലക്രമത്തിൽ പ്രേമമായി കലാശിച്ചു. അവൾ ഒരു കുഞ്ഞായിരുന്നപ്പോൾ മധുരപദാർത്ഥങ്ങളുംമററും വാങ്ങിക്കൊടുത്തു സന്തോഷിപ്പിച്ചിരുന്ന ചാരുഹാസൻ ഒടുവിൽ അവൾക്കു് ഒരു വൈരമോതിരം സമ്മാനിച്ച് തൻെറ അനുരാഗത്തെ വെളിപ്പെടുത്തി. ചാരുഹാസൻെറ പിതാവ് ഒരു കുബേരനാണ്. ദാരിദ്രയായ ജയമണിയുടെ ഗൃഹത്തിലേയ്ക്കുള്ള തൻെറ പുത്രൻെറ പോക്കുവരവു പ്രഭുവിനു വലിയ വെറുപ്പായിരുന്നു. മാത്രമല്ല ചാരുഹാസൻെറയും ജയമണിയുടെയും വീട്ടുകാർ വളരേക്കാലമായി ശത്രുക്കളുമാണ്. ചാരുഹാസനു പലേ വിവാഹാലോചനകൾ വന്നുവെങ്കിലും അയാൾ അതിനൊന്നും വഴിപ്പെട്ടില്ല. "ജയമണിയെ അല്ലാതേ വേറേ വിവാഹകാര്യം തനിക്കു് ആലോചിക്കേണ്ട" എന്നു അയാൾ തൻെറ മാതാവിനോടു പറയുകയും ചെയ്തിരുന്നു. ജയമണിയുടെ ഇങ്ഗിതം അറിഞ്ഞ അവളുടെ മാതാപിതാക്കന്മാർ, ചാരുഹാസൻെറ പിതാവിനോട് ആളയച്ചു വിവാഹകാര്യം ആലോചിച്ചു നോക്കി. പക്ഷേ അയാൾ വിസമ്മതിക്കയാണ് ചെയ്തതു്. ഒടുവിൽ ജയമണിയുടെ പിതാവു് അവളേ കുബേരനായ ഒരു ഉദ്യോഗസ്ഥനു വിവാഹം ചെയ്തുകൊടുത്തു. പെൻഷൻ പററാൻ കാലമായിരുന്ന ഈ വരൻ ഇതിനു മുമ്പു രണ്ടു സ്ത്രീകളേ വിവാഹം കഴിക്കുകയും സന്താനശൂന്യകളായ ആ രണ്ടു പേരും കാലഗതിയെ പ്രാപിക്കയും ചെയ്തിരുന്നു.

* എസ്. എം. വി സ്കൂളിലെ തമിഴ്‌വിദ്യാർത്ഥികൾ ഹെഡ്മാസ്റ്റർ എ. ശങ്കരപ്പിള്ള മെമ്മോറിയൽ ഫണ്ടിനായി ഇയ്യിടെ ഈ കഥ ടൗൺഹാളിൽവെച്ചു അഭിനയിക്കയുണ്ടായി.

# ഇരുട്ട്

തിക്കറിശ്ശി സുകുമാരൻ നായർ

ഗീതകം.

ഏതു നഗ്നതയേയും മൂടുവാനെവിടന്നി-
പ്പാതിരാത്രിയിൽ പറന്നെത്തി ഹാ! തമസ്സേ നീ
അക്കര കാണാതുള്ളൊരിക്കമ്മെ പ്രപഞ്ചത്തെ
യദ്ഭുതമൊരു കരിശ്ശീലയാൽ മറച്ചു നീ
ഉച്ചനീചത്വം നിനക്കില്ലല്ലോ, നിരൂപിച്ചാ-
ലിഷ്ടുപോലവേ നീയോ സമത്വം പാലിക്കുന്നു.
ഉണ്മയിൽ, മററെല്ലാരുമുറങ്ങിക്കോട്ടേ, വരൂ
നമ്മൾക്കു പരസ്പരം നമ്മസല്ലാപം ചെയ്യാം.
വെള്ളിനക്ഷത്രത്താരു വിരിയും വരേയ്ക്കിനി
വെല്ലുകില്ലാരും, വെന്നിക്കൊടി നീ പറത്തിക്കു!!
പ്രാതരംശുക്കളൊന്നിച്ചുതിന്നാലിരുളേ! ചെ-
ന്നേതൊരു മനുഷ്യൻെറ മനസ്സിൽ പതിക്കും നീ?
സത്യനിമ്മല സ്നേഹദീപത്തിൽ കൊളുത്തിയ
കൈത്തിരി കണ്ടാൽ പോലും നീയെത്ര പേടിക്കുന്നു.

---

ഈ വിവാഹ ജീവിതം നയിക്കാൻ ഇഷ്ടമില്ലാതിരുന്ന ജയമണി വിഷം കുടിച്ചു വിമോചനം നേടുകയും, ഇതറിഞ്ഞ ചാഫാസൻ ഹൃദയസ്തംഭനം മൂലം നഷ്ടജീവനാകുകയുംചെയ്തു.''

ലയ്ലാമജ്നൂൻ കഥ ഒരു പെഷ്യൻ സാഹിത്യകാരൻ നിമ്മിച്ചതാണെന്നു തെററിദ്ധരിച്ചിട്ടുള്ളവരും നമ്മുടെ ഇടയിൽ ഇല്ലാതെയില്ല. പെഷ്യൻ സാഹിത്യത്തിൽ ഈ കഥയ്ക്കു് സിദ്ധിച്ചിട്ടുള്ള പ്രചാരമാണ് അതിനു കാരണം. ഈ ചരിതത്തിൻെറ യാഥാത്ഥ്യത്തെ പററി ആരാഞ്ഞിട്ടു പലേ അറബി വിമശകന്മാരും പലതും എഴുതീട്ടുണ്ടു്. എന്നാൽ അവയൊക്കേ അഭിപ്രായവ്യത്യാസങ്ങളോടുകൂടിയവയാണ്. ഏതായാലും ഉൽനാട്ടിലെ ചാരിത്രശുദ്ധിയോടുകൂടിയ അനുരാഗത്തിനു ഈ കഥ നല്ല ഒരു മാതൃകയാണെന്നുള്ളതിൽ അവരിലാക്കും ഭിന്നാഭിപ്രായമില്ല.

ഇത്ര പ്രചാരത്തിലിരിക്കുന്നതും, ഈ അടുത്ത കാലത്തു മലയാള സാഹിത്യത്തിലും കൂടി സ്ഥലം പിടിച്ചു വരുന്നതുമായ ലയ്ലാ മജ്നൂൻ കഥയുടെ ശരിയായ ആഗമം വായനക്കാരേ അറിയിക്കാമെന്നുള്ളതുമാത്രമാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

# കവിതയിൽ അലങ്കാരത്തിനുള്ള സ്ഥാനം

ഇടയാറന്മുള കെ. എം. ഡാനിയൽ.

മേഘങ്ങളിൽനിന്നും പലയിടത്തുമായി പൊഴിയുന്ന ജലകണങ്ങൾ എല്ലാം ഒരുപോലെതന്നെയായിരിക്കുമെങ്കിലും അവയിൽവച്ച് സമുദ്രത്തിലുള്ള ശുക്തിയുടെ അന്തർഭാഗത്തു വീഴുന്നവ മനോമോഹനങ്ങളായ മൗക്തികങ്ങളായി ചമയുന്നു. അരുണകിരണങ്ങൾ സർവത്ര പ്രസരിക്കുന്നുണ്ടെങ്കിലും, സൂര്യകാന്തോപലത്തിൽ തട്ടുമ്പോൾ അദ്ഭുതകരമായ ഒരു തേജോവിശേഷത്തെ സമുദ്ഗമിപ്പിക്കുന്നു. ഇവയ്ക്കു കാരണം, ശുക്തിക്കും സൂര്യകാന്തക്കല്ലിനുമുള്ള ഏതോ ഒരു് ആഭ്യന്തരശക്തിയാണു്. ഇതുപോലെയുള്ള എന്തോ ഒരു ശക്തിവിശേഷം മനുഷ്യരിലും ചിലർക്കു പ്രത്യേകമായുണ്ടു്. അങ്ങനെയുള്ള ഒരു മനുഷ്യന്റെ ഹൃദയത്തിൽ ബാഹ്യജഗത്തു് അതിന്റെ വ്യാപാരംകൊണ്ടു് ഒരു നവലോകത്തെ സൃഷ്ടിക്കുന്നു. പ്രകൃതിയിലെ ഓരോ സംഭവവും പ്രകൃതിയുടെ ഓരോ അംഗവും- അതു മധുരവും സുന്ദരവുമായിരുന്നാൽ-അവനെ വിവിധവികാര വീചീവിക്ഷുബ്ധനും ഭാവനാശക്ത്യുത്തേജിതനുമാക്കിത്തീർക്കുന്നു. അങ്ങനെ അവൻ ആന്തരികവും അപ്രമേയവും അവ്യാഖ്യേയവുമായ ശക്തിവിശേഷത്തിന്റെ പ്രചോദനത്താൽ സൗന്ദര്യസാരസർവസ്വങ്ങളായ ചില രൂപങ്ങൾ സൃഷ്ടിക്കുന്നു. ഈ രൂപങ്ങളെ അവൻ വാക്കുകളിലൂടെ പ്രകാശിപ്പിക്കുമ്പോൾ കവിത സമുത്പന്നമാകുന്നു. ബാഹ്യജഗത്തിന്റെ വ്യാപാരങ്ങൾ നമ്മുടെ ചിത്തവല്ലകിയുടെ തന്ത്രികളെ സ്പന്ദിപ്പിക്കുമ്പോൾ അവയിൽനിന്നു പൊങ്ങുന്ന വിവിധരാഗങ്ങളുടെ ഒരു പ്രകടനമാണു സാഹിത്യമെന്നു സാമാന്യമായിപ്പറയാം. അങ്ങനെ കവിസൃഷ്ടി, അതിന്റെ സൗന്ദര്യാംശത്തിലും ഹ്ലാദൈകമയീത്വത്തിലും ബ്രഹ്മസൃഷ്ടിയെ അതിശയിക്കുന്നു.

"അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം
തഥേദം പരിവർത്തതേ."

എന്ന അഗ്നിപുരാണവാക്യവും

"നിയതികൃത നിയമരഹിതാം
ഹ്ലാദൈകമയീമനന്യപരതന്ത്രാം
നവരസരുചിരാം നിർമ്മിതി—
മാദധതീ ഭാരതീ കവേർ ജയതി"

എന്ന മമ്മടഭട്ടസൂക്തിയും ഈ തത്വത്തിൽ തന്നെയാണു് അടിയുറച്ചിട്ടുള്ളതു്.

ഭാരതീയ സാഹിത്യത്തിലുള്ളതുപോലെ അലംകൃതിപ്രയോഗപ്രാചുര്യം മററു സാഹിത്യങ്ങളിൽ കാണാത്തതിനാൽ തത്കാലം ഭാരതീയകവിത മാത്രമാണു ഇവിടെ പ്രതിപാദ്യമായിട്ടുള്ളതു്. കവിതയ്ക്കു ലക്ഷണം കല്പിക്കുന്ന വിഷയത്തിൽ സംസ്കൃതസാഹിത്യശാസ്ത്രജ്ഞന്മാരായ ആചാര്യന്മാരിൽ പലരും പലമതത്തെ സ്വീകരിക്കുന്നു. സ്വമതസ്ഥാപനത്തിനു് ഇതരമതഖണ്ഡനവും അവരിൽ ഓരോരുത്തരും ചെയ്തിട്ടുണ്ടു്. "ശബ്ദാർത്ഥൗ സഹിതൗ കാവ്യം" എന്നു ഭാമഹൻ കാവ്യത്തെ നിർവചിക്കുന്നു. ശബ്ദാർത്ഥങ്ങൾ ഭംഗിയായി ഇണങ്ങിച്ചേർന്നിട്ടുള്ളതു് ഏതോ അതാണത്രേ സാഹിതീവിദ്യ. ഇഷ്ടാർത്ഥവ്യവച്ഛിന്നയായ പദാ

വലിയാണ കാവ്യം എന്നു ദണ്ഡിയും, രമണീയാൎത്ഥത്തെ പ്രതിപാദിക്കുന്ന ശബ്ദം കാവ്യമാകുന്നു എന്നു പണ്ഡിതരാജനും, രസാത്മകമായ വാക്യമാണ കാവ്യം എന്നു വിശ്വനാഥകവിയും അഭിപ്രായപ്പെടുന്നു. ഇങ്ങനെ നോക്കിയാൽ കാവ്യത്തിന്റെ അൎത്ഥം രമണീയമായിരിക്കണം എന്ന അഭിപ്രായത്തിൽ ആരും ഭിന്നിക്കുന്നില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

കവിതയുടെ ഉത്പത്തിയെക്കുറിച്ചും കാവ്യത്തിനു പ്രാചീന സാഹിത്യാചാൎയ്യന്മാർ നല്കുന്ന നിൎവചനങ്ങളെക്കുറിച്ചും ഈ വിധം ആലോചിച്ചാൽ കവിതയിൽ അലങ്കാരത്തിനുള്ള സ്ഥാനം എത്ര തുച്ഛമാണെന്നു നമുക്കു മനസ്സിലാകുന്നതാണ്. എങ്കിലും, ജഗന്നാഥ പണ്ഡിതർ പറയുന്ന കാവ്യജീവിതമായ രമണീയത ഉണ്ടാകുന്നതിന് അത്യന്താപേക്ഷിതമായ മാൎഗ്ഗം അലങ്കാരമാണെന്നു വാദിക്കുന്ന ആലങ്കാരികന്മാർ അനവധിയാണ്.

അലങ്കാരസ്ഫുരണത്തോടും ദോഷാഭാവത്തോടും ഗുണത്തോടും കൂടിയതാണ കാവ്യം എന്ന് ഉദ്ഘോഷിക്കുന്ന അഗ്നിപുരാണ കൎത്താവും, "ഗുണാലങ്കാരസഹിതൗ ശബ്ദാൎത്ഥൗ ദോഷവൎജ്ജിതൗ" എന്നു കാവ്യത്തിനു നിൎവചനം കല്പിക്കുന്ന വിദ്യാനാഥനും, അലങ്കാര സിദ്ധാന്തോപജ്ഞാതാവെന്നു വിശ്വസിക്കപ്പെടുന്ന ഭാമഹനും, "തദദോഷൗ ശബ്ദാൎത്ഥൗ സഗുണാവനലംകൃതീ പുനഃകാപി" എന്ന് അഭിപ്രായപ്പെടുന്ന മമ്മടഭട്ടനും അപരിഗണനീയന്മാരല്ലല്ലോ. രസമാണ രാമണീയകനിൎമ്മാണത്തിന് ഏററവും ഉപയുക്തമായ മാൎഗ്ഗമെന്നു ഭരതമുനി, രുദ്രഭട്ടൻ, രാജശേഖരൻ, ഭോജരാജൻ, വിശ്വനാഥൻ മുതലായവർ ശക്തിയുക്തം വാദിക്കുമ്പോൾ, രസവും ഒരലങ്കാരമാണെന്നും അതിനു രസവദലംകൃതി എന്നു നാമധേയം കല്പിക്കാമെന്നും അലങ്കാരസിദ്ധാന്തവാദികൾ ഉദ്ഘോഷിക്കുന്നു. ധ്വനി, ഉത്തമകാവ്യത്തിനു അത്യന്താപേക്ഷിതമാണെന്ന് ആനന്ദവൎദ്ധനൻ സ്ഥാപിക്കുമ്പോൾ, ചില ആലങ്കാരികന്മാർ ധ്വനിയേയും അലങ്കാരകോടിയിൽ ഉൾപ്പെടുത്തുന്നു. രീതിയാണ് കാവ്യത്തിന്റെ ആത്മാവെന്നാണ് വാമനൻ തുടങ്ങിയവരുടെ അഭിമതം.

മനീഷികളായ സാഹിത്യശാസ്ത്രജ്ഞന്മാർ ഇങ്ങനെ വിഭിന്നാഭിപ്രായക്കാരായിരിക്കെ, സാധാരണന്മാരായ സാഹിത്യവിദ്യാൎത്ഥികൾ ഈ അഭിപ്രായങ്ങളിൽ ഏതു ശരി, ഏതു കൂടുതൽ യുക്തിയുക്തം എന്നു തീൎച്ചപ്പെടുത്തുവാൻ ശക്തിയില്ലാതെ വിഷമിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ കവിയുടെ ഹൃദയാന്തർഭാഗത്തുള്ള ചിത്രങ്ങളെ അതേപടി ഭാഷകൊണ്ടു ചിത്രണം ചെയ്യാൻ സാധിക്കാതെ വരുമ്പോഴാണ് അലങ്കാരങ്ങളുടെ സഹായം അഭ്യൎത്ഥിക്കുന്നതു് എന്നുള്ളതു് നിസ്തൎക്കമാണല്ലോ. അതായതു, കവിയുടെ ആശയപ്രകടനത്തിന് കവിക്കു ശക്തിയില്ലാതെ വരുമ്പോൾ കവി അലങ്കാരങ്ങളെ കൂട്ടുപിടിക്കുന്നു എന്നൎത്ഥം. അപ്പോൾ, അലങ്കാരങ്ങൾ പ്രയോഗിക്കുന്നതു കവിയുടെ അശക്തിനിമിത്തമാണെന്നു വന്നുകൂടുന്നു. ഒരു പക്ഷേ, ആശയപ്രകടനത്തിനു കവിക്കു മറെറാരു മാൎഗ്ഗവുമില്ലാതിരിക്കാം. ഏതായാലും, ശബ്ദശരീരത്തോടും, അൎത്ഥജീവ

നോട്ടം, രസാത്മാവോട്ടം കൂടിയ കവിതാംഗനയ്ക്കു് അലങ്കാരങ്ങൾ ഒരു പക്ഷേ സൗന്ദര്യവർദ്ധകങ്ങളാകാമെന്നല്ലാതെ, അലങ്കാരങ്ങൾ കൊണ്ടുമാത്രം കവിതാലലന ഹൃദ്യയായിത്തീരുകയില്ല.

സംസ്കൃതത്തിലെ ഉപമാദ്യലംകാരങ്ങൾ പൊയ്പോയാൽ സംസ്കൃതസാഹിത്യം തന്നെ ഉടച്ചുവാക്കേണ്ടതായി വരും. ഭാരതീയ കവികുലാവതംസമെന്നു സർവ്വജനങ്ങളും ഉച്ചൈസ്തരം ഘോഷിക്കുന്ന കാളിദാസന്റെ നാമം കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ആദ്യമായി ഉദിച്ചു പൊന്തുന്നതു് ആ ദിഗന്തവിശ്രാന്തകീർത്തിയുടെ സരസകോമളങ്ങളും മധുരമധുരങ്ങളുമായ അലങ്കാരപ്രയോഗങ്ങൾ തന്നെയാണു്.

"ദണ്ഡിനഃ പദലാലിത്യം
ഭാരവേരർത്ഥഗൗരവമ്
ഉപമാ കാളിദാസസ്യ
മാഘേ സന്തി ത്രയോ ഗുണാഃ" എന്ന സൂക്തിയും ഈ വസ്തുത തന്നെയാണല്ലോ പ്രസ്താവിക്കുന്നതു്. ഏതെങ്കിലുമൊരു കവിയുടെ അർത്ഥഗാംഭീര്യം വെളിവാക്കുവാൻ അക്കവിയുടെ സുന്ദരങ്ങളായ ചില അലങ്കാരപ്രയോഗങ്ങളാണു സാധാരണ ഉദ്ധരിക്കാറുള്ളതു്. പുനം നമ്പൂരിയെ സ്തുതിക്കുന്നവർ "താരിൽത്തന്വീ കടാക്ഷാഞ്ചല" എന്നു തുടങ്ങുന്ന ശ്ലോകവും, മഴമംഗലം നമ്പൂരിയെ പ്രകീർത്തിക്കുന്നവർ "അമ്പത്തൊന്നക്ഷരാളീ" എന്നു തുടങ്ങുന്ന പദ്യവും, ചെറുശ്ശേരിയെ ഭജിക്കുന്നവർ കൃഷ്ണഗാഥയിലെ അലങ്കാരപ്രചുരങ്ങളായ പല ഭാഗങ്ങളും, ചന്ദ്രോത്സവകാരനെ പുകഴ്ത്തുന്നവർ "ചരമശിഖരി പീഠേ പാടലം നാളികേരം" ഇത്യാദി ഭാഗങ്ങളും, എഴുത്തച്ഛനെ ആരാധിക്കുന്നവർ "വിബുധപതിയൊടു നിശിചരാലയം" എന്നാരംഭിക്കുന്ന ഭാഗവും, രാമായണം ഇരുപത്തിനാലുവൃത്തകാരനെ ഒന്നാംതരം കവിയാക്കാൻ ഉദ്യമിക്കുന്നവർ "സീതയായൊരു കല്പവല്ലി" എന്നു തുടങ്ങുന്ന ശ്ലോകവും, കുഞ്ചൻനമ്പ്യാരെ അതിരററു ബഹുമാനിക്കുന്നവർ "കനലിൽ ചുട്ടെടുത്തോരു കനക" ഇത്യാദി ഭാഗവും, കോട്ടയം തമ്പുരാനെ സ്തുതിക്കുന്നവർ "സുലളിതപദ വിന്യാസാ" എന്നു തുടങ്ങുന്ന ശ്ലോകവും, വലിയകോയിത്തമ്പുരാനെ ദേവനായി പരിഗണിക്കുന്നവർ "ഓമൽ പിച്ചിച്ചെടി" എന്നു തുടങ്ങുന്ന പദ്യവും—എന്തിനധികം പറയുന്നു?—ഏതെങ്കിലുമൊരു കവിയുടെ മാഹാത്മ്യങ്ങളെ വർണ്ണിക്കുന്നതിൽ ബദ്ധശ്രദ്ധരായിത്തീരുന്നവർ അക്കവിയുടെ അലങ്കാര പ്രയോഗം പ്രധാനമായി—എടുത്തു കാണിക്കുന്നുവെന്നോർക്കുമ്പോൾ, കവിതയും അലംകൃതിയുമായുള്ള ബന്ധം അത്യധികം തന്നെ എന്നു ജനസാമാന്യം സമ്മതിക്കുന്നുണ്ടെന്നുള്ളതു തീർച്ചതന്നെ.

സാധാരണകവികളിൽ ആസ്വാദ്യമായി എന്തെങ്കിലും കാണുന്നുവെങ്കിൽ അതു് അലങ്കാരപ്രയോഗമായിരിക്കുമെന്നുള്ളതും മറച്ചുവയ്ക്കുവാൻ പാടില്ല. രസമാണു കാവ്യജീവൻ എന്നു വാദിക്കുന്നവർ "രസ്യതേ ഇതി രസഃ—ആസ്വാദിക്കപ്പെടുന്നതു് ഏതോ അതു രസം" എന്നാണു രസത്തിനു നിർവ്വചനം നല്കുന്നതെന്നും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. ഹിമാലയപർവ്വതം ഇൻഡ്യാമഹാരാജ്യത്തിന്റെ വടക്കുമാറി പടിഞ്ഞാറേ അററംമുതൽ കിഴക്കെഅററംവരെ നീണ്ടുകിടക്കുന്നുണ്ടെന്നുള്ള സംഗതി.

"പൂർവ്വാപരൗ തോയനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ"

എന്നു പ്രസ്താവിച്ചുകഴിയുമ്പോൾ, സഹൃദയൻ രസിക്കുന്നത് അലങ്കാരപ്രയോഗവൈശിഷ്ട്യത്തിലോ, വസ്തുസ്ഥിതിപ്രസ്താവത്തിലോ എന്നു സുഹൃദയന്മാർതന്നെ തീർച്ചപ്പെടുത്തട്ടെ! ഏതായാലും, സഹൃദയഹൃദയത്തിനു പരമാനന്ദം പ്രദാനം ചെയ്വാൻ അലങ്കാരങ്ങൾക്കു ശക്തിയുണ്ട്. നോക്കുക! ഉമാവിവാഹബദ്ധചിത്തനായി ഹിമവാങ്കലേക്കു യാത്രപുറപ്പെട്ട മഹേശ്വരനെ സപ്തമാതാക്കൾ അനുഗമിക്കുമ്പോൾ, അവരെ അനുഗമിക്കുന്ന കാളിയെ കാളിദാസൻ വർണ്ണിക്കുന്നതിങ്ങനെയാണ്:—

"താസാം ച പശ്ചാത് കനകപ്രഭാണാം
കാളീ കപാലാഭരണാ ചകാശേ ।
ബലാകിനീ നീലപയോദരാജിർ-
ദ്ദൂരം പുരഃ ക്ഷിപ്തശതഹ്രദേവ ॥"

കനകപ്രഭ ചൊരിയുന്ന സപ്തമാതാക്കളെ അനുഗമിക്കുന്നവളും, കപാലഭൂഷിതാംഗിയുമായ കാളീദേവി, വെള്ളിൽപ്പക്ഷികളോടുകൂടിയതും, മുൻഭാഗത്തു ദൂരദൂരം വിദ്യുല്ലതികകളെ അയയ്ക്കുന്നതു (നിക്ഷേപിക്കുന്നതു)മായ നീലമേഘമാല പോലെ പരിശോഭിച്ചു. ഈ ആനന്ദദായകത്വമാണു കവിതയുടെ പരമോദ്ദേശ്യം എന്നു പശ്ചാത്യരും പൗരസ്ത്യരുമായ മിക്ക സാഹിത്യശാസ്ത്രനിരൂപകന്മാരും സമ്മതിച്ചിട്ടുണ്ട്.

തന്റെ ചുററുംകാണുന്ന വസ്തുക്കളെയും സംഗതികളെയും സാമഗ്രികളായി സ്വീകരിച്ചു ഭാവനാശക്തികൊണ്ടു കവികൾ നിർമ്മിക്കുന്ന പുതിയ പ്രപഞ്ചത്തെ ചിത്രീകരിക്കുവാൻ പററിയ ഒരു ഉപകരണമാണ് അലങ്കാരം. സ്വയംവരമണ്ഡപത്തിൽ വരണമാലയുമായി പ്രവേശിച്ച ഇന്ദുമതി ഓരോ രാജാക്കന്മാരെ ഉപേക്ഷിച്ചു കടന്നുപോകുമ്പോൾ, അവർക്കുണ്ടാകുന്ന വൈവർണ്ണ്യം, സർവ്വത്ര ഇരുൾ വ്യാപിച്ചതായുള്ള തോന്നൽ:

"സഞ്ചാരിണീ ദീപശിഖേവ രാത്രൗ
യം യം വ്യതീയായ പതിംവരാ സാ
നരേന്ദ്രമാർഗ്ഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സ സ ഭൂമിപാലഃ"

എന്നു കാളിദാസൻ വർണ്ണിക്കുന്നു. ഇതിൽ കൂടുതൽ ഭംഗിയായി രാജാക്കന്മാരുടെ വൈവർണ്യം ചിത്രീകരിക്കുവാൻ ആർക്കെങ്കിലും സാധിക്കുമെന്നു തോന്നുന്നില്ല. കാളിദാസനു് ഇതു സാധിച്ചതു് ഒരു ചെറിയ അലങ്കാരം പ്രയോഗിച്ചതുകൊണ്ടാണ്. ഈ അലങ്കാരപ്രയോഗം കൂടാതെ, എത്രയെത്ര ദീർഘമായി രാജാക്കന്മാരുടെ മുഖഭാവങ്ങൾ വർണ്ണിച്ചിരുന്നുവെങ്കിലും കാളിദാസൻ സ്വശ്രമത്തിൽ വിജയം നേടുമായിരുന്നു എന്നു പറവാൻ പ്രയാസം തോന്നുന്നു.

രണ്ടോ, ചിലപ്പോൾ അതിലുമധികമോ, വസ്തുക്കളെ ഒരേ സമയത്തു ചിത്രണം ചെയ്വാൻ കവികൾ ശ്ലേഷാലങ്കാരത്തെ ശരണം പ്രാപിക്കുന്നതു ഭാരതഖണ്ഡത്തിൽ സാധാരണമാണ്.

"ഉന്മീലത്പത്രവല്ലീം പൃഥുലകുചഭരാം
രാജമാനദ്വിജാളീം" എന്നുതുടങ്ങുന്ന ശ്ലോകം ഇതിന് ഒരു മകുടോദാഹരണമായെടുക്കാം. ഒരു വസ്തുവിനെമാത്രം ചിത്രണം ചെയ്യുമ്പോഴും അലങ്കാരത്തിന്റെ സഹായം കവികൾക്ക് അത്യന്താപേക്ഷിതമാണെന്ന് ആലങ്കാരികന്മാർ വിധിക്കുന്നു. വെറും യഥാതഥവർണ്ണനമേയുള്ളുവെങ്കിലും' അതു് സഹൃദയഹൃദയാഹ്ലാദകാരിയായിരുന്നാൽ അതിനെ അവർ സ്വഭാവോക്ത്യലങ്കൃതിയായി പരിഗണിക്കുന്നു.

"നിറന്ന പീലികൾ നിരക്കവേകുത്തി
നെറുകയിൽ കൂട്ടിത്തിറമൊട്ടു കെട്ടി"

എന്നു തുടങ്ങുന്ന കൃഷ്ണരൂപവർണ്ണനം,

"രണ്ടു കൈ രണ്ടു കാതോടു
രണ്ടു കണ്ണൊരു മൂക്കുമേ
വഹിക്കും ഗുരുദൈവം മേ
തല കാക്കട്ടെ ഗുഹ്യവാൻ"

എന്നഗ്രാമ്യോക്തിയിൽ നിന്നും ഭിന്നമായതു്, സ്വഭാവോക്ത്യലംകാരത്തിൻെറ സഹായം കൊണ്ടാണെന്നും അതിൽ സ്വല്പം വക്രോക്തികൂടാതെ കഴികയില്ലെന്നും ആലങ്കാരികന്മാർ വാദിക്കും.

ശൃംഗാരാദി രസപരിപോഷണത്തിനുതകുന്ന ഉത്തമമാർഗ്ഗങ്ങളിലൊന്നു് അലങ്കാരപ്രയോഗമാണു്. പ്രകൃതവർണ്ണനം കൊണ്ടു പരിപോഷിതമാകേണ്ടതായ രസത്തെ ജനിപ്പിക്കുന്നതിൽ അത്യധികം ശക്തിയുള്ള അപ്രകൃതവസ്തുവിനെ പ്രകൃതവസ്തുവിനോടു ചമത്കാരകമായ വിധത്തിൽ സംഘടിപ്പിക്കുന്നതു് ആ രസത്തിൻെറ വർദ്ധനവിനു തികച്ചും പര്യാപ്തമാകുമെന്നുള്ളതു നിശ്ചയം തന്നെ!

സർവോപരി അലങ്കാരപ്രയോഗം കൊണ്ടു, പ്രത്യേകിച്ചും ശ്ലേഷാലങ്കാരങ്ങൾകൊണ്ടു ബുദ്ധിമാന്മാരായ ഭാരതീയ കവിശ്രേഷ്ഠന്മാർ സാധിച്ചിട്ടുള്ള ചില കാര്യങ്ങൾ അദ്ഭുതകരങ്ങളാണു്. വൈദർഭീവിവാഹത്തിൽ ആശ പൂണ്ട ഇന്ദ്രയമാഗ്നിവരുണന്മാർ നളരൂപം ധരിച്ചു സ്വയംവരമണ്ഡപത്തിൽ ആഗതരായി. സരസ്വതീദേവിയാണു ദമയന്തിക്കു് ഓരോ രാജക്കന്മാരുടെയും അപദാനങ്ങൾ വർണ്ണിച്ചു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതു്. നളസവിധത്തിൽ എത്തിയപ്പോൾ, നളരൂപധാരികളായ അഞ്ചു പേരെയാണു സരസ്വതി കാണുന്നതു്. വ്യാജം പറയുവാൻ സരസ്വതിക്കു സാദ്ധ്യമല്ല. ദേവന്മാരുടെ പ്രീതി വേണമെങ്കിൽ, വാസ്തവം പറയാനും പാടില്ല. വാശ്ദേവിയുണ്ടോ ഇവിടെ വിഷമിക്കുന്നു. അഞ്ചുപേർക്കും യോജിക്കുന്ന വിധത്തിലാണു ബഹ്വർത്ഥപദയോഗത്താൽ സരസ്വതി സംഭാഷിക്കുന്നതു്. ഈ അത്ഭുതകൃത്യം സാധിച്ചതു് ശ്രീഹർഷൻെറ നൈഷധീയകാവ്യത്തിലെ പന്ത്രണ്ടാം സർഗ്ഗമാണു്. അലങ്കാരത്തിൻെറ സാഹായ്യം കൂടാതെ ഇതു് ഒരിക്കലും സാധിക്കുമായിരുന്നില്ല. നാരായണഭട്ടതിരി മുതലായ കവികളും ശ്രീഹർഷനെ അനുകരിച്ചു് ഇതുപോലെ ചില ശ്ലേഷപ്രയോഗങ്ങൾ സാധിച്ചിട്ടുണ്ടു്.

അർത്ഥാലങ്കാരങ്ങളെക്കുറിച്ചാണു് ഇത്രയും പ്രതിപാദിച്ചതു്. ശബ്ദാലങ്കാരങ്ങൾക്കും ഭാരതീയകവിതകളിൽ ഒരു നല്ല സ്ഥാനമുണ്ടെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കാവ്യം ആപാതമധുരമായിരിക്കണമെങ്കിൽ ശബ്ദവൈചിത്ര്യയുക്തമായിരിക്കണം. നാരായണീയംകാവ്യം, ഗീതഗോവിന്ദം മുതലായവ ഇതിനു് ഉത്തമോദാഹരണങ്ങളാണു്. അർത്ഥത്തെ പ്രതിധ്വനിപ്പിക്കുന്ന ശബ്ദങ്ങളുടെ (Sound echoing sense) പ്രയോഗം രസത്തെ പരിപോഷിപ്പിക്കുന്നതിനു് ഉപയുക്തമായിരിക്കും. ലാടാനുപ്രാസാദി ശബ്ദാലങ്കാരങ്ങൾ രൗദ്രബീഭത്സാദി രസപരിപോഷകങ്ങളാണു്.

അലങ്കാരങ്ങൾക്കു ഭാരതീയകവിതകളിൽ മഹത്തായ ഒരു സ്ഥാനമുണ്ടെന്നു് ഇത്രയുംകൊണ്ടു വെളിവായല്ലോ. എന്നാൽ, അലങ്കാരമുണ്ടായിരുന്നാൽ മാത്രമേ ഒരുവാക്യം കാവ്യമാകൂ എന്നു ശഠിക്കു

ന്നതു മൂഢത്വമാണ്. സഹൃദയചിത്താനന്ദപ്രദങ്ങളായ അലങ്കാരങ്ങൾ ഉള്ള വാക്യങ്ങൾ നിശ്ചയമായും കവിതതന്നെ. "സ ഛിന്നമൂലഃ ക്ഷതജേന രേണുഃ" എന്നു തുടങ്ങുന്ന രഘുവംശപദ്യത്തിനു കാവ്യത്വമില്ലെന്നു പറയുന്നതു് കഷ്ടംതന്നെ. എന്നാൽ, "ശവശരീരത്തിൽ ചാത്തുന്ന ആഭരണങ്ങൾപോലെ ഗുണഹീനയായ കവിതയിൽചേക്കുന്ന അലങ്കാരങ്ങൾ, അതിന്റെ വൈരൂപ്യത്തെയാകുന്നു ദ്വിഗുണീഭവിപ്പിക്കുന്നതു്." ഭാവനാസമ്പന്നരായ ആൎയ്യന്മാരുമായുള്ള സംസൎഗ്ഗം പ്രചുരമായതിനുശേഷം മാത്രമാണു ദ്രാവിഡരുടെ പാട്ടുകളിൽ അലങ്കാരപ്രയോഗങ്ങൾ അധികമായി കാണുന്നതു്. വൈദികകാലത്തെ കൃതികളിൽ അലങ്കാരങ്ങൾ വളരെ വിരളമാണെങ്കിലും, അവ സാഹിത്യമല്ലെന്നോ, അവയിൽ കവിതയില്ലെന്നോ ആരും പറയുമെന്നു തൊന്നുന്നില്ല. തന്നിമിത്തം,

"ദോഷഹാനം ഗുണാദാനം
കൎത്തവ്യം നിയമാത് കൃതൗ;
കാമചാരഃ പുനഃ പ്രോക്തോ f
ലങ്കാരസ്തു മനീഷിഭിഃ"

എന്നു ഭട്ടഗോപാലൻ പുറപ്പെടുവിക്കുന്ന അഭിപ്രായംതന്നെയാണ് ഇക്കാൎയ്യത്തിൽ സ്വീകാൎയ്യമായിത്തോന്നുന്നതു്.

---

## തിരുനാൾ മംഗളാശംസ

നാസ്തിത്വം ഫസിസത്തൊടൊത്തു ചുടലക്കൂത്താടിയിന്നെത്രയും
കൌസ്തിത്യത്തൊടു ശീമനാടുനെടുകെപ്പാടേ വിഴുങ്ങുന്നിതാ
ഉത്സിക്തത്വമെഴുന്നിവറെറയറവേ വെട്ടുന്നു ബ്രിട്ടൻ; സദാ
തത്സിദ്ധിക്കു സഹായി നമ്മുടെ നൃപൻതാൻ വാഴ്‌ക വാഴ്‌കുത്തമൻ.

ററി. കെ. ജോസഫ്, ബി. എ., എൽ. ററി.

# ഒരു സ്വച്ഛന്ദഗീതം

എം. പി. അയ്യപ്പൻ എം. എ., എൽ. റ്റി.

ചകചകെ മിന്നും കുളിർ ചന്ദ്രികയാൽ
ധവളിതമാമൊരു പൗർണ്ണിമരാവിൽ
ഇനിയ സുഗന്ധമുതിർത്തൊരു ചമ്പക-
വനികയിലങ്ങനെ ഞാനലയുമ്പോൾ
തെളുതെളെ വിണ്ണിലുദിച്ചു തിളങ്ങും
കളലളിതോജ്ജ്വലതാരകളഖിലം
തെരുതെരെയിളകി മറിഞ്ഞതിഭംഗിയി-
ലൊരുവലയാകൃതിയാർന്നു വിളങ്ങി.

അതുകളനന്തരമതുലിതഭാസ്സിൽ
പുതിയൊരു നൃത്തോത്സവരസമാർന്നു.
കരളലിയും മൃദുകളനാദത്താൽ
സരളമനോഹരഗീതി പൊഴിഞ്ഞും,
ഇതരേതരപരിരംഭണലീലയി-
ലതിസുഖമൊട്ടു പുളകോൽഗമമാർന്നും
പലപല വിടിവിൽ പലവർണ്ണങ്ങളി-
ലൊളിയെഴുമവ വിളയാടി രസിക്കെ
സ്ഫുടകിരണാവലി ചിതറി വിളങ്ങിയൊ-
രുഡുനിരയഖിലമലിഞ്ഞുതുടങ്ങി.

ബഹുവിധഭാസ്സെഴുമവയെല്ലാം ചേ-
ർന്നൊരു കനകോജ്ജ്വലതേജസ്സായി.
തരളിതമാകിയൊരത്തേജസ്സൊരു
പരമമനോഹരതരുണീമണിയായ്
പ്രമദം തരുമൊരു പൂർണ്ണ ദിഗംബര
സുമധുരസുഷമയിലവിടെ വിളങ്ങി.
വിവിധവികാരവിചാരാകുലനാ-
യവിടെമ്പാടും നോക്കുകയായ് ഞാൻ

അവനിയുമൊഴിയുമാകാശവുമ-
റ്റതിരിയലാത്തൊരു മേഖലയിങ്കൽ
അവളുടെയരികത്തദ്ഭുതരസമാ-
ർന്നതിചകിതാശയനായ് ഞാൻ നിന്നു.
അവികലമൃദുലവികാരാവലിയാൽ
യുവസഹജോന്മദകാന്തി തുളുമ്പും
അവളുടെ മുഗ്ദ്ധമുഖത്തൊരു പുഞ്ചിരി
അസുലഭഭംഗിയിൽ മെല്ലെ വിടർന്നു

കനകമൃണാളികപോലതി കോമള-
ലളിതാഭയെഴും ഭുജലത രണ്ടും
അലിവുകലർന്നവൾ നീട്ടുകയായെൻ-
പരവശമേനിയെ യാശ്ലേഷിപ്പാൻ.
അഴകിനൊടെൻനേർക്കണയുമൊരാമൃദു-
സുഷമയിൽ ഞാനെന്നൊരു നിനവെന്യേ
മുങ്ങിമയങ്ങുകയായ് ഞാനവളുടെ
അംഗാലിംഗനസുഖലഹരികയിൽ
അനുരാഗാർദ്രതയാർന്നു പുണർന്നും
അധരാമൃതരസമാകെ നുകർന്നും
പരമാനന്ദസുധാവീചികളിൽ

പരിചൊടു നീന്തി രസിച്ചിതു ഞങ്ങൾ
അനഘോത്സവരസമിയലും ഞങ്ങടെ
തനുയുഗളം പുനരൊരു തേജസ്സായ്
പുലരൊളിയെഴുമൊരു പൊന്നിൻതാമര-
മലരായങ്ങനെ പൊങ്ങി വിളങ്ങി
സുരഭിലസുന്ദരമാമൃദുകുസുമം
വിരവൊടലിഞ്ഞൊരു സംഗീതകമായ്
തരളതരംഗപരമ്പരയായി-
സ്സുരഭസമങ്ങു പടർന്നു തുടങ്ങി.

PRESENTED BY:
SRI M. K. VASUDEVAN NAIR

# മലയാളികളുടെ നാലായിരം

വെൺകുളം പരമേശ്വരൻപിള്ള 9839

മലയാളികളും നാലായിരവുമായി ഇന്നു് സ്മരണീയമായ ഒരു ബന്ധമുണ്ടെന്നു് അധികംപേൎക്കും അറിവുള്ള സംഗതിയല്ല.

കൈരളിയുടെ മുദ്രണരൂപത്തിലുള്ള ഗദ്യ പദ്യഗ്രന്ഥങ്ങളുടെ ഏകദേശമായ എണ്ണമാണു് ഈ നാലായിരം എന്നുള്ളതു്. എന്നും പുതിയ പുസ്തകങ്ങൾ വാങ്ങുതിനു തക്കവണ്ണം ഭാഷാദേവി വളരുന്നില്ലല്ലോ എന്നു ഖേദിച്ചുകൊണ്ടിരിക്കുന്ന ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല (തിരുവനന്തപുരം) ക്കാരുടെ പുസ്തകപ്പട്ടിക അടിസ്ഥാനമാക്കിയാണു് ഈ എണ്ണം നിൎണ്ണയിച്ചതു്. കാൽ ശതാബ്ദക്കാലം വിശ്രമരഹിതവും അനുസ്യൂതവും ആയി നടത്തിയ പരിശ്രമത്തിനുശേഷം സകല മലയാളഗ്രന്ഥങ്ങളും ശേഖരിക്കുന്നതിനു കഴിഞ്ഞു എന്നും അവർ അഭിമാനിക്കുന്നുണ്ടായിരിക്കണം. കഴിഞ്ഞവൎഷത്തെ കണക്കനുസരിച്ചു് 5130 പുസ്തകം അവർ സൂക്ഷിച്ചുപോരുന്നുണ്ടെങ്കിലും പ്രമാണങ്ങൾ, താളിയോലഗ്രന്ഥങ്ങൾ, ബൈൻഡിട്ട മാസികകൾ, ഒററയൊററയായുള്ള തുള്ളൽക്കഥകൾ ആട്ടക്കഥകൾ ഇങ്ങനെയുള്ളവയെ മാററിനോക്കുമ്പോൾ കൈരളിയുടെ സമ്പത്തു് നാലായിരത്തിൽ ഉൾപ്പെടുന്നു എന്നു കാണാവുന്നതാണു്.

ഒരായിരത്തിൽപരം കഥാഗ്രന്ഥങ്ങളും, രണ്ടരശതത്തിൽപരം നാടകങ്ങളും ആറരശതം പദ്യകൃതികളും മൂന്നുശതം ചരിത്രജീവചരിത്രങ്ങളും മൂന്നരശതം ശാസ്ത്രഗ്രന്ഥങ്ങളുംമററും കൊണ്ടു് അലംകൃതമായിരിക്കുന്ന നമ്മുടെ മാതൃഭാഷയെപ്പററി അഭിമാനപുരസ്സരം സ്മരിക്കാൻ നമുക്കു ധാരാളം വകയുണ്ടു്. ഒരു കോടി ജനങ്ങൾ സംസാരിച്ചുപോരുന്ന ഈ ചെറുഭാഷയിൽ സകലതരം മനുഷ്യരുടേയും ചിന്താമണ്ഡലത്തിൽ സ്ഥലം പിടിച്ചിട്ടുള്ള വിചാരങ്ങളും വികാരങ്ങളും ശാസ്ത്രീയവും മനോഹരവും ആയ ഗ്രന്ഥങ്ങളുടെ രൂപത്തിൽ കാണാവുന്നതാണു്. കേരളത്തിൽ മുദ്രണശാലയുടെ പ്രവൎത്തനത്തിനു ഒരു ശതവൎഷത്തിലധികം ചരിത്രമില്ലെങ്കിലും ഇതിനിടയ്ക്കു് ഇത്രയധികം ഗ്രന്ഥങ്ങൾ പ്രകാശിതമായി കൈരളിയ്ക്കു സിദ്ധിച്ചതു് ചാരിതാൎത്ഥ്യജനകംതന്നെ. മാത്രമല്ല, വിശ്വസാഹിത്യത്തിലെ അനശ്വരയശസ്വികളായ തേജഃപുഞ്ജങ്ങളോടു് കിടനില്ക്കത്തക്ക വിധം ധിഷണാസമ്പത്തും വാസനാവൈഭവവും, കവനകുശലതയും പ്രയോഗപ്രാവീണ്യവും സിദ്ധിച്ചിട്ടുള്ള മഹാപുരുഷന്മാരുടെ തൂലികാവിലാസംകൊണ്ടു് അനുഗൃഹീതയും അത്യുത്കൃഷ്ടയും ആയിത്തീരാൻ ഈ ഭാഷയ്ക്കുസാധിച്ചിട്ടുണ്ടെന്നുള്ളതും മാതൃഭാഷാഭക്തിയെ മാററിനിൎത്തിയിട്ടുതന്നെ ഉദ്ഘോഷിക്കാൻ നമുക്കു കഴിയുന്നുണ്ടു്. സുന്ദരവും മോഹനവും ആയി കവിതാരചന നടത്തുന്നതിനും, ലളിതവും വിശദവും ആയി ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഈ കുലസ്ത്രീയ്ക്കു് സിദ്ധമായിരിക്കുന്ന പാടവം ഓൎക്കുമ്പോൾ,

കേരളദേശത്തു ജാതരായതുതന്നെ മഹാഭാഗ്യം എന്നോർത്ത് നമുക്ക് ആക്കം തൃപ്തി അടയാവുന്നതാണ്.

## II

ഭാഷാദേവിയുടെ മനോഹരതയും മഹത്ത്വവും സ്മരിക്കുന്ന അവസരത്തിൽ ഒരു പരമാർത്ഥം കൂടി ഓർത്തുപോകുന്നുണ്ട്. ദ്രാവിഡഗോത്രത്തിൽനിന്ന് മലയാളഭാഷ പിരിഞ്ഞിട്ട് ശതാബ്ദങ്ങൾ ഇരുപത്തഞ്ചു കഴിഞ്ഞിരിക്കുന്നു എന്നാണ് തൊല്കാപ്പിയം പ്രമാണമാക്കി ആററൂർ കൃഷ്ണപ്പിഷാരടി അവർകൾ പ്രസ്താവിച്ചിരിക്കുന്നത്. അക്കാലംമുതൽക്കുതന്നെ സാഹിത്യവും സഞ്ജാതമായിരിക്കണമെങ്കിലും അത്ര അധികം പുരാതനത്വമുള്ള സാഹിത്യകൃതികൾ കൈരളിയ്ക്കുള്ളതായിട്ടറിവില്ല. ചേരൻ ചെങ്കുട്ടവൻെറ ജീവിതകാലം രണ്ടാം ശതാബ്ദമാണെന്നു തെളിയുന്ന പക്ഷം, 1700 സംവത്സരക്കാലത്തെ സാഹിത്യം നമ്മൾക്കുണ്ടെന്ന് നിശ്ചയപ്പെടുത്തി പ്രസ്താവിക്കാം. ഇത്രപുരാതനമായ കാലംമുതല്ക്കേ നമ്മുടെ പൂർവ്വികന്മാർ സാഹിത്യവ്യവസായം നടത്തിപ്പോരുന്ന സ്ഥിതയ്ക്ക് ഇത്ര കുറച്ചു പുസ്തകങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളോ എന്നുള്ളതു് അഭിമാനകരമായ ഒരു വസ്തുതയാകുന്നില്ല. രണ്ടുസഹസ്രം സംവത്സരത്തിനുമുമ്പു മുതല്ക്കേ പാശ്ചാത്യരുമായി വ്യാപാരത്തിൽ ഏപ്പെട്ടിരുന്നിട്ടും ധിഷണാശാലികളായ ആര്യന്മാരുമായി സങ്കലനത്തിനും സങ്കരത്തിനും രണ്ടായിരത്തഞ്ഞൂറ സംവത്സരക്കാലം സൗകര്യം ലഭിച്ചിരുന്നിട്ടും, നാലായിരം ഗ്രന്ഥങ്ങളേ മലയാളികൾക്കുള്ളൂ എന്നുള്ളതു് ലജ്ജാസമേതം പ്രസ്താവിക്കേണ്ടതുതന്നെയാകുന്നു.

സൂര്യരശ്മിയുടെ സ്പർശമേല്ക്കാതെ നിരവധി ഗ്രന്ഥങ്ങൾ തട്ടിൻപുറങ്ങളിലും പരദേവതാഗൃഹങ്ങളിലുമായി കിടപ്പുണ്ട് എന്ന് എല്ലാവരും പറയുമായിരിക്കാം. സാഹിത്യവാസനയുള്ള നിരവധി മലയാളികളുടെ തലച്ചോറിനകത്തു പലതരം ഗ്രന്ഥങ്ങൾക്കു വേണ്ടുന്ന സാമഗ്രികളും ഗ്രന്ഥങ്ങളും സ്ഥിതിചെയ്യുന്നുണ്ട് എന്നും ചൂണ്ടിക്കാണിക്കാൻ കഴിയുന്നതാണല്ലോ. കൈയിൽ കിട്ടിയതിനെ അടിസ്ഥാനമാക്കിമാത്രമേ എന്തെങ്കിലും പ്രസ്താവിക്കാൻ ഈ ലേഖനത്തിൽ ഇടം കിട്ടുന്നുള്ളൂ.

കാലപരിവർത്തനങ്ങൾക്കിടയിൽ ജീവിക്കാൻ കെല്പില്ലാതെ ചിലഗ്രന്ഥങ്ങൾ നശിച്ചിരിക്കാം; ചിതൽതുടങ്ങിയ ക്ഷുദ്രജന്തുക്കളുടെ ആക്രമണങ്ങൾ നിമിത്തം ചിലതു് അപ്രതീക്ഷിതമായി അപ്രത്യക്ഷമായിപ്പോയിരിക്കാം; തമിഴിൽനിന്നുള്ള അകൽച്ചയും സംസ്കൃതവുമായുള്ള സംസർഗ്ഗവുംമൂലം ഭാഷയ്ക്കുണ്ടാകുന്ന വേഷവ്യത്യാസങ്ങളാൽ ചിലതു തിരോധാനം ചെയ്തിരിക്കാം; കാരണങ്ങൾ എന്തുതന്നെയായാലും ഇത്രയും പുസ്തകങ്ങളേ മലയാളികൾക്ക് ഇപ്പോഴുള്ളൂ എന്നതു വസ്തുതമാത്രമാകുന്നു. മററുപല പരിഷ്കൃതഭാഷകളുമായി താരതമ്യപ്പെടുത്തി കൈരളിയുടെ കരുവേലം ചെറുതാണെന്നു പറയേണ്ടിവരുമ്പോൾ അഭിമാനമുള്ള മലയാളികൾ സങ്കോചകഞ്ചുകിതരായി തീർന്നുപോകുന്നതാണ്.

മൂന്നുലക്ഷം ഗ്രന്ഥമില്ലാത്ത ഒരു സ്ഥാപനത്തെ ഗ്രന്ഥശാലയായി പരിഗണിക്കാൻ പാടില്ല എന്ന്, ആംഗലഭാഷയിലെ ഉന്നതസമ്പത്തിനെ അടിസ്ഥാനപ്പെടുത്തി, ഒരു ഇംഗ്ലീഷ് പണ്ഡിതൻ

അഭിപ്രായപ്പെട്ടിട്ടുള്ളതോ ഇരിക്കട്ടെ മലയാളത്തിന്റെ മൂലതറവാട്ടിൽപിറന്ന മററു മൂന്നുസഹോദരഭാഷകളുടെ സ്ഥിതിയും ഇതിൽനിന്ന് എത്രയോ ഉയർന്നതന്നെ വിലസുന്നു!

## III

പുസ്തകങ്ങളുടെ ഈ സങ്കുചിതസംഖ്യയുള്ള കാരണം എന്തുതന്നെയായാലും പരിഹാരമാർഗ്ഗം ആരായേണ്ടതു് ഭാഷാഭിമാനികളുടെ കടമയാകുന്നു. അനവധി കാരണങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനംകൊണ്ടുമാത്രമേ സുദീർഘകാലമായുള്ള നാഗരികതയും വിദ്യാഭ്യാസ തത്പരതയും ഉള്ളഒരു ജനതയ്ക്കു് ഇത്രയും ചുരുങ്ങിയ എണ്ണം മാത്രം ഗ്രന്ഥങ്ങൾ ലഭിക്കുന്നതിനിടവരുകയുള്ളൂ.

ജ്ഞാനത്തെ ദേവിയായി പരിഗണിച്ച് ആരാധിച്ചുപോരുന്ന മനഃസ്ഥിതി ആര്യസംസർഗ്ഗത്താൽ കേരളീയർക്കും സിദ്ധിച്ചിട്ടുണ്ട്. എന്നാൽ പുസ്തകങ്ങൾ ശേഖരിക്കയും സൂക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ ആധുനികർ ഉദാസീനരും വിമുഖരും ആയിട്ടാണു കാണുന്നതു്. അന്യർക്കു് അടുത്തുകൂടാൻപാടില്ലാത്ത അകത്തമ്മമാരെയെന്നോണം ഗ്രന്ഥങ്ങളെ പുരമുറിക്കുള്ളിൽ പൂട്ടിയിട്ടു സൂക്ഷിക്കുകയും വർഷത്തിലൊരിക്കൽ പുറത്തെടുത്തു പൂജിക്കുകയുംചെയ്തുപോന്നിരുന്ന പൂർവ്വികന്മാരുടെ മനഃസ്ഥിതി ഒരുതരത്തിൽ അപലപനീയമാണെങ്കിൽ മറെറാരു തരത്തിൽ പൂജനീയവുമാണ്. എന്തെന്നാൽ ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന കാര്യത്തിൽ കാണിച്ചിരുന്ന സൂക്ഷ്മദൃഷ്ടിയിൽനിന്ന് വ്യത്യാസപ്പെട്ടതായിരിക്കുകയില്ല ജംഗമസ്ഥാവരസ്വത്തുകൾ സൂക്ഷിക്കുന്നതിൽ അവർ പ്രദർശിപ്പിച്ചുവന്നിരുന്ന തത്പരത. ആധുനികകേരളീയരാകട്ടെ, കുടുംബസ്വത്തിന്റെ ഒരു് അംശമായി പുസ്തകശേഖരത്തെ പരിഗണിക്കുന്നതേയില്ല. പാശ്ചാത്യരിൽ ചിലർ വിൽപത്രങ്ങൾ തയ്യാറാക്കുമ്പോൾ, തങ്ങളുടെ ഇന്നയിന്ന ഗ്രന്ഥസഞ്ചയങ്ങൾ ഇന്നയിന്നവർക്കാണെന്നുകൂടെ നിർദ്ദേശിക്കാറുണ്ടത്രേ! അപ്രകാരം ഒരു വിൽപത്രം എഴുതുവാൻ ഏതെങ്കിലും ഒരു കേരളീയന്നു് ഇന്നോളം ഭാഗ്യം സിദ്ധിച്ചിട്ടുള്ളതായി അറിവില്ല.

മരണശാസനത്തിന്റെ കാര്യമിരിക്കട്ടെ. സ്വന്തമായി ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നവർ തന്നെ എത്രകാണും! അഞ്ഞൂറു മലയാളം പുസ്തകങ്ങൾ തികച്ചു എടുക്കാൻ കഴിയുന്നവരെ പട്ടണങ്ങളിൽ കാണുന്നപക്ഷം അവരുടെ എണ്ണം കൈയ്വിരലുകൾകൊണ്ടു കണക്കുകൂട്ടാവുന്നതാണ്. ഗ്രാമവാസികളുടെ കാര്യം പിന്നെ പറയാനുമില്ല. ജീവിതസുഖസാധനങ്ങളുടെ കൂട്ടത്തിൽ പുസ്തകങ്ങളും ഒരു് അത്യാവശ്യഘടകമാണ് എന്നു കരുതി കാര്യമായി സൂക്ഷിക്കുന്നവർ നമ്മുടെ ഇടയിൽ വളരെ വിരളമാണ്. ഗ്രന്ഥസഖികളുടെ ആവശ്യത്തിന് ഒരു അലമാരയോ വിഹാരത്തിനു ഒരുമുറിയോ വേണമെന്നുള്ള ആവശ്യബോധംപോലും അധികം പേൎക്കും ഇല്ല. വെറുതേകിട്ടുന്ന പുസ്തകങ്ങൾ ഉപയോഗിക്കാൻ മലയാളം അദ്ധ്യാപകന്മാൎക്കും മററും ഉത്സാഹം തോന്നുന്നുണ്ടെങ്കിലും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളല്ല അവർ എന്നു തെളിച്ചു തന്നെ പറയേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ പൊതുഭാഷയും ഔദ്യോഗികഭാഷയും ആയി ഇംഗ്ലീഷ്ഭാഷ സ്വീകരിക്കപ്പെട്ടതോടുകൂടി, മാതൃഭാഷയിൽ

പാണ്ഡിത്യമോ പരിജ്ഞാനമോ സമ്പാദിക്കേണ്ടതും അത്യാവശ്യമല്ല എന്നുവന്നുകൂടി. തടിച്ചശമ്പളം വാങ്ങിക്കുന്നവരും ഉയൎന്ന ഉദ്യോഗങ്ങളിൽ ഇരിക്കുന്നവരും ആയവൎക്കു മലയാളഭാഷയോടു ഉദാസീനത കുറച്ചൊന്നുമല്ല ഉള്ളതു്. അവർ മലയാളം പുസ്തകങ്ങൾ വിലകൊടുത്തുവാങ്ങുന്നതിനെ അന്തസ്സിനു കുറവായിട്ടുപോലും പരിഗണിക്കുന്നുണ്ടത്രെ. ആംഗലസാഹിത്യപാരാവാരത്തിൽ നിത്യവും സ്നാനം ചെയ്തു് ഉത്കൃഷ്ടാശയരത്നങ്ങൾ മുങ്ങിയെടുത്തു് അണിഞ്ഞു പോരുന്നുണ്ടെന്നാണു് അവരുടെ ഭാവം! മുപ്പതുവയസ്സിനു ശേഷം പുസ്തകങ്ങൾ പതിവായി വായിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണം ആശാസ്യമല്ല എന്നതു് അന്വേഷണത്തിൽ ആൎക്കും അറിയാൻ കഴിയുന്നതാണു്. ഭരണശാഖാശകടങ്ങൾ നയിച്ചുകൊണ്ടിരിക്കുന്ന ബിരുദധാരികൾക്കു താരതമ്യേനയുള്ള മലയാളഭാഷാനഭിജ്ഞതയും നന്നിമിത്തം പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങാനുള്ള വൈമനസ്യവും ഭാഷായോഷയുടെ സാമ്പത്തികപോഷണത്തിനു വിഘാതമായിട്ടാണു് സ്ഥിതിചെയ്യുന്നതു്.

അലങ്കാരവ്യാകരണാദി ഭാഷാശാസ്ത്രഗ്രന്ഥങ്ങൾ സാമാന്യമായിട്ടെങ്കിലും പഠനം നടത്താൻ കഴിഞ്ഞിട്ടുള്ള അഭ്യസ്തവിദ്യരിൽ അധികവും താഴ്ന്ന ശമ്പളം കൊണ്ടു് കാലയാപനം ചെയ്യുന്നവരാണു്. പുസ്തകങ്ങൾ വില കൊടുത്തുവാങ്ങുന്നതിനു് അവൎക്കു കഴിവില്ലാതെയാണു വരുന്നതു്. ഒരു രൂപാവിലയുള്ള നല്ലൊരു പുസ്തകത്തിന്റെ ആയിരം പ്രതിചെലവുണ്ടാകാൻ ഭഗീരഥപ്രയത്നം തന്നെ നടത്തിയിരുന്നാലും വൎഷങ്ങൾ പത്തോളം വേണ്ടിവരുമെന്നുള്ളതു് പലഗ്രന്ഥകാരന്മാൎക്കും പ്രസിദ്ധീകരണകൎത്താക്കൾക്കും അനുഭവം വന്നിട്ടുള്ള ഒരു പരമാൎത്ഥമാണു്. ദശവൎഷം ശ്രമം നടത്തിയാൽ തന്നെയും ഇത്രയും ഗ്രന്ഥങ്ങൾ വിററഴിയുമോ എന്നുള്ളതു സംശയാസ്പദമത്രെ.

കേരളത്തിലെ ഭൂരിപക്ഷം ജനത നിരക്ഷരകുക്ഷികളാണെന്നുള്ളതും ഈ അവസരത്തിൽ സ്മരണീയമാണു്. മൂന്നു ഭരണകൂടത്തിന്റെ കീഴിലുള്ള ജീവിതവും സാഹിത്യത്തിന്റെ അഭിവൃദ്ധിയേ സാരമായി ബാധിക്കുന്നുണ്ടു്. തിരുവിതാംകൂർകാരുടെ ഗ്രന്ഥങ്ങൾക്കു് മററു രണ്ടു സംസ്ഥാനത്തിലോ, അവിടങ്ങളിലുള്ള ഗ്രന്ഥങ്ങൾക്കു് ഈ രാജ്യത്തോ തുല്യമായ പ്രചാരം സിദ്ധിച്ചുകാണാറില്ല. പ്രസിദ്ധിയും വൈശിഷ്ട്യവും ഏറുന്ന ഗ്രന്ഥങ്ങളെ ഇതുബാധിക്കുന്നില്ലെങ്കിലും മററു ഗ്രന്ഥങ്ങളുടെസ്ഥിതി അങ്ങനെയല്ല. അധികൃതഗ്രന്ഥങ്ങൾക്കുപോലും സാൎവ്വത്രികമായ സ്വീകരണം ലഭിക്കാതിരിക്കത്തക്കവിധം മാനസികമായി അത്രമാത്രം അകൽച്ച കേരളത്തിൽ നിലനില്ക്കുന്നുണ്ടു് എന്നുപറയുന്നതു് ഐക്യകേരളത്തിന്റെ അവിഭാജ്യഘടകങ്ങളെ വിസ്മരിക്കയോ വിഗണിക്കയോ ചെയ്തിട്ടല്ല തന്നെ.

ഇങ്ങനെ നോക്കുമ്പോൾ കൈരളീമഹിളയുടെ ഭണ്ഡാഗാരപോഷണം ആശാസ്യമായി സംഭവിക്കാത്തതു പല കാരണങ്ങൾകൊണ്ടാണെന്നു കാണാവുന്നതാണു്. അവയുടെ പരിഹാരാൎത്ഥം ചിന്തിക്കയും പ്രവൎത്തിക്കയും ചെയ്യേണ്ടതു് ഏതൊരു ഭാഷാഭിമാനിയുടേയും ഒഴിച്ചു കൂടാൻപാടില്ലാത്ത കടമയാകുന്നു.

# വെള്ളിനക്ഷത്രം

സാ. ശിരോമണി പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി (Arts College)

(മഞ്ജരി)

I

പൂർവ്വദേശത്തിലപൂർവ്വതേജസ്സൊന്നു
നിർവ്വാണസൗഖ്യമൊഴുക്കീടുന്നു!
വാസരത്തിൻ ത്രിയാമാധ്യായം തീർന്നിട്ടു
ഭാസിക്കും പൂർണ്ണവിരാമംപോലേ
ധ്വാന്തസമാവൃത ഭൂമിതൻ പ്രത്യാശാ-
കാഞ്ചനകന്ദള മെന്നപോലെ
അന്നാകം തിങ്ങുന്ന ശാശ്വതദീപ്തിതൻ
ബിന്ദു വെളിയിൽ സ്ഫുരിച്ചപോലെ
അജ്ഞാതമേതോ മറയിൽനിന്നാഭയോ-
ടാശു ഭവാനിന്നുദിച്ചനേരം
നൈരാശ്യകൃഷ്ണമാം ഭൂവിൻമുഖത്തിങ്കൽ
വീശുന്നു ഹർഷത്തിൻ വെള്ളിരേഖ!
ആഹ്ലാദശുഭ്രതരംഗങ്ങൾ ഭൂരുഹ-
വ്യൂഹപത്രങ്ങളിളക്കിടുന്നു
ഇല്ല തനിക്കിനിയായുസ്സെന്നോർത്തുഴ-
മല്ലിൻെറ വക്ത്രം വളർത്തീടുന്നു
എങ്ങുമമംഗളം മാററാനുദിച്ചോ നീ
മംഗളമഞ്ജുളപ്പൊൻ മഹസ്സേ!
നൂനം മരവിച്ച വിശ്വത്തിൻ ഹൃത്തി
ലോ-
രാനന്ദസ്പന്ദനം വീണുകാണായ്!

II

ഏതോ മഹത്തായ ദിവ്യചൈതന്യത്തിൻ
ശ്രീതങ്കും സന്ദേശവാഹകൻ നീ!
നിന്നാന്തരാദ്ഭുതശക്തിയേററക്ഷണം
നിർന്നിദ്രരായ്ത്തീർന്ന പൂങ്കോഴികൾ
നവ്യയുഗോദയവാർത്തയറിയിപ്പൂ
ഭവ്യദകാഹളമൂതിയൂതി
പെട്ടെന്നുണർന്നെഴും ശംഖങ്ങൾ ക്രൂരിരുൾ
ഞെട്ടിടും മട്ടുച്ചനിസ്വനത്തിൽ
ചൊല്ലെഴും നിർമ്മലക്ഷേത്രങ്ങൾ തോറുമേ
പള്ളിയുണർത്തുന്നു ഗംഭീരമായ്.
ചീർത്ത തമസ്സു പിളർന്നു നീ നിർമ്മല-
സാത്വികരേഖ വരച്ചിടുമ്പോൾ
നിദ്രതൻ നിസ്തുലാബോധസ്ഥിതിവിട്ടു
ഭദ്രമനസ്കരാം വൃദ്ധഭക്തർ
ആകാശ മത്സുഹരി നാമകീർത്തന-
മാധുരീമോഹനമാക്കിടുന്നു.
പൂമെത്തമേലിലായ് കാണും ചുളികളാ-
മാമാന്മഥാനന്ദവീചികളെ
ഹാ! മനസ്സില്ലാമനസ്സോടുപേക്ഷിപ്പൂ
കാമിനീ കാമുകരായുവാക്കൾ.
നിന്നാലാണീശനുണർച്ചയ്ക്കും നിദ്രയ്ക്കും
നന്നാ*യതിർത്തിവെൺകല്ലിടുന്നു!

III

ചൊന്നീടുമാറുണ്ടു ഗൈർവ്വാണീപണ്ഡിതർ
നിന്നേക്കവിയെന്നും കാവ്യനെന്നും
നിശ്ചയം സത്യമാണമ്മൊഴി യല്ലെങ്കിൽ
നിൻകരകോമളസ്പർശമേല്ക്കേ
എന്താണിളകുവാനെൻ മൂഢഹൃത്തിലും
ഹന്ത! കവിതതൻ കൊച്ചലകൾ?
ആ മഹനീയമാം വന്ദ്യസരസ്വതീ
യാമത്തെയാദ്യമൊന്നാരംഭിക്കാൻ
പേരഞ്ചും ദിവ്യമഹാകവേ! നീയല്ലാ-

* അതിർത്തികളിൽ സ്ഥാപിക്കപ്പെടുന്ന കല്ലുകൾ വെള്ളിക്കല്ലുകൾ എന്നു പറയുന്നു.

താരാണു യോഗ്യനും ശക്തിമാനും !
അങ്ങുയർന്നീടവേ, യോരോ ദൈവലിപി
യങ്ങിങ്ങു കുത്തിക്കുറിച്ചു നീളെ
ഒട്ടൊട്ടു മിന്നിയിരുന്നോരത്താരക-
ക്കൂട്ടങ്ങൾ മങ്ങുന്നു മെല്ലെ മെല്ലെ
ചേലഞ്ചുമീയാമവൈഭവാൽ നിർഗ്ഗത-
മാലിന്യമായി പ്രസന്നമായി
മിന്നിടും സൽകവിമണ്ഡലഹൃത്തടം
തന്നിൽ തളിക്കെ നീ ദിവ്യാമൃതം,
നിച്ചിലും ശുഷ്കിച്ചിരുന്നതാം പ്രാതിഭ-
പ്പൂച്ചെടിയേററം തളിർത്തിങ്കൽ
ഭാവനാമോഹനപ്പൂക്കൾ വിരിഞ്ഞിട്ടു
തൂവുന്നു വാസന മേല്ക്കുമേലേ !

IV

ആകാശസിന്ധു'പ്പെരുമീനെ'ന്നെങ്ങുമേ
പേർകേട്ട തൂവെള്ളിനക്ഷത്രമേ !
കാമം തമസഃപരമാമവസ്ഥയേ-
ക്കാണിപ്പാൻ വന്ന ദിവ്യാക്ഷരമേ !
അക്രൂരിരുൾക്കരിമട്ടിച്ചുമട്ടിച്ചി-
ട്ടുദ്ഗതമുജ്ജ്വലഹീരകമേ !
ക്രൂരിരുൾ നീങ്ങാൻ സമയമായെന്നോർത്ത
പാരിന്റെ പാവനമാഹ്ലാദമേ !
ഉന്നതാനന്ദപ്രകാശം ചൊരിയുന്ന
സൗന്ദര്യപ്പൊന്മണി ദീപകമേ !
നിൻകരവൈഭവാൽ പാരതന്ത്ര്യം വെടി-
ഞ്ഞെന്നാന്തരാത്മാവുയർന്നു മുററും
കാലവും ദേശവും കൂടിക്കടന്നിട്ടു
മേലിലായ് മേലിലായ് പൊങ്ങിപ്പൊങ്ങി
സൗന്ദര്യതൃഷ്ണച്ചിറകുവിരിച്ചിട്ടാ-
നന്ദനഭസ്സിൽ പറന്നീടുന്നു
എന്നിട്ടൊടുവിലായ് നിന്നിലേ ചേർന്നുചേ-
ർന്നൊന്നിപ്പു തേജസ്സേ! ഞാനും നീയും
പാരം മരവിച്ചു നിശ്ചലമായൊന്നു-
മോരാതിവിടുണ്ടെൻ ദേഹം മാത്രം!
ആ നിത്യനിർമ്മല സൗന്ദര്യ നിർമ്മിത-
മാനന്ദസ്വർണ്ണവിമാനത്തിങ്കൽ
ഏറി വിശാല ചിദാംബരജ്യോതിസ്സി-
ലാറാടി നിത്യം പറക്ക ഹൃത്തേ!
നിൻദർശനത്തിനാണെൻ ജീവിതമെന്നു
വന്നാലും വഞ്ചിതനല്ല ഹാ! ഞാൻ.
നീ തന്നെയാനന്ദം നീ തന്നെ സ്വാത
ന്ത്ര്യം-
നീ തന്നെ നിർവൃതി സൗന്ദര്യമേ!

V

ക്രൂരിരുൾ ദുസ്സഹം വർദ്ധിച്ചു വർദ്ധിച്ചു
പാരം പരവശമായ വിശ്വം
ദീനമായ് ചിന്താനിമഗ്നമായ് നിശ്ചലം
ധ്യാനിച്ചും ധ്യാനിച്ചും കാലം ചെൽകെ
ലോകത്തിനാശ്വാസ കാഞ്ചനദീപംപോ-
ലാകമ്രജ്യോതിസ്സേ! നീയണഞ്ഞു.
അന്ധകാരം ജവം മാറുമെന്നോതി നിൻ-
കാന്തിവിലാസങ്ങളോരോന്നുമേ.
നിന്നുജ്ജ്വലാഭ വിളക്കിയ മാർഗ്ഗത്തിൽ
മുന്നോട്ടു മുന്നോട്ടിപ്പൂർവ്വദേശം
സാനന്ദം സംശയാഭാവപ്രസന്നമാ-
മാനനത്തോടു ഗമിക്കയായി.
വാറൊളി പൂകിയ കാഷായനിർമ്മല-
വസ്ത്രം ക്രമത്തിലണിയുകയായ്.
പൊൻനാണയങ്ങളോരോന്നുമുപേക്ഷി-
പൈങ്കിളി നിസ്വനമന്ത്രമാർന്നും [ച്ചും
പാരിനേപ്പാവനമാക്കാൻ ഹിമശുഭ്ര-
വാരിബിന്ദുക്കൾ തളിച്ചുകൊണ്ടും
പിന്നെയും മുന്നോട്ടുപോകെ യുദിക്കുന്നു
വന്ദ്യമാഹാത്മ്യമാം തേജോധാമം!
ആ വിശ്വബാന്ധവനാകും ത്രയീമൂർത്തി
യാവിർഭവിക്കവേ നിത്യോജ്ജ്വലം,
ക്രൂരിരുൾ നിശ്ശേഷം നീങ്ങി വിളങ്ങുന്നി-
പ്പാരിടം ജ്യോതിർനിലയനമായ് !
ദിവ്യമഹസ്സതിലാറാടിയാറാടി-
യവ്യയകാന്തിയായ് വിശ്വം നില്ക്കേ,
കാമം കൃതാർത്ഥനായ് പുണ്യജനാചാര്യ!
നീ മറയുന്നു! നമോ നമസ്തേ !!

# സൌന്ദര്യ്യാസ്വാദം

(N. Krishna Pillai B. A. (Hons) Research Scholar, University of Travancore.)

**കാ**ണാൻ കൌതുകമുള്ള ഒരു ചെറുപ്പക്കാരിയെ ഭാര്യ്യയായിലഭിക്കണമെന്ന് ഏതൊരുയുവാവും ആശിക്കും. ചില പടിക്കുടികടന്ന രസികന്മാർ തനിസൌന്ദര്യ്യത്തിൽ വാർത്തെടുത്തഭൂലോകരംഭകളെ തേടിപ്പുറപ്പെട്ടും നാലുപെണ്ണുങ്ങളുടെ ഇടയിലും ഇതുതന്നെഗതി. ഇതിലൊക്കെ ആരെയും കുററപ്പെടുത്തിയിട്ടുകാര്യ്യമില്ല. സൌന്ദര്യ്യത്തെപ്പററി അത്രകണ്ടു് ഉഴലുന്നവനാണു് മനുഷ്യൻ പരസ്യമായും രഹസ്യമായും പൊതുവേയും പ്രത്യേകമായും അങ്ങനെ ഒരു താല്പര്യ്യം അവനെ പരവശനാക്കിയിട്ടുണ്ടു്. രക്ഷപ്പെടണമെന്നു് അയാൾക്കു താല്പര്യ്യമില്ല; കഴിയുകയുമില്ല.

ഒരു കുഴപ്പമേയുള്ളു എന്റെ സൌന്ദര്യ്യം വേറൊരുവനു സൌന്ദര്യ്യമാവുകയില്ല. എന്റെ രംഭയെ ശൂർപ്പണഖയെന്നു കരുതുന്നപലരുംകാണും. എനിക്കു പിടിക്കുന്ന കണ്ണും മൂക്കും പല്ലും തലമുടിയും കണ്ടു മുഖംചുളിക്കുന്ന സ്നേഹിതന്മാർ പലരുമുണ്ടു്. അപ്പോൾ ഒരു വസ്തുവിൽ തന്നെ സൌന്ദര്യ്യവും വൈരൂപ്യവും ഒത്തുചേർന്നിട്ടുണ്ടെന്നു വരണമല്ലോ. അതു തീരെനിരപ്പുള്ള കാര്യ്യമല്ല. വസ്തുനിഷ്ഠമാണു് സൌന്ദര്യ്യമെങ്കിൽ, ആസൌന്ദര്യ്യം ഇങ്ങനെ നിറംമാറുന്ന പ്രകൃതമുള്ളതാണെങ്കിൽ, അതിനെ നാം എന്തിനിത്ര വാഴ്ത്തിപ്പാടുന്നു? പാടില്ല.

സൌന്ദര്യ്യം വസ്തുക്കളിലല്ല, മനുഷ്യനിലാണു് കുടികൊള്ളുന്നതു് എന്നു് ഒഴിഞ്ഞുമാറുന്ന ആളുകളുണ്ടു്. മനുഷ്യഹൃദയത്തിനു സൌന്ദര്യ്യബോധം എന്നൊരു അപൂർവ്വസിദ്ധിയുള്ളതുകൊണ്ടാണു് പ്രകൃതിവസ്തുക്കളിൽ സൌന്ദര്യ്യം ദർശിക്കുന്നതു് എന്നാണു് ഇക്കൂട്ടരുടെ അഭിപ്രായം. വളച്ചുകെട്ടാതെ പറഞ്ഞാൽ, മനുഷ്യന്റെ ഹൃദയസൌന്ദര്യ്യം വസ്തുക്കളിൽ പ്രതിഫലിക്കുകയാണു്. സൂര്യ്യന്റെ പ്രകാശം ചന്ദ്രനിലെന്നപോലെ, ചക്രവർത്തിയുടെശക്തി സാമന്തനിൽ നിഴലിക്കുന്നതുപോലെ.

കുഴപ്പം പഴയതുതന്നെ. അനിത്യവും അസ്ഥിരവുമാണു് സൌന്ദര്യ്യംഎന്നു് ഇവിടെയും സമ്മതിച്ചുതന്നെ തീരണം. അല്ലെങ്കിൽപിന്നെ എല്ലാഹൃദയങ്ങളും സൌന്ദര്യ്യപരീക്ഷണത്തിൽ ഏകാഭിപ്രായം പരിപാലിക്കാത്തതെന്തുകൊണ്ടു്.

ഈ പ്രശ്നങ്ങൾക്കു മറുപടിഒന്നേയുള്ളു. വസ്തുനിഷ്ഠമെന്നും ഹൃദയനിഷ്ഠമെന്നും സൌന്ദര്യ്യത്തെ തിരിച്ചുനിറുത്തേണ്ട ആവശ്യമില്ല. പ്രകൃതിയിലെ വസ്തുക്കളെ പരിഗണിക്കുമ്പോൾ മനുഷ്യനും ഒരു വസ്തുതന്നെആണല്ലോ. പ്രകൃതിയിലെ ഒരു സവിശേഷഘടകം എന്നേയുള്ളു മനുഷ്യൻ. എളുപ്പം നടത്താവുന്ന ഈ അനുമാനത്തിലെത്തിച്ചേരാൻ പലസൌന്ദര്യ്യ നിരൂപകന്മാർക്കും വളരെക്കാലത്തേക്കു സാധിച്ചില്ലെന്നോർക്കുമ്പോൾ അത്ഭുതം തോന്നിപ്പോകും. പക്ഷേ അതു വെറുംവാസ്തവമാണു്. മനുഷ്യനടക്കമുള്ള

പ്രകൃതിവസ്തുക്കളെല്ലാം സൌന്ദര്യതേജോനിബിഡങ്ങളാണു്. അഥവാ വിശ്വവ്യാപകമായ സൌന്ദര്യത്തിന്റെ പരിസ്ഫുരണമാണു് ചരാചരാത്മകമായ പ്രകൃതി. അന്തഃകരണസമ്പത്തുകൊണ്ടു അനുഗൃഹീതനായ മനുഷ്യൻ പ്രകൃതിയിലെ സൌന്ദര്യസമ്പൂർണ്ണങ്ങളായ മററുവസ്തുക്കളോടു് ഇടപെടുമ്പോൾ ഹൃദയാന്തസ്ഥിതമായ സൌന്ദര്യത്തിനു് ഉത്തേജനം സിദ്ധിക്കുന്നു. വസ്തുഗതമായ സൌന്ദര്യം ഹൃദയസൌന്ദര്യത്തോടു് താദാത്മ്യം കൈക്കൊള്ളുന്നു. വിശ്വം നിറഞ്ഞു വഴിയുന്ന സൌന്ദര്യത്തിന്റെ അംശമാണു് എന്നഅഭിമാനവും അഭിമാനസംയുക്തമായ സൌന്ദര്യോപഭോഗത്തിൽനിന്നും ജനിക്കുന്ന ആനന്ദവും ഇണങ്ങിച്ചേർന്നു പ്രവർത്തിക്കുമ്പോൾ സർവ്വമനോഹരമായ കലയുടെ ഉൽപത്തിക്കു വേണ്ട പശ്ചാത്തലം ഉണ്ടാവുകയായി.

അതിരിക്കട്ടെ, സൌന്ദര്യാസ്വാദന ശക്തി അപൂർവ്വം ചിലക്കു മാത്രമേ സിദ്ധിക്കാറുള്ളു എന്നൊരഭിപ്രായമുണ്ടു്. അതൊരിക്കലും ശരിയല്ല. സംസ്കൃതനും അസംസ്കൃതനും കാടനും നാടനും എല്ലാം സൌന്ദര്യത്തെ ബഹുമാനിക്കുന്നു എന്നതിനു സംശയമില്ല. ഇലയും തോലും ചൂടി ഉടൽ മറഞ്ഞുകൂട്ടുന്ന കാട്ടുമനുഷ്യനും വിചിത്രവസ്ത്രാലംകൃതനായ നാഗരികനും സൌന്ദര്യം വേണമെന്നും ആസ്വാദിക്കണമെന്നും ആഗ്രഹിക്കുന്നവരാണു്. അവനവന്റെ മാർഗ്ഗത്തിൽക്കൂടി അവർ അതിനു യത്നിക്കാറുണ്ടു്. ഓരോരുത്തനും സുന്ദരമെന്നു തോന്നുന്നതിനെ സ്നേഹിക്കുകയും ആ സ്നേഹത്തിൽ നിന്നു സുഖമനുഭവിക്കുകയും ചെയ്യുന്നു. പക്ഷേ സൌന്ദര്യാവബോധത്തെ സംബന്ധിച്ചിടത്തോളം കാലദേശപാരമ്പര്യാദികളായ ഉപാധികൾക്കു അന്യൂനമായ സ്വാധീനശക്തിയുണ്ടെന്നു സമ്മതിച്ചേതീരൂ. പല കാലത്തു പല സൌന്ദര്യബോധം, പല ദേശങ്ങളിൽ പല മട്ടിൽ സൌന്ദര്യചിന്ത, എന്നു പറഞ്ഞാൽ ചിന്തകന്മാൎക്കു വിവരണം ആവശ്യമില്ല. എന്നാൽ ഒരു കാലത്തും ദേശത്തും സൌന്ദര്യത്തിനു് മങ്ങലില്ല. സൌന്ദര്യം വസ്തുവിലുണ്ടു്. അതു് ആസ്വാദിക്കുന്ന മനുഷ്യൻ കാലദേശപാരമ്പര്യാദികളാൽ വലയിതനായതുകൊണ്ടു് അവന്റെ ബോധം മാറിമറിയുന്നെന്നേ ഉള്ളു. സൌന്ദര്യചിന്തയുടെ പരമ കോടിയിൽ, പുൽക്കൊടിതൊട്ടു നക്ഷത്രമണ്ഡലംവരെ എല്ലാവസ്തുക്കളിലും അനന്തസൌന്ദര്യത്തിന്റെ സത്തയും വിലാസവും കാണാതെ തരമില്ല. ആദർശനം സിദ്ധിക്കുമ്പോഴാണു് സൗന്ദര്യാസ്വാദനശക്തി സമഗ്രമായി പ്രശോഭിക്കുന്നതു്. സൌന്ദര്യവേദാന്തം പകൽ പോലെ വെളിപ്പെടുന്ന ഘട്ടമാണതു്.

സാധാരണ വ്യവഹാരത്തിൽ ഈ അഗാധചിന്തയ്ക്കു പ്രസക്തിയില്ല. പല പല സൌന്ദര്യാംശങ്ങളുടെ ചേതോഹരമായ സങ്കലനമാണു് നിത്യജീവിതത്തിൽ സൌന്ദര്യമായി കരുതപ്പെടാറുള്ളതു്. സൂക്ഷ്മാംശങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുവാനുള്ള സന്നദ്ധതയും പ്രാപ്തിയും സാമാന്യന്മാൎക്കില്ലല്ലോ. അതുകൊണ്ടു മിക്കവാറും കലാകാരന്മാർ സുന്ദരവസ്തുക്കളെ ഔചിത്യപൂർവ്വം സങ്കലനം ചെയ്തു് സാധാരണന്റെ കണ്ണിലും മനക്കണ്ണിലും തെളിഞ്ഞു കാണത്തക്ക സൌന്ദര്യപ്രതിമകൾ സൃ

ഷ്ടിക്കുന്നു. ആ പതിവിനെ അടിസ്ഥാനമാക്കിയാണ് വസ്തുസംയോഗചാതുര്യത്തിനും വർണ്ണസങ്കലനസാമർത്ഥ്യത്തിനും കലാലോകത്ത് പ്രാമാണ്യം സിദ്ധിച്ചത്. ഏതദ്വിഷയമായ വിവിധമതങ്ങൾക്കു പ്രചാരം ഉണ്ടായതു്.

ഒന്നോർത്താൽ സൌന്ദര്യത്തിനു പ്രത്യേകസത്തയില്ല. അതുപോലെ തന്നെ ജ്ഞാനത്തിനും അനാദ്യന്തമായ പരാശക്തിയെ ആരായുന്നതിനും സാക്ഷാൽക്കരിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ ആണ് അവ. കലാകാരൻ ആദ്യത്തെ മാർഗ്ഗവും ശാസ്ത്രകാരൻ രണ്ടാമത്തെ മാർഗ്ഗവും സ്വീകരിക്കുന്നു. ഒരാൾക്കു സൌന്ദര്യാസ്വാദനം, വേറൊരാൾക്കു ജ്ഞാനാന്വേഷണം. വേദാന്തം ഒരു ശാസ്ത്രമായതുകൊണ്ട് രണ്ടാമത്തെ ഇനത്തിൽ ഉൾപ്പെടുത്താം. സൌന്ദര്യം ആസ്വദിച്ചാലും ജ്ഞാനം തേടിപ്പിടിച്ചാലും പരമാനന്ദംതന്നെ ഫലവും പ്രയോജനവും. രണ്ടിടത്തും ആനന്ദത്തിനു കൂടുതൽ കുറവില്ല. ബ്രഹ്മാനന്ദസചിവം തന്നെ ഇരുകൂട്ടരുടെയും അനുഭൂതി. പ്രപഞ്ചത്തിലുള്ള ഓരോ വസ്തുവിലും സൌന്ദര്യമുണ്ട്. ഓരോ വസ്തുവും അറിവിന്റെ ഇരിപ്പിടമാണ്. ഓരോ വസ്തുവിലും നൂറായിരം തത്വങ്ങൾ നിറഞ്ഞു കിടപ്പുണ്ട്. ഓരോന്നും കാണുന്നവൻ, കാണാൻ കരുത്തുള്ളവൻ കണ്ടെത്തിയ കാര്യത്തെപ്പററി ലോകത്തോടു വിളിച്ചു പറയും. പിന്നെന്തിനാണ് കലാകാരനും ശാസ്ത്രകാരനും തത്വജ്ഞനും ചേരിതിരിഞ്ഞു നിന്നു കലഹിക്കുക? വാശിപിടിച്ച വഴക്കുകളും ചൊടിച്ചുകൊണ്ടുള്ള വെല്ലുവിളികളും എന്തിന് മുഴക്കുന്നു? വിശാലമായ പൊതുരംഗത്തിൽ കൂട്ടിമുട്ടുന്ന ഈ സഞ്ചാരികൾ കൈകോർത്തു പിടിച്ചു കൊണ്ട് ചങ്ങാതിമാരായി വർത്തിക്കുകയല്ലേ ലോകക്ഷേമത്തിനും പുരോഗതിക്കും സഹായമായിത്തീരുന്നത്?

---

## തിരുനാൾ മംഗളാശംസ

കാണാം വഞ്ചീന്ദ്രരിൽതാൻ തുഹിനഗിരിവരെദ്ദിഗ്ജയംനേടിയോരെ-
ക്കാണാം നൂനം "പെരിഞ്ചോററരെ", ലളിതകലാവൃദ്ധരെസ്സിദ്ധരേയും;
കേണാർന്നീ സാധുലക്ഷ്മാവലിയുടെ നിറയും നന്ദിയങ്ങെന്നി-എന്നാൽ,
കാണാ സമ്പൂർണ്ണമാർജ്ജിച്ചവരെ; നൃപമണേ! വെല്ക! നിത്യപ്രഭാവം.

പേരൂർക്കട, എം. കൊച്ചപ്പൻ

# *മാഡം ക്യൂറി

കെ. ഭാസ്കരൻ നായർ എം. എസ്സ്. സി.

പോളണ്ടിന് യൂറോപ്പിൻെറ രാഷ്ട്രീയ ചരിത്രത്തിലെന്ന പോലെ, സയൻസിൻെറ ചരിത്രത്തിലും അവിസ്മരണീയമായ ഒരു സ്ഥാനമുണ്ട്. റഷ്യയുടെയും ജമ്മനിയുടെയും ഇടയ്ക്കു കിടന്ന് ഇരുക്രൂരരുടെയും മർദ്ദനം അനുഭവിക്കാനും, ഇടയ്ക്കിടെ സ്വാതന്ത്ര്യത്തിൻെറ സ്വാദറിയുവാനും വീണ്ടും പരാധീനമാകുവാനും ആണ് ആ രാജ്യത്തിൻെറ വിധിയെന്നു തോന്നുന്നു. പക്ഷേ ശാസ്ത്രവിജ്ഞാനത്തിൻെറ പുരോഗതിയിൽ അതു് അഭിമാനകരമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ആ വിജ്ഞാനമണ്ഡലത്തിൻെറ അടിസ്ഥാനസങ്കല്പങ്ങളെ ഉടച്ചു വാർത്ത രണ്ടു മഹാത്മാക്കളുടെ മാതാവാകുവാൻ ആ രാജ്യത്തിനു ഭാഗ്യമുണ്ടായി. ഇവരിൽ ഒരാൾ പ്രാചീന വിശ്വാസങ്ങളെ തകിടം മറിച്ച് ഭൂമി സൂര്യനു ചുററും കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോളമാണെന്നു സ്ഥാപിച്ചു. അദ്ദേഹമാണ് പതിനാറാം നൂററാണ്ടിൽ ജീവിച്ചിരുന്ന കോപ്പർനിക്കസ്സ്. സൂര്യനല്ല ഭൂമിയാണ് കറങ്ങുന്നതെന്നുള്ള അദ്ദേഹത്തിൻെറ കണ്ടുപിടിത്തം ഈ ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്ന നമുക്ക് നിസ്സാരമായി തോന്നിയേക്കാം. എങ്കിലും അതു് മാനവസംസ്കാരത്തിൻെറ പുരോഗതിയിൽ സർവ്വപ്രധാനമായ ഒരു സംഭവമാകുന്നു. മറേറതു് ഒരു സ്ത്രീയാണ്. ലോകത്തുണ്ടായിട്ടുള്ള സ്ത്രീകളുടെ കൂട്ടത്തിൽ അഗ്രഗണ്യയെന്നു മാത്രമല്ല അദ്വിതീയയെന്നു കൂടി പറയാവുന്ന ഈ മഹതിയുടെ ഒരു ജീവചരിത്രസംക്ഷേപത്തിനാണ് ഇവിടെ തുനിയുന്നതു്.

മാഡം ക്യൂറിയുടെ ആദ്യത്തെ പേരു് മേര്യാ സ്ക്ലൊഡോവ്സ്കാ എന്നായിരുന്നു. ഇരുപത്തെട്ടാമത്തെ വയസ്സിലുണ്ടായ വിവാഹത്തിനു ശേഷമാണ് ലോകത്തിനിന്ന് സുപരിചിതമായ നാമം അവർ സ്വീകരിച്ചതു്. മേര്യാ ൧൮൬൭ നവംബർ മാസം ൭-ാംനു പോളണ്ടിൻെറ തലസ്ഥാനമായ വാർസാ നഗരത്തിൽ ജനിച്ചു. പിതാവായ വ്ലാഡിസ്ലാവ് സ്ക്ലൊഡോവ്സ്കി ആ നഗരത്തിലെ ആൺകുട്ടികൾക്കായുള്ള ഹൈസ്കൂളിൽ ഫിസിക്സ് അദ്ധ്യാപകനായിരുന്നു. അഭ്യസ്തവിദ്യയും രൂപവതിയുമായിരുന്ന മാതാവു് ക്ഷയരോഗ ബാധിതയായി നേരത്തെ മരിച്ചു പോയി. ഈ ദമ്പതികൾക്ക് ഒരാണും നാലുപെണ്ണും ഉൾപ്പെടെ അഞ്ചു സന്താനങ്ങളുണ്ടായിരുന്നതിൽ അവസാനത്തേതായിരുന്നു മേര്യാ. സ്ക്ലൊഡോവ്സ്കിയ്ക്കു് നിസ്സാരമായ ശമ്പളമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് കുടുംബം വലിയ കഷ്ടപ്പാടിലാണ് കഴിഞ്ഞതു്. എങ്കിലും തൻെറ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം കൊടുക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. മൂത്ത സന്താനമായ സോസിയ വളരെ ചെറുപ്പത്തിലേ മരിച്ചു പോയെങ്കിലും മററുള്ള നാലുപേരും പഠിത്തത്തിൽ അത്യധികമായ സാമർത്ഥ്യം പ്രദർശിപ്പിച്ചു. പരീ

* മദാം ക്യൂറി = ക്യൂറി (മദാമ്മ). ഇങ്ഗ്ളീഷിൽ മാഡം ക്യൂറി എന്നു് ഉച്ചരിക്കും. Ed.

ക്ഷകളിലെല്ലാം പ്രഥമ സ്ഥാനവും പല സമ്മാനങ്ങളും അവർ ഓരോരുത്തരും കരസ്ഥമാക്കി. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തന്റെ ഏകപുത്രനായ ജോസഫിനെ ഉപരി പഠനത്തിനയയ്ക്കുവാനുള്ള പണമേ സാധുവായ ആ അദ്ധ്യാപകനുണ്ടായിരുന്നുള്ളു. പെൺകുട്ടികൾ ഇക്കാരണത്താൽ നിരാശരായി ഓരോ ജോലികളിൽ പ്രവേശിച്ചു. എങ്കിലും ഉന്നത വിദ്യാഭ്യാസം സമ്പാദിക്കണമെന്നുള്ള ആഗ്രഹം അവരിൽ രണ്ടുപേർക്ക് വളരെയുണ്ടായിരുന്നു. ബ്രോണ്യാ, മേര്യാ എന്ന ഈ രണ്ടു സഹോദരിമാരും ശൈശവം മുതലേ അതിഗാഢമായ പരസ്പര സ്നേഹം പുലർത്തിവന്നു. മാതൃവാത്സല്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത മേര്യായ്ക്കു് അവളുടെ മൂത്ത സഹോദരിയോടുണ്ടായ കടപ്പാടിനെപ്പററി അതിശയിക്കാനില്ല. ഏതു വിധേനയും പാരീസിൽ പോയി ഉന്നത വിദ്യാഭ്യാസം നേടണമെന്നു് ഇവർ രണ്ടുപേരും തീർച്ചപ്പെടുത്തി. മേര്യാ ഉൾനാട്ടിലുള്ള ഒരു പ്രഭു കുടുംബത്തിൽ അദ്ധ്യാപനവൃത്തി സ്വീകരിച്ചു. അതിൽ നിന്നു സമ്പാദിക്കുന്ന പണം കൊണ്ടു് ബ്രോണ്യാ പാരീസിൽ വൈദ്യശാസ്ത്രം പഠിക്കണമെന്നും, അവളുടെ വിദ്യാഭ്യാസം പൂർത്തിയായി ജോലിയിൽ പ്രവേശിക്കുമ്പോൾ മേര്യാ പാരീസിലേയ്ക്കു് പോകണമെന്നുമാണു് അവർ നിശ്ചയിച്ചതു്. ഇങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ പ്രതിഭാ സമ്പന്നയും സൗന്ദര്യവതിയുമായ ഈ പെൺകുട്ടി ഒരുൾനാട്ടിൽ അദ്ധ്യാപികയായി ജീവിതം തുടങ്ങി. ആനന്ദരഹിതങ്ങളായ ആറു നീണ്ട വർഷങ്ങളാണു് അവൾക്കു് ആ വിധത്തിൽ കഴിക്കേണ്ടി വന്നതു്, ആറുവർഷങ്ങൾ !! അവളുടെ സർവ്വ ദുരിതങ്ങളും ഈ കാലത്തിനുള്ളിൽ അനുഭവിച്ചു തീരണമെന്നാണു് വിധി നിശ്ചയിച്ചതു്. യൗവനത്തിന്റെ ഈ നവോദയ വേളയിൽ കൃതാർത്ഥമാകാത്ത വിജ്ഞാനതൃഷ്ണയാൽ വിവശയായി അവൾ ഇത്രയും കാലം ഏകാന്തദാരുണമായ ജീവിതം നയിച്ചു. അവൾക്കു് ഭാവിയേക്കുറിച്ചു് ആദ്യമുണ്ടായിരുന്ന മോഹനസ്വപ്നങ്ങളെല്ലാം ക്രമേണ പൊലിയുവാൻ തുടങ്ങി. അവളുടെ പ്രസന്നതകളെല്ലാം നശിക്കയും ആ യുവഹൃദയം നിരാശയുടെ അടിത്തട്ടിലേയ്ക്കു താഴുകയും ചെയ്തു. വ്യക്തിപരമായ ദൗർഭാഗ്യം മാത്രമല്ല അവളെ പീഡിപ്പിച്ചതു്. റഷ്യയുടെ കാൽചവിട്ടേററു കഷ്ടപ്പെടുന്ന മാതൃഭൂവിനെക്കുറിച്ചുള്ള ഹൃദയവേദനയും അവൾക്കു് ദുസ്സഹമായിരുന്നു. ജീവിതത്തിൽ കാമ്യമായ യാതൊന്നും തനിക്കു് ആശിക്കാനില്ലെന്നുള്ള ഒരു ബോധം അവൾക്കുണ്ടായി. അക്കാലത്തു് അവളെഴുതിയ കത്തുകളിലെല്ലാം ഈ ചിന്താഗതിയുടെ ശോകമയങ്ങളായ പ്രതിഫലനങ്ങൾ കാണ്മാനുണ്ടു്. "എനിക്കു് ഭാവിയേക്കുറിച്ചു് വലിയ ഉദ്ദേശങ്ങളൊന്നുമില്ല. ആവും വിധത്തിൽ കാലം കഴിക്കുവാൻ ശ്രമിക്കണമെന്നും, നിവൃത്തിയില്ലാതാകുമ്പോൾ ഈ നീചലോകത്തോടു് യാത്ര പറയണമെന്നും മാത്രമേ എനിക്കു മോഹമുള്ളു. ഞാൻ മൂലമുള്ള നഷ്ടം തുച്ഛവും എന്നെക്കുറിച്ചുള്ള ദുഃഖം ക്ഷണികവുമായിരിക്കും." ഈയ്യിടയ്ക്കു് അവൾ ജോലി ചെയ്തിരുന്ന പ്രഭു കുടുംബത്തിലെ ഏകപുത്രൻ അവളിൽ അനുരക്തനായിത്തീർന്നു. പക്ഷേ നിർദ്ധനയും കേവലം ഒരു വേലക്കാരിയുടെ നില മാത്രമുള്ളവളും ആയ മേര്യായെ വിവാഹം ചെയ്യുവാൻ

അയാളുടെ മാതാപിതാക്കന്മാർ സമ്മതം നൽകിയില്ല. ഈ സംഭവം കൂടി ആയ പ്പോഴേയ്ക്കു് മേര്യാ ജീവിതം തന്നെ വെറു ത്തു. ആത്മഹത്യയെക്കുറിച്ചുള്ള ചിന്തകൾ പോലും അവളുടെ മനസ്സിൽ ഉദിക്കാതി രുന്നില്ല. തൻെറ നിർഭാഗ്യ ജീവിതം നിർമ്മയൂഖമായ അന്ധകാരത്തിൽ ആണ്ടു പോയെന്നും തന്നെക്കുറിച്ച് വ്യസനിക്ക രുതെന്നും കാണിച്ച് അവൾ തൻെറ സഹോദരിക്കെഴുതുകയുണ്ടായി. "ഈ ലോകത്തു് ഞാൻ ഭാഗ്യഹീനയായിട്ടാണ തിന്നതു്. ഭാവിയുടെ വിസ്തൃതിയിൽ ഞാൻ നിർമ്മിച്ച ആശാസൗധങ്ങളെല്ലാം തകർന്നുപോയി. പതിനെട്ടാമത്തെ വയ സ്സിലാണ് ഞാൻ ഇവിടെ വന്നതു്. ഈ ആറുവർഷത്തിനുള്ളിൽ ഞാൻ എന്തെല്ലാം അനുഭവിച്ചില്ല! സോദരീ! ഞാൻ എ ൻെറ ഭാഗ്യദോഷം വർണ്ണിച്ച് നിൻെറ ആനന്ദത്തെ കളങ്കപ്പെടുത്തുന്നുവെങ്കിൽ ക്ഷമിക്കണം. നിനക്കു വേണ്ടി മാത്രമാ ണ് ഞാൻ ജീവിക്കുന്നതു്. എൻെറ ആ ലിംഗനങ്ങൾ സ്വീകരിക്കൂ. എന്നെക്കുറി ച്ച് അലിവോടുകൂടി ചിന്തിക്കൂ—ഒരു പ ക്ഷേ ഇവിടെ ഇരുന്നു പോലും അതറിയു വാൻ എനിക്കു കഴിഞ്ഞേക്കാം."

ഇങ്ങനെ ആറുവർഷം കഴിഞ്ഞപ്പൊഴേ യ്ക്കു് ബ്രോണ്യായുടെ പഠനം പൂർത്തിയാ യി. അവസാനത്തെ പരീക്ഷയ്ക്കു കുറച്ചു മുമ്പു് അവൾ തൻെറ ഒരു സഹപാഠി യെ വിവാഹംചെയ്തു. ബിരുദങ്ങൾ നേ ടിയശേഷം അവർ രണ്ടുപേരുംകൂടി പാ രീസിൽ ഒരു ചികിത്സാലയം തുടങ്ങി. ഇതിനുശേഷം ബ്രോണ്യാ ചെയ്തു ആദ്യ ത്തെകൃത്യം പോളണ്ടിൻെറ ഒരു കോണി ലെവിടെയോ കിടന്നു കഷ്ടപ്പെടുന്ന തൻെറ അനുജത്തിയെ പാരീസിലേയ്ക്കു വരുത്തുകയായിരുന്നു. പഴയ ആശകളെ ല്ലാം നശിച്ചിരുന്നതിനാൽ മേര്യാ ഈ ക്ഷണം സ്വീകരിക്കാൻ കുറച്ചൊന്നു മടി ച്ചു. പോളണ്ടിൽ തന്നെ താമസിച്ച് തൻെറ പ്രിയപ്പെട്ട പിതാവിനെ അദ്ദേ ഹത്തിൻെറ ജീവിതസായാഹ്നത്തിൽ ശുശ്രൂഷിക്കുകയാണ് ഭേദമെന്നു അവൾ വിചാരിച്ചു. പക്ഷേ ജ്യേഷ്ഠസഹോദരി യുടെ നിർബന്ധശാഠ്യങ്ങൾ മൂലം ഒടു വിൽ പാരീസിലേയ്ക്കു പോകുവാൻ തന്നെ അവൾ തീർച്ചപ്പെടുത്തി. വാർസാ യിലെ റെയിൽവേസ്റ്റേഷനിൽവച്ച് വൃ ദ്ധനായ സ്ക്ലൊഡോവ്സ്കി തൻെറ ഓമനപ്പുത്രിയെ അനുഗ്രഹിച്ചു യാത്രയാ ക്കി. "ഞാൻ പോകുന്നതോർത്തു് വ്യസ നിക്കരുതു്. രണ്ടുവർഷം, ഏറിയാൽ മൂന്നു്, അതിനകം ഞാൻ വിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ചെത്താം. തിരിച്ചു വന്നതിനുശേഷം പിന്നീടു് ഒരിക്കലും പിരിയാതെ നമുക്ക് ഒരുമിച്ചു ജീവി ക്കാം" എന്നു പറഞ്ഞുകൊണ്ടാണ് മേ ര്യാ യാത്രയായതു്. സാധുവായ പെൺ കുട്ടി!! പാരീസിൽ നിന്നു് സർവ്വകലാ ശാലാ ബിരുദം നേടിയശേഷം സ്വദേശ ത്തുവന്നു് ഒരു അദ്ധ്യാപികയായോ മറ്റോ തൻെറ ജീവിതം കഴിച്ചുകൂട്ടാമെന്നാണ് അവൾ വിചാരിച്ചതു്. പക്ഷേ വിദൂരമാ യ പാരീസിനെ ലക്ഷ്യമാക്കി പ്രയാണം ചെയ്ത ആ തീവണ്ടിയിൽ കാലുകുത്തിയ പ്പോൾ, യഥാർത്ഥത്തിൽ അവൾ നിസ്സാര വും നിർഭാഗ്യവുമായ ഒരു ജീവിതത്തെ പിന്നിട്ടു് അതുല്യവും ജാജ്വല്യമാനവു മായ ഒരു ഭാവിയെ കൈവരിക്കുകയാണു ചെയ്തതു്. മേര്യാ പാരീസ് സർവ്വകലാ ശാലയിൽ ഒരു വിദ്യാർത്ഥിനിയായി. മററ നേകം പോളിഷ് ജനങ്ങൾ പാർത്തിരുന്ന

SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ഒരു നഗരപ്രാന്തത്തിൽ, സഹോദരിയുടെ ഭവനത്തിലാണ് അവരം താമസിച്ചതു്. പക്ഷേ ആ സ്ഥലം വിദ്യാലയത്തിൽ നിന്നവളരെ അകലെ ആയതിനാൽ അവരം പന്നീട്ട് സർവ്വകലാശാലയുടെ സമീപം ഒരുമുറിയെടുത്തു് പ്രത്യേകം താമസം തുടങ്ങി. കാററും വെളിച്ചവും കടക്കാത്ത ആ ഇടുങ്ങിയ ഗുഹയിൽ തന്നത്താൻ ഭക്ഷണം പാകംചെയ്തും മിക്കപ്പോഴും ഒന്നും കഴിക്കാതെയും അവരം പഠനം ആരംഭിച്ചു. നല്ല വസ്ത്രങ്ങരം ധരിക്കുന്നതിനോ സുഖമായി ജീവിക്കുന്നതിനോ അവരംക്കു പണമില്ലായിരുന്നു. പോഷകാംശമുള്ള ആഹാരം കഴിക്കായ്കയാൽ പലപ്പോഴും അവരം പുസ്തകങ്ങളുടെ മുൻപിൽ മൂർഛിക്കയുണ്ടായി. വിദ്യാഭ്യാസാർത്ഥം ലോകത്തിൽ ഒരു മനുഷ്യനും ഇത്ര കഷ്ടപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. സഹപാഠികളുടെ ഇടയിൽ വളരെ ഒതുങ്ങിയും അകന്നും ആണ് അവരം കഴിഞ്ഞുകൂടിയതു്. മേര്യാ എന്ന പോളിഷ് നാമത്തെ അവരം മേരീ എന്നു് മാററി. അസാമാന്യ ബുദ്ധിശാലിനിയായ ഈ പോളിഷ് വിദ്യാർത്ഥിനിയുടെ രൂപലാവണ്യവും സ്വഭാവവിശേഷവും എല്ലാവരെയും ആകർഷിച്ചെങ്കിലും അവളോടു സംസാരിക്കുവാൻ പോലും ആരും ധൈര്യപ്പെട്ടില്ല. പഠിത്തത്തിലല്ലാതെ മറെറാന്നിലും അവരംക്കു ശ്രദ്ധയില്ലായിരുന്നു. ഇങ്ങനെ ഏകാഗ്രവും ശ്രമമഹവുമായ രണ്ടു കൊല്ലത്തെ പഠനത്തിനുശേഷം 1895-ൽ അവരം ഭൗതികാശാസ്ത്രത്തിൽ മാസ്റ്റർ ഓഫ് സയൻസ് എന്ന ബിരുദംനേടി. പരീക്ഷയിൽ അവരം പ്രഥമസ്ഥാനത്തിനു അർഹയായി. ഉടൻ തന്നെ അവരം ജന്മദേശമായ പോളണ്ടിലേയ്ക്കു തിരിച്ചു. പോളിഷ് ഗവണ്മെൻറ് സാധുവിദ്യാർത്ഥികരംക്കായുദ്ദേശിച്ചിരുന്ന ഒരു സ്കോളർഷിപ്പ് അക്കൊല്ലം അവരംക്കു കിട്ടുവാൻ ഭാഗ്യമുണ്ടായി. അതിൻെറ സഹായത്തോടെ അവരം വീണ്ടും പരീസിലേയ്ക്കുവന്നു ഗണിതശാസ്ത്രത്തിലും ഉന്നതബിരുദം നേടുവാൻ യത്നിച്ചു. ഒരു കൊല്ലത്തിനകം അതും അവരം കരസ്ഥമാക്കി. കുറേ കൊല്ലങ്ങരംക്കു ശേഷം തൻെറ ആദ്യസമ്പാദ്യത്തിൽ നിന്ന് ഈ വിദ്യാർത്ഥിവേതനം മുഴുവനും അവരം അധികാരസ്ഥാനങ്ങളിൽ തിരിച്ചേല്പിക്കയുണ്ടായി. തന്നെപ്പോലെ കഷ്ടപ്പെടുന്ന പോളിഷ് വിദ്യാർത്ഥികരം അനവധിയുണ്ടെന്നും, അവക്കുവേണ്ടിയാണ് താൻ ആ തുക തിരിച്ചുകൊടുക്കുന്നതെന്നും അവരം പറഞ്ഞു. അത്ഭുതപൂർവ്വമായ ഈ കൃത്യം സകലരേയും ആശ്ചയ്യപരതന്ത്രരാക്കി. ഇങ്ങനെ ഇരുപത്താറു വയസ്സായപ്പോഴേക്കു് മേരി രണ്ടു ശാസ്ത്രങ്ങളിൽ പ്രാവീണ്യം സമ്പാദിച്ചു. നാലുകൊല്ലത്തോളം നീണ്ടുനിന്ന പാരീസിലെ അവളുടെ വിദ്യാർത്ഥിജീവിതം നരകതുല്യമായ കഷ്ടപ്പാടുകരം നിറഞ്ഞതായിരുന്നു എങ്കിലും വിജ്ഞാനസമ്പാദനത്തെ എല്ലാററിലും ഉപരിയായി ഗണിച്ചിരുന്ന ആ വനിതാ രത്നത്തിൻെറ ദൃഷ്ടിയിൽ ആ കാലങ്ങരം ആനന്ദമധുരങ്ങളായിട്ടാണു പരിണമിച്ചതു്. അതിൻെറ സ്മരണകരം അനന്തരകാലത്തു് അവളെ പുളകം കൊള്ളിച്ചുകൊണ്ടിരുന്നു.

ബിരുദങ്ങരം നേടിയശേഷം ഭൗതികശാസ്ത്ര സംബന്ധമായ ചില ഗവേഷണങ്ങരം ചെയ്യുവാൻ വേണ്ടി അവരം പാരീസിൽ കുറച്ചുനാരംകൂടി കഴിച്ചുകൂട്ടി. ഈ താമസം മേരിയുടെ ജീവിതത്തിൽ സർവ്വപ്രധാനമായ മാററങ്ങരം വരുത്തി.

അന്നാണ് അവരം തൻെറ ഭാവി ഭത്താവിനെ അദ്യം കണ്ടുമുട്ടിയതു്. പീരി ക്യൂറിയ്ക്കു് അന്ന് 35 വയസ്സേ പ്രായമുണ്ടായിരുന്നുള്ളെങ്കിലും ഭൗതികശാസ്ത്രത്തിൽ പ്രാധാന്യമേറിയ പല ഗവേഷണങ്ങളുടെയും കത്താവെന്ന നിലയിൽ അദ്ദേഹം വിഖ്യാതനായിരുന്നു. സ്വന്തം ഗവേഷണങ്ങളേക്കുറിച്ച് ചില ഉപദേശങ്ങരം ലഭിക്കുവാനായി മേരി അദ്ദേഹത്തിൻെറ അടുക്കലേക്ക് നിയോഗിക്കപ്പെട്ടു. പക്ഷേ ഈ സന്ദശ്നം ഇവരുടെ ഭായ്യാഭർത്തൃബന്ധത്തിൻെറ നാന്ദിയായിട്ടാണ് കലാശിച്ചതു്. പീരി സമത്ഥയും സൗന്ദയ്യവതിയുമായ ഈ തരുണിയാൽ ആകഷിക്കപ്പെട്ടു. അദ്ദേഹം തൻെറ അന്തർഗതത്തെ വെളിപ്പെടുത്തിയപ്പോരം, മേരി ഭയചകിതയായി പിൻമടങ്ങി. താൻ വിദേശിയും നിർദ്ധനയും ആണെന്നുള്ള വിചാരവും സ്വകുടുംബത്തോടുള്ള കത്തവ്യത്തെക്കുറിച്ചുള്ള ചിന്തയും ആണ് അവളെ വിഷമിപ്പിച്ചതു്. പക്ഷേ പീരി ക്യൂറി ഇതുകൊണ്ടൊന്നും പിൻമടങ്ങുവാൻ തയ്യാറില്ലായിരുന്നു. അദ്ദേഹത്തിൻെറ അനുരാഗം ദിനംപ്രതി പുഷ്ടിപ്പെട്ടു. താനംകൂടി പോളണ്ടിലേയ്ക്കു പോരാമെന്നും, ഒരു ഫ്രഞ്ചുഭാഷാദ്ധ്യാപകനായി മേരിയോടുകൂടി കാലം കഴിക്കാമെന്നും അദ്ദേഹം പറഞ്ഞു. ഹൃദയംഗമമായ അനുരാഗത്താൽ പ്രചോദിതമായ ഈ അപേക്ഷകരംക്ക് ഒരു മറുപടിയും പറയാതെ മേരി പാരീസിൽ നിന്നു യാത്രയായി. പീരി ക്യൂറി പ്രണയം തുളുമ്പുന്ന എഴുത്തുകരം കൊണ്ട് അവളെ ശല്യപ്പെടുത്തുവാൻ തുടങ്ങി. ഇങ്ങനെ ഒന്നുകൊണ്ടും പിൻതിരിയാത്ത ഈ പ്രേമാത്ഥനകരംക്ക് ഒടുവിൽ മേരി വശംവദയായി. ക്യൂറിയെ വിവാഹം ചെയ്യുവാൻ അവരം തീച്ച്പ്പെടുത്തി. 1895 ജൂലൈ മാസത്തിൽ പാരീസിൽ വച്ച് അവർ വിവാഹിതരായി. അവളുടെ അച്ഛനും സഹോദരനും സഹോദരിമാരും ആ മംഗളകമ്മത്തിൽ സന്നിഹിതരായിരുന്നു.

പരീക്യൂറിക്ക് 500 ഫ്രാങ്കുമാത്രമേ ശമ്പളമുണ്ടായിരുന്നുള്ളു. ഇക്കാരണത്താൽ അവരുടെ ദാമ്പത്യജീവിതം പ്രയാസമേറിയതായിരുന്നു. പക്ഷേ അന്യോന്യമുള്ള സ്നേഹവിശ്വാസങ്ങരം അവക്ക് അവാച്യമായ ആനന്ദത്തെ പ്രദാനംചെയ്തു. രണ്ടു സൈക്കിരംവണ്ടികളിൽ, അവധിക്കാലത്തു് അവർ ഫ്രാൻസുമുഴുവനും ചുററിസഞ്ചരിച്ചു. ഭൂഭാഗഭംഗികരം കണ്ടുരസിച്ചും, നാട്ടിൻപുറങ്ങളിൽ വിശ്രമിച്ചും ഉല്ലസിതചിത്തരായി അവർ വളരെനാരം കഴിച്ചുകൂട്ടി. 1896ൽ മേരി ഗർഭവതിയായി. സെപ്ററംബർ മാസത്തിൽ അവരം ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവരുടെ ഈ ഓമനപ്പുത്രി ഇന്നു് വിശ്വവിഖ്യാതയായ ഒരു ശാസ്ത്രജ്ഞയാണ്. വിവാഹംചെയ്തു ദാമ്പത്യജീവിതം സ്വീകരിച്ചതുമൂലം തൻെറ വിദ്യാഭ്യാസത്തെ പാഴിലാക്കണമെന്നല്ല മേരി നിശ്ചയിച്ചതു്. സ്വ ഭത്താവിൻെറ ഗവേഷണങ്ങളിൽ പങ്കെടുക്കുവാനും സ്വന്തമായി ഗവേഷണങ്ങരം നടത്തി ഉന്നതബിരുദങ്ങരം നേടുവാനും അവരം ആഗ്രഹിച്ചു. ഇതിൻെറ ഫലമായി ഈ ദമ്പതികരം ചെയ്ത ഗവേഷണങ്ങരം ശാസ്ത്രത്തിൻെറ ചരിത്രത്തിൽ കാലക്രുത്തുകളായിത്തീൻ. അവരുടെ പ്രയാസമേറിയ പര്യവേക്ഷണങ്ങരംക്ക് വേണ്ട യാതൊരു

സൗകര്യവും ഇല്ലായിരുന്നെങ്കിലും, കാലിത്തൊഴുത്തിലും കഷ്ടമായ ഒരു കെട്ടിടത്തിൽ രാപകലില്ലാതെ അവർ പ്രയത്നിച്ചു. ആദ്യത്തെ ഗവേഷണങ്ങളുടെ ഫലമായി ഒരു പുതിയ ലോഹം കണ്ടുപിടിക്കുവാൻ അവർക്കു സാധിച്ചു. ഇതിന്നു മേരിയുടെ ജന്മഭൂമിയുടെ സ്മാരകമായി പൊളോണിയം എന്നു നാമകരണം ചെയ്തു. ഈ നിരീക്ഷണങ്ങളിൽ, പൊളോണിയത്തേക്കാൾ അത്ഭുതാവഹമായ ഒരു ലോഹം ഉണ്ടെന്നുള്ള ബോധം അവർക്കുണ്ടായി. അടുത്ത ഉദ്യമം അതു വേർതിരിച്ചെടുക്കുവാനായിരുന്നു. ഈ ഉദ്യമത്തിൽ പീരിയും മേരിയും ചെയ്ത അദ്ധ്വാനത്തിന്ന് അവധിയില്ല. 1898 മുതൽ 1902 വരെ നാലുകൊല്ലക്കാലം അവർ അവിശ്രമം പ്രയത്നിച്ചു. വൃത്തികെട്ട ചോർന്നൊലിച്ച ആ ഷെഡ്ഡിനകത്തെ നിരന്തരമായ ജോലികൊണ്ടു് അവരുടെ ആരോഗ്യത്തിന്നു സാരമായ ഹാനി തട്ടി. ഭൂമിയിൽനിന്നു കുഴിച്ചെടുക്കുന്ന രണ്ടും മൂന്നും ടൺ ധാതുദ്രവ്യത്തെ അരിച്ചും നീററിയും ശുദ്ധിചെയ്തും എടുത്തെങ്കിലേ ഒരു കടുകിൻ മണിയോളം നൂതനലോഹം കിട്ടുകയുള്ളൂ. ഇതെല്ലാം ഇടിച്ചുപൊടിക്കുന്ന ജോലി മേരിയാണു ചെയ്തതു്. പീരി അതിസൂക്ഷ്മങ്ങളായ രസതന്ത്രപ്രയോഗങ്ങൾ ചെയ്തു് പുതിയ ലോഹത്തെ ശുദ്ധിയാക്കി. അതിമഹത്തായ ഈ അദ്ധ്വാനത്തിൻെറ ഫലമായി 1902ൽ അവർ റേഡിയം എന്ന പുതിയ ലോഹത്തെ വേർതിരിച്ചെടുത്തു. പക്ഷേ ഒരു വിധത്തിലുള്ള ആനന്ദവും പൂർണ്ണമായി അനുഭവിക്കുവാൻ വിധി സമ്മതിക്കുകയില്ല. ആ കൊല്ലത്തിൽതന്നെ മേരിയുടെ വൃദ്ധപിതാവു് ദിവംഗതനായി. അദ്ദേഹത്തിന്ന് സുഖമില്ലെന്നു വാർത്ത കിട്ടിയനിമിഷത്തിൽതന്നെ മേരി വാർസായ്ക്കു വണ്ടി കയറി. പക്ഷേ അവൾ താമസിച്ചുപോയി. അദ്ദേഹത്തിൻെറ മൃതശരീരം മാത്രമേ അവൾക്കു കാണുവാൻ കഴിഞ്ഞുള്ളൂ. നാസാദ്വാരത്തിൽനിന്നു പുറപ്പെട്ട രക്തധാരയാൽ കളങ്കിതവും അസ്തചേതനവും ആയ ആ മുഖത്തോടു് അവൾ ദീർഘനേരം ക്ഷമാപണം ചെയ്തു. പിതാവിൻെറ ഇംഗിതാനുസാരം വാർദ്ധക്യത്തിൽ അദ്ദേഹത്തിൻെറകൂടെ താമസിക്കാഞ്ഞതിൽ അവൾ തന്നെത്തന്നെ രൂക്ഷമായി കുററപ്പെടുത്തി.

1903ൽ മേരി തൻെറ ഗവേഷണപ്രബന്ധങ്ങളെ സമാഹരിച്ചു് പാരീസ് സർവ്വകലാശാലയിലെ ഡാക്ടർ ബിരുദത്തിന്നു സമർപ്പിച്ചു. ബിരുദദാനം കാണുവാനായി ജോസഫും, ബ്രോണ്യായും പോളണ്ടിൽനിന്നു വരുകയുണ്ടായി. അതേവർഷത്തിൽതന്നെ അവൾക്കും ഭർത്താവിന്നും, ഹെൻറിബെക്വറൽ എന്ന ശാസ്ത്രജ്ഞനുംകൂടി ഭൗതികശാസ്ത്രത്തിന്നുള്ള നോബൽ സമ്മാനം നൽകപ്പെട്ടു. ഇതോടെ ഈ ദമ്പതികൾ വിശ്വവിഖ്യാതിയുടെ ഉജ്ജ്വലപ്രകാശത്തിലേക്കു് ആനീതരായി. അഭിമുഖസന്ദർശനത്തിന്നു വന്ന പത്രലേഖകരെക്കൊണ്ടു് അവർക്കു് സ്വൈരമില്ലാതായി. 1904ൽ അവർക്കു് ഒരു പുത്രികൂടെ ജനിച്ചു. വിജയത്തിൻെറയും പ്രശസ്തിയുടെയും ബഹളംകൊണ്ടു് വിഷമിച്ചെങ്കിലും അഭൂതപൂർവ്വമായ സംതൃപ്തിയോടെ ജീവിതം നയിച്ചുവരവെ, 1906 ഏപ്രിൽ മാസത്തിൽ ലോകത്തിന്നു ഒരിക്കലും മറക്കുവാൻ കഴിയാത്ത ഒരത്യാഹിതം നിസ്തുലമായ ഈ ദാമ്പത്യത്തിന്നു് വിരാമമിട്ടു. പീരി ഭാരമേറിയ

ഒരു സാമാനവണ്ടിയുടെ അടിയിൽ പെട്ട് മൃതിയടഞ്ഞു. പരമദാരുണമായ ഈ സംഭവംമൂലം മഹാവിദ്വാനായ ഒരു ശാസ്ത്രജ്ഞനെ ലോകവും, തനിക്ക് ഏകാവലംബമായിരുന്ന പ്രാണനാഥനെ മേരിയും നഷ്ടപ്പെട്ടു. അത് അവളുടെ ശാസ്ത്രസേവനത്തെ പെട്ടെന്ന് നിൎത്തിക്കളയുമെന്നാണ് എല്ലാവരും വിചാരിച്ചത്. പക്ഷേ അങ്ങനെ ചെയ്യുന്നത് പീരിയുടെ അഭിപ്രായത്തിന് വിരുദ്ധമായിരുന്നു. ആ സംഭവം ഒരു വ്യക്തിയെന്ന നിലയിൽ മേരിയുടെ അനന്തരജീവിതത്തെ ശോകസങ്കുലമാക്കിയെങ്കിലും, അവളുടെ ശാസ്ത്രീയ ഗവേഷണങ്ങളെ തെല്ലും സ്പൃശിച്ചില്ല. രണ്ടുപേരും കൂടി ചെയ്തുകൊണ്ടിരുന്ന ജോലിയെല്ലാം തനിച്ചുചെയ്യുവാൻ തന്നെ ഈ വിധവ തീൎച്ചപ്പെടുത്തി. പീരി വഹിച്ചിരുന്ന പാരീസ് സൎവകലാശാലയിലെ പ്രൊഫസ്സർ സ്ഥാനം അവൾക്ക നൽകപ്പെട്ടു. പൂൎവ്വൽശക്തിയോടെ അവൾ ഗവേഷണം തുടൎന്നു. ഇതിൻെറ ഫലമായി 1912-ൽ അവൾക്ക് രസതന്ത്രത്തിനുള്ള നോബൽ സമ്മാനം നൽകുകയുണ്ടായി. ലോകത്തിൽ ഇന്നുവരെ ഒരു മനുഷ്യനും ഇങ്ങനെ രണ്ടു പ്രാവശ്യം ഈ വിശ്രുത സമ്മാനത്താൽ ബഹുമാനിതനായിട്ടില്ല. ഇരുപതുവൎഷം മുമ്പ് തനിക്ക ലോകത്തിൽ യാതൊരു ഭാഗ്യവും വിധിച്ചിട്ടില്ലെന്നു വിലപിച്ച ഈ സ്ത്രീരത്നം ഈ സംഗതിയിൽ ഇന്നും അദ്വിതീയയായി ത്തന്നെ നിൽക്കുന്നു. മൂത്ത മകളായ ഐറീൻ, സഹോദരിയായ ബ്രോണ്യാ എന്നിവരോടുകൂടി പ്രസ്തുത സമ്മാനം സ്വീകരിക്കാനായി മേരി സ്റ്റോക്ക്ഹോമിലേയ്ക്കു പോയി. കേവലം പതിനാറു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ ബാലിക 24 വൎഷങ്ങൾക്കുശേഷം അതേ ഹാളിൽ വച്ചുതന്നെ തൻെറ പ്രിയമാതാവിനു ലഭിച്ച അതേ സമ്മാനത്തിന്നു അൎഹയായി ഭവിച്ചു.

മാഡം ക്യൂറിയ്ക്കു ലഭിച്ച അതുല്യമായ ഈ പ്രശസ്തികൾ ഫ്രാൻസിലെ പലൎക്കും അസൂയയ്ക്കു കാരണമായി. ഇതിൻെറ ഫലമായി ദുസ്സഹമായ പലതും അവൾക്ക സഹിക്കേണ്ടിവന്നു. ഇക്കാലത്ത് സുപ്രസിദ്ധസാഹിത്യകാരനായ സിയൻകീവിക്സിൻെറ നേതൃത്വത്തിൽ ഒരു പോളിഷ് പ്രതിനിധിസംഘം പാരീസിൽവന്ന് മേരിയെ വാർസായിലേയ്ക്കു പോരുവാൻ ക്ഷണിക്കയുണ്ടായി. പക്ഷേ അതിന് അവൾ സന്നദ്ധയല്ലായിരുന്നു. താൻ ഇത്രനാളും സേവിച്ച ഫ്രാൻസ്, തൻെറ വിജയങ്ങളിൽ അസൂയാകുലമായി ഹൃദയഭേദകവും നീചവുമായ രീതിയിൽ തന്നോടു പെരുമാറിയെങ്കിലും ഫ്രാൻസിനെ വിട്ടുപിരിയുവാൻ തനിക്ക സമ്മതമില്ലെന്നാണ് അവൾ പറഞ്ഞത്.

യുദ്ധകാലത്ത് മാഡം ക്യൂറി ഫ്രാൻസിനുവേണ്ടി ഒട്ടുവളരെ സേവനങ്ങൾചെയ്തു. റേഡിയം ശാസ്ത്രലോകത്തിൽ വിപ്ലവമുണ്ടാക്കിയ ഒരത്ഭുതവസ്തുമാത്രമായിരുന്നില്ല. എന്ത് അർബുദം എന്ന മഹാരോഗത്തിന് ഒരു പ്രതിവിധികൂടി ആയിരുന്നു. തൻെറ കണ്ടുപിടിത്തത്തിൻെറ ഈ വശത്തെ പുഷ്ടിപ്പെടുത്തുന്നതിനും ആ മഹതി വളരെ പ്രയത്നിച്ചു. 1921ൽ മേരി അമേരിക്ക സന്ദൎശിച്ചു. അമേരിക്കൻ ജനതയുടെ പരിതോഷികമായി പ്രസിഡൻറ് ഹാർഡിങ്ങ് അന്ന് അവൾക്ക് ഒരു ഗ്രാം റേഡിയം നൽകുകയുണ്ടായി. ശാസ്ത്രത്തിനുവേണ്ടിയുള്ള അത്യ

ദ്ധ്യാനത്തിനോടപ്പംതന്നെ ഒരു ഭായ്യയെന്നും മാതാവെന്നും ഉള്ള നിലകളിൽ സ്ത്രീധമ്മങ്ങളെല്ലാം പൂണ്ണമായി അനുഷ്ഠിക്കുകകൂടി ചെയ്ത മഹാമനസ്വിനിയാണ് മാഡംക്യൂറിയെന്നു അദ്ദേഹം പ്രസ്താവിച്ചു. ഇതിനുശേഷം 1934വരെ മാഡം ക്യൂറി പാരീസിലെ റേഡിയം ഇൻസ്റ്റിറ്റ്യൂട്ടിൻെറ ഡയറക്ടറെന്ന നിലയിലാണ് ജീവിതം കഴിച്ചതു്. ഇക്കാലത്തു് അവർ വിലയേറിയ പല ഗവേഷണങ്ങളും ചെയ്തതുകൂടാതെ, ലോകത്തിൻെറ നാനഭാഗങ്ങളിലും നിന്നുവന്ന അനേകശതം വിദ്യാത്ഥികൾക്കു് മാൎഗ്ഗദശനം ചെയ്യുകയും ചെയ്തു. 1934 ജൂലൈ മാസത്തിൽ അനുപമശോഭനവും ഏകാന്തശാന്തവുമായ ഒരു ജീവിതം പൂത്തിയാക്കിയശേഷം വിശ്രുതയായ ഈ സ്ത്രീരത്നം ദിവംഗതയായി. സ്വഭത്താവിൻെറയും അദ്ദേഹത്തിൻെറ പിതാവിൻെറയും മൃതദേഹങ്ങൾ അടക്കിയിരുന്ന ശവകുടീരത്തിനുള്ളിൽതന്നെ തൻെറ ശരീരത്തെയും നിക്ഷേപിക്കണമെന്നു് ആ മഹതി മരണപത്രത്തിൽ അനുശാസിച്ചിരുന്നു. യാതൊരു വിധമായ ചടങ്ങുകളോ ബഹുമാനങ്ങളോ ആ സന്ദഭത്തിൽ അനുഷ്ഠിക്കരുതെന്നും അവർ നിർബന്ധിച്ചിരുന്നു. ഇതനുസരിച്ച് കേവലം ഒരു കൃഷീവലകന്യകയ്ക്കു ലഭിക്കുന്ന ലളിതമായ ശവസംസ്കാരമേ;അനന്യസാധാരണയായ ഈ മഹിളാമണിയ്ക്കു ലഭിച്ചുള്ളു. അവരുടെ സഹോദരനും സഹോദരിയും ആ സന്ദഭത്തിൽ സന്നിഹിതരായിരുന്നു. പോളണ്ടിൽനിന്നു കൊണ്ടുവന്നിരുന്ന ഓരോ പിടി മണ്ണു് അവർ ആ ശവകുടീരത്തിൽ നിക്ഷേപിച്ച് കണ്ണുനീർവാത്തു. "മേരിക്യൂറീ സ്ക്ലോഡോവ്സ്കാ 1867-1934" എന്നുള്ള. ലിഖിതം മാത്രമേ ആ ശവക്കല്ലറമേൽ കൊത്തിയിട്ടുള്ളു.

---

# മലയാളത്തിലെ വൈദേശിക പദസമ്പത്തു്

എം. ആർ. ബാലകൃഷ്ണവാര്യർ.

ഏതൊരു മനുഷ്യനും എത്ര കേമനായാലും കടം കൊള്ളാതേയും പരസഹായം കൂടാതേയും ഒററയ്ക്കു നില്ക്കുവാൻ സാധിക്കുന്നതല്ല. ഭാഷകളുടെ സ്ഥിതിയും ഇതു തന്നെ. കേരളഭാഷയും സംസ്കാരവും തനിക്കു താൻ പോന്ന നില കൈക്കലാക്കിയെങ്കിൽ, പലരുടേയും പണ്ടങ്ങൾ സ്വായത്തമാക്കിയ ശേഷം മാത്രമാണു് ആ പതനത്തിലെത്തിയതു്. ഭാഷകളുടെ വളർച്ച അവ സംസാരിക്കുന്ന ജനസമുദായങ്ങളുടെ സംസ്കാര നിലയെ ആശ്രയിച്ചിരിക്കും. ഭിന്ന ഭാഷകൾ സംസാരിക്കുന്ന ജനസമൂഹങ്ങൾ തമ്മിൽ ഇടപഴകുമ്പോൾ പരസ്പരം പദങ്ങൾ പകരുന്നതാണു്. മലയാളത്തിലെ പദസംഹിതയിൽ ഇങ്ങനെ പല വഴികളിൽ കൂടി വൈദേശിക പദങ്ങൾ വന്നടിഞ്ഞിട്ടുണ്ടു്. അറബി, പേർഷ്യൻ, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ നിന്നും മലയാളത്തിലേക്കു സ്വീകരിച്ചിട്ടുള്ള പദങ്ങളെപ്പററി മാത്രമേ ചിലതു് തല്ക്കാലം പ്രസ്താവിക്കണമെന്നു് ഉദ്ദേശിച്ചിട്ടുള്ളു.

ഈ ഭാഷകളിൽ നിന്നു് കൂടുതൽ പദങ്ങൾ സ്വീകരിച്ചിട്ടുള്ളതു് മററു ദ്രമിഡ ഭാഷകളെ അപേക്ഷിച്ചു് മലയാളമാണു്. ഇതിനു കാരണം കേരളീയർക്കു് മററു ദ്രമിഡ ജനങ്ങളേക്കാൾ, അറബികൾ, ഈജിപ്ററുകാർ, പേർഷ്യന്മാർ എന്നീ ജനസമൂഹങ്ങളുമായി അടുത്ത പരിചയത്തിനും പെരുമാററത്തിനും കൂടുതൽ സൌകര്യം ലഭിച്ചതാണു്. കേരളത്തിന്റെ കിടപ്പും ഭൂസ്ഥിതിയും വിഭവങ്ങളും അതിന്റെ ചരിത്രഗതിയെ സാരമായി സ്പർശിച്ചിട്ടുണ്ടെന്നുള്ളതു് നിർവ്വിവാദമാണല്ലോ. അതിപുരാതന കാലം മുതൽ അറബികളും പേർഷ്യാക്കാരും ഈജിപ്ററുകാരും കേരളവുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. കുരുമുളകു, ഏലം, കറുവപ്പട്ട, തേക്കു്, ഈട്ടി മുതലായ കേരളോല്പന്നങ്ങൾ ഈ അന്യദേശീയരെ ഇങ്ങോട്ടു ആകർഷിച്ചു. കേരളത്തിലെ തുറമുഖങ്ങളും കായലുകളും വാണിജ്യത്തിനു വേണ്ട സൌകര്യങ്ങൾ പ്രദാനം ചെയ്തു. ഇങ്ങനെ അഭിവൃദ്ധിപ്പെട്ടുവന്ന വാണിജ്യബന്ധം ഏതാനും ശതവർഷങ്ങളായി അനുസ്യൂതമായി നിലനിന്നു. അതോടുകൂടി അവരിൽ പല സംഘക്കാരും കേരളത്തിൽ സ്ഥിരവാസമുറപ്പിക്കുന്നതിനും തുടങ്ങി. അടുത്ത പെരുമാററവും സമ്പർക്കവുമുണ്ടായപ്പോൾ പദങ്ങളുടെ ഭാഷയിലേക്കുള്ള പ്രവാഹവും ക്രമേണ വർദ്ധിച്ചു. കേരളവുമായി വാണിജ്യബന്ധത്തിലേർപ്പെട്ടിരുന്ന പുരാതനജനങ്ങളിൽ ഇവരെപ്പോലെ മററാർക്കും മലയാളത്തിലെ പദസമ്പത്തു് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അറബികളും മൂറുകളും മററും ആദ്യമായി കേരളവുമായി കച്ചവടം ആരംഭിച്ചതു് എന്നാണെന്നു് സൂക്ഷ്മമായി അറിയാൻ മാർഗ്ഗമില്ലെങ്കിലും ക്രിസ്തു ഒമ്പതാം ശതവർഷത്തോടുകൂടി അവർക്കു് കച്ചവടത്തിൽ പ്രാബല്യം ലഭിച്ചിരുന്നുവെന്നു് കരുതേണ്ടതുണ്ടു്. ഒമ്പതാം ക്രൈസ്തവശതാബ്ദത്തിന്റെ ആദിമാർദ്ധത്തിൽ കിഴ

ക്കൻ നാട്ടുകളിൽ സഞ്ചരിച്ച സിറാഫിലെ സുലൈമാൻ എന്ന വ്യാപാരിയുടെ യാത്രാ വിവരണത്തിൽ നിന്നും ഇതു് സ്പഷ്ടമാണു്. അപ്പോൾ ഈ കച്ചവടത്തിന്റെ പ്രധാന കേന്ദ്രം കൊല്ലം പട്ടണമായിരുന്നു. കിഴക്കൻ കടലുകളിൽ ഓടിത്തിരിയുന്ന പടവുകളും പത്തേമാരികളും മററും ചുററിച്ചേർന്നു് ചുരുട്ടിക്കിടക്കുന്ന കാഴ്ച അന്നു് അഷ്ടമുടിയിൽ സർവ്വസാധാരണമായിരുന്നു. 1159-നും 1173-നും ഇടയ്ക്കു ഈ പ്രദേശങ്ങളിൽ സഞ്ചരിച്ച ട്യൂഡായിലെ റബി ബഞ്ജമിൻ കൊല്ലം തുറമുഖത്തിന്റെ സുരക്ഷിതാവസ്ഥയെക്കുറിച്ചു് വിവരിച്ചിട്ടുണ്ടു്. ഇബൻ ബതൂത, കൊല്ലത്തെ തുറമുഖം ലോകവാണിജ്യകേന്ദ്രങ്ങളിൽ അതിപ്രധാനമാണെന്നും അവിടത്തെ കമ്പോളം അതിരമണീയമാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. മഹമ്മദീയർക്കു് കൊല്ലം തുറമുഖത്തു് വളരെ പ്രാബല്യമുണ്ടെന്നും അവർ വ്യാപാരം കൊണ്ടു ധനികന്മാരാണെന്നും അവിടത്തെ കച്ചവടം ഏറിയകൂറും അവർക്കധീനമാണെന്നും ഈ വിദേശ സഞ്ചാരികളുടെ വിവരണങ്ങളിൽ നിന്നു് വ്യക്തമാകും. അറബി ജനതയുടെ സ്വാധീനശക്തിക്കു ലക്ഷ്യങ്ങളാണു് ഈ സഞ്ചാരവിവരങ്ങൾ. ഇബൻ ബതൂത മഹമ്മദീയരുടെ പ്രാബല്യത്തെക്കുറിച്ചു് പ്രത്യേകം വർണ്ണിച്ചിട്ടുണ്ടു്. മുമ്പു് ചീനരുടെ കൈവശത്തിലിരുന്ന വ്യാപാരം മഹമ്മദീയർ മിക്കവാറും കൈക്കലാക്കിക്കഴിഞ്ഞിരുന്നുവെന്നു് അസന്നിഗ്ദ്ധമായി അദ്ദേഹം പ്രസ്താവിക്കുന്നു. കൊല്ലം കൂടാതെ, കൊച്ചിയും കോഴിക്കോടും വാണിജ്യകേന്ദ്രങ്ങളായി പുഷ്ടി പ്രാപിച്ചു. സാമൂതിരിയുടെ സഹായം കൊണ്ടു് മഹമ്മദീയരുടെ സ്വാധീനശക്തി വർദ്ധിക്കുകയും വാണിജ്യവിഷയത്തിൽ ക്രമേണ ഉയരുകയും ചെയ്തു. പറങ്കികളുടെ ആഗമനത്തിനു് മൂന്നു നാലു ശതാബ്ദം മുമ്പുതന്നെ കേരളത്തിലെ സകല തുറമുഖങ്ങളിൽ നിന്നും മഹമ്മദീയർ ചീനരെ വേട്ടയാടി വാണിജ്യാധിപത്യം കൈയടക്കി. മാഹ്വാൻ എന്ന ചീന സഞ്ചാരി കൊച്ചി തുറമുഖത്തിൽ മഹമ്മദീയർക്കു് ലഭിച്ച പ്രാബല്യത്തെക്കുറിച്ചു് സൂചിപ്പിക്കുന്നുണ്ടു്. ഇങ്ങനെ കച്ചവടത്തിനായി കേരളത്തിൽ വന്ന അറബികളും പേർഷ്യന്മാരും മൂറുകളും ആണു് സാമൂതിരിക്കു പിൻബലമായി നിന്നു് പില്ക്കാലത്തു് പറങ്കികളോടും മററും പൊരുതതു്.

അറബി, പേർഷ്യൻ, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ നിന്നു് മലയാളത്തിലേക്കു ഒട്ടധികം പദങ്ങൾ വന്നു കയറുന്നതിനു് മഹമ്മദീയാക്രമണങ്ങളും മഹമ്മദീയ രാജസ്ഥാനങ്ങളുമായുള്ള കേരള രാജാക്കന്മാരുടെ ബന്ധങ്ങളും ഏറക്കുറെ ഹേതുഭൂതമാകാതെയിരുന്നില്ല. വേണാട്ടു രാജാവും കർണ്ണാട്ടിക്കു നവാബും തമ്മിലുള്ള ബന്ധവും മുകിലൻ തുടങ്ങിയ മഹമ്മദീയ വിജിഗീഷുക്കളുടെ ആക്രമണങ്ങളും മൈസൂർ വ്യാഘ്രത്തിന്റെ മലബാർ ആക്രമണവും മററും ഇതിനു് വഴിതെളിച്ചു. വേണാട്ടു രാജാക്കന്മാർക്കു് പലപ്പോഴും തുലുക്കൻ പടയോടു പൊരുതേണ്ടി വന്നിട്ടുണ്ടു്. ഉണ്ണുനീലി സന്ദേശത്തിൽ—

'പ്രാണാപായം കരുതിന തുലിക്കൻ-
പടക്കോപ്പിനെന്നും
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊ
ടിച്ചാത്തു ചെൻറ് '

എന്ന പംക്തിയിൽ വേണാട്ടു ആദിത്യവർമ്മ തുലുക്കപ്പടയോടു യുദ്ധം ചെയ്തതായി പ്രസ്താവിക്കുന്നു. ലീലാതിലകത്തിൽ-

'പരമുടനേ പരപ്പതനാം
പാണ്ഡ്യനൃപഃ ഖണ്ഡയാഞ്ചകാരഗളേ
തുരഗാരൂഢാസ്ത്രധരയാ
തുരുതുരെ മണ്ടീ തുരുക്കരെല്ലാരും'

എന്ന് തുലുക്കൻ പടയെ പലായനം ചെയ്യിച്ചതായി വർണ്ണിക്കുന്നു. വേണാട്ടു രാജാക്കന്മാർ ചില അവസരങ്ങളിൽ കർണ്ണാട്ടിക്കു നവാബിൻെറ സൈന്യസഹായം ആവശ്യപ്പെട്ടതായി അറിയുന്നുണ്ട്. മുകിലൻ, ചന്ദാസഹിബ് മുതലായ മഹമ്മദീയ വിജിഗീഷുകൾ തെക്കൻ തിരുവിതാംകൂറിനെ ആക്രമിച്ചതും, ഹൈദർ, ടിപ്പു എന്നീ മൈസൂർ രാജാക്കന്മാർ മലബാർ ആക്രമിച്ച് കുറെക്കാലം കീഴടക്കിയതും കേരള രാജാക്കന്മാരുടെ കുതിരപ്പട്ടാളത്തിൽ പട്ടാണികൾക്കു ഒരു പ്രധാന സ്ഥാനം ലഭിച്ചിരുന്നതും മററും മലയാള ഭാഷയെ സാരമായി സ്പർശിക്കാതിരുന്നില്ല. ഹിന്ദുസ്ഥാനിയിൽ നിന്ന് അനവധി പദങ്ങൾ മലയാളത്തിൽ സംക്രമിക്കുന്നതിന് ഗോസായികൾക്കു കേരളത്തിലെവിടേയും ലഭിച്ചിരുന്ന ആതിഥ്യോപചാരങ്ങൾ കാരണമായി. പ്രതിദിനം അവരുടെ സംഘങ്ങൾ ഇപ്പോഴും ധാരാളമായി കേരളത്തിൻെറ നാനാഭാഗങ്ങളിൽ സഞ്ചരിച്ചു വരുന്നുണ്ടല്ലൊ. ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിലെ പുണ്യക്ഷേത്രങ്ങൾ സന്ദർശിക്കുന്നതിന് വന്നുചേരുന്ന തീർത്ഥാടക സംഘങ്ങളും ഇക്കാര്യത്തിൽ ഏറക്കുറെ സഹായിച്ചിട്ടുണ്ട്. കന്യാകുമാരി, അനന്തശയനം, ജനാർദ്ദനം മുതലായ പുണ്യക്ഷേത്രങ്ങൾ ഇന്നും അക്കൂട്ടരെ ആകർഷിച്ചു വരുന്നു. ഇങ്ങനെ നാനാ പ്രകാരത്തിൽ ആ ഭാഷ സംസാരിക്കുന്നവരുമായുണ്ടായ സാഹചര്യം നിമിത്തം അനവധി പദങ്ങൾ മലയാളത്തിൽ കടന്നുകൂടി.

അറബി, പേർഷ്യൻ, ഹിന്ദുസ്ഥാനി മുതലായ ഭാഷകളിൽ നിന്ന് കേരള ഭാഷയ്ക്കു ലഭിച്ചിട്ടുള്ള പദങ്ങൾ ഒട്ടേറെ കച്ചവടം സംബന്ധിച്ചവയാണ്. അവയിൽ പലതും പരകീയ പദങ്ങളാണെന്ന് പറഞ്ഞില്ലെങ്കിൽ അറിയാത്തവിധം കേരളീയരുടെ നിത്യോപയോഗം കൊണ്ടു സുപരിചിതങ്ങളും ഭാഷാ ശൈലിയ്ക്കു അനുയോജ്യങ്ങളും ആയിത്തീർന്നിട്ടുണ്ട്. അഭ്യസ്ത വിദ്യരല്ലാത്തവരുടെ വാമൊഴിയിൽ പോലും അവയ്ക്കു സ്ഥിരപ്രതിഷ്ഠ ലഭിച്ച് പാലിൽ പഞ്ചസാരയെന്നോണം ഭാഷയിൽ ലയിച്ചിരിക്കുന്നു. കച്ചവടസംബന്ധമായി നാം ഇന്ന് ഉപയോഗിച്ചു വരുന്ന അസംഖ്യം പദങ്ങൾ ആ ഭാഷകളിൽ നിന്ന് സ്വീകരിച്ചവയാണ്. *ബസാർ (P. bazar); ചന്ത, (P. chanda); കരാർ (P. qarar); ഓഹരി (P. bahre); കമ്മി P. (kammi); ഡാപ്പ് (P. daaph); ത്രാസ് (P. traz); കായിതം (P. kaghaz); ഫേരെഡ് (P. fihrist); ബന്തർ (P. bandar); ശരാശരി (P. sara-sari); സാമാനം (P. saman); സുമാർ (P. sumar) എന്നു തുടങ്ങിയവ പേർഷ്യനിൽ നിന്നുള്ള സമ്പാദ്യമാണ്. ത്രാസും പടിയും കേരളത്തിൽ ആവിർഭവിക്കുന്നതിന് കാരണഭൂതന്മാർ ഈ പേർഷ്യൻ കച്ചവടക്കാരാണെന്ന് ഇതിൽ നിന്ന് വ്യ

* Diacritical Mark ഉള്ള അക്ഷരങ്ങൾ ഇല്ലാത്തതുകൊണ്ട് ശരിയായ ഉച്ചാരണം കാണിക്കുവാൻ നിവൃത്തിയില്ല.

കതമാണ്. പഴയകാലത്തു് തൂക്കുന്നതിന് ഉപയോഗിച്ചു വന്ന 'വെള്ളിക്കോലി'നു പകരം ത്രാസ്സ് സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. കച്ചവടക്കണക്കു സംബന്ധമായ രീതികളും കേരളത്തിൽ നടപ്പായതു് ഈ വണിക്കുകളിൽ നിന്നാണ്. പേരേഡ്, ഗോഷവാർ, മുതലായ പദങ്ങളുടെ ആഗമം അതു് പ്രസ്പഷ്ടമാക്കുന്നു. കപ്പൽ ഗതാഗതത്തെ സംബന്ധിച്ച പല പദങ്ങളും അറബി, പേഷ്യൻ, ഹിന്ദുസ്ഥാനി എന്നിവയിൽ നിന്നു് വന്നുചേന്നിട്ടുള്ളതാണ്. കേവു (U. khewa); ചമ്പാൻ (P. sanbuq); ചുക്കാൻ (A sukkan), മാലിമി (A. mau'allim); മിന്നാരം (A. menara); വകല (A. baghalah); ശ്രാങ്കു (P. sarhang) എന്നു തുടങ്ങിയവ ഈ കൂട്ടത്തിലുൾപ്പെടുന്നു. ബാക്കി (A. baqi) നിരക്കു (A. nirkh); രൊക്കം (A. raqm); ബതൽ (A. badal) സേർ (H. ser); രസ്തു (P. rasad); മോഹർ (P. muhur); മാസൂൽ (Mahasul); ഫസലി (A. fasl); പത്താക്കു (A. bataq); പായിദ് (A. (fayida;) നകത് (A. Naqad) തക്കാവി (A. taqavi); ചിട്ടി (H. Chitthi); കച്ച് (A. Karj), ഉറുപ്പിക (H. Rupi); അണ (U. Ana); പൈസ (H. Paysa); കരീത്തു (U. Kharid) ഗജം (U. Guz), ഉണ്ടി (U. Hande), കുത്തക (U. Gutta) ഗുദാം(U. Gudam), ദല്ലാലി (A. Dallal) മുതലായവ കച്ചവടസംബന്ധമായ മററു സമ്പാദ്യങ്ങളാണ്.

മറെറാരുക്കൂട്ടം പദങ്ങൾ വേഷഭൂഷാദികളെക്കുറിക്കുന്നവയാണ്. ഇക്കാലത്തു് പാശ്ചാത്യരുടെ വേഷഭൂഷാദികളിൽ ഭ്രമിച്ചു് കേരളീയർ ധാരാളമായി അവരുടെ വസ്ത്രധാരണരീതികൾ അനുകരിച്ചുവരുന്നുണ്ടല്ലോ. പഴയകാലത്തു് കേരളത്തിലെ പ്രഭുക്കളും രാജാക്കന്മാരും മഹമ്മദീയരാജക്കന്മാരുടേയും നവാബുകളുടേയും കമനീയമായ വസ്ത്രധാരണ സമ്പ്രദായം കൈക്കൊണ്ടിരുന്നു. ഉറുമാൽ (P. Rumal), കീശ (H. Khisa), കുല്ലാ (P. Kulah), ചവടി (H. Caudi); ചോളി (H. Coli), തമാൻ (P. Tanban), തുപ്പട്ടാ (H. Dopatta), തോട (H. Tora), തൊപ്പി (H. tope); ഉറാ (A. turra); പാകിടി (H Pagri); പാപ്പാസ് (P. Paposh), മൂജ (P. Moza); സാരി (P. Sari), സാൽവ (H. Sal); ധാവണി (P. Damani); നാട (H. Nata); മൽമൽ (P. Malmal); ലങ്കോട്ടു (H. Langoti), ബനിയൻ (A. Bunyan), ശരായി (A. Sharai), ജോടു (A Hor), ജുബ്ബാ (A. Jubba), കാക്കി (P. Khakki), കുതാവു് (U. Girda); ചിമിക്കി (H. Camki) ദാവൽ (H. Daval); എന്നുതുടങ്ങിയവ ഇക്കൂട്ടത്തിലുൾപ്പെടുന്നു. കേരളസ്ത്രീകളുടെ വസ്ത്രധാരണത്തേക്കുറിച്ചുള്ള പദങ്ങൾ ഇക്കൂട്ടത്തിൽ വളരെ ദുല്ലഭമാണ്. അതിൽ വന്നിട്ടുള്ള പരിഷ്കാരം ആധുനികകാലത്തുണ്ടായതാണല്ലോ. ചാവട്ട (H. Chavatta); ജമക്കാളം); (P. Gamkhana); പക്കാളി (H. Pakhal), പാന്തസ്സ് (P. Fanus), കുടിത്തുണി (P. Kurta); കോസടി (H. Gudari); കിത്താൻ (A. Katan), അത്തർ (A. Itr), ഗുലാബ് (P. Ghulab) മുതലായ ഈ വണിക്കുകൾ കേരളത്തിൽ ആദ്യമായി ആവിർഭവിപ്പിച്ച മററുസാമനങ്ങളാണ്.

വേറൊരുകൂട്ടം ഭരണം, നിയമം, നീതിന്യായം എന്നു തുടങ്ങിയവയെ സംബന്ധിക്കുന്നവയാണ്. ഇന്നു നടപ്പിലിരിക്കുന്ന അനേകം പദങ്ങൾ ഈ വഴിക്കു ലഭിച്ചിട്ടുള്ളതത്രെ. കേരളം ഒരുകാലത്തും മഹമ്മദീയരുടെ കൈവശത്തിൽ തുടർച്ചയായി ഇരുന്നിട്ടില്ലെങ്കിലും അവരുടെ ഭരണസംബന്ധമായ രീതികൾ അനുകരിച്ചതിന്റെ ഫലമായിട്ടാണ് അസംഖ്യം പദങ്ങൾ ലഭിക്കുവാനിടയായതു്. ദിവാൻ (P. Diwan); ദർബാർ (P. Darbar); പേഷ്കാർ (P. Peshakar); താലൂക്ക (A. ta'aluq); തുക്കിടി (H. tukudi); നവാബ് (A. Navab); പട്ടേൽ (H. Patel); രഹദാരി (P. Rahdari); വസൂൽ(A. Wasul);ശിപായി(P.Sivay); സർക്കാർ (P. Sarkar); ശ്രാപ്പ് (A. Saraf); ഹജൂർ (A. Hazur); ജില്ലാ (A. Zila); കിസ്ത് (A. Qist); ഖജന (A. Khazana); ജമാവന്തി (A. Jam+P. Bandi); ഡലായത്തു (H. Dhalayit); തഹശീൽ (A. Tahsil); ജമ (A. Jam); ചെലാൻ (H. Calan); ഡഫേദാർ (P. Dafedar); പഞ്ചായത്തു (H. pancayat); എന്നുതുടങ്ങി അനേകം പദങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. കോടതിയിൽ ഉപയോഗിക്കുന്ന മിക്കപദങ്ങളുടേയും ആഗമം ഈ ഭാഷകളിൽ നിന്നാണ്. മുൻസിഫ് (A. munsif); ശിരസ്താ (P. sarrishta); വക്കീൽ (A. wakil); വക്കാലത്തു A. Vakalat); സനതു് (A. sanad); സല (A. salah); ഹർജി A. arz); മഹസർ (A. mahzar; മൊച്ചി (H. Mochi); യാദാസ്ത (P. Yaddasht); രസീതു് (P. Rasid); മരത്തു (A. Mirath); ബിനാമി (P. Banami); രാജി (A. Razi); മുക്ത്യാർ (A. Mukhtar); മാമൂൽ (A. Mamul); ബത്ത (H. Batta); നാജർ (A. Nazir); നക്കൽ (A. Naql); ദക്കാസ്ത് (P. Darkhwast); ജപ്തി (A. Zabti); ജാമ്യം (A. Zamin); ജാപ്താ (A. Zabita); കൈഫീത്തു് (A. Kaifiyat); കച്ചേരി (U. Kachahri); ഒസ്യത്തു് (A. Vasiyat); ആമീൻ (A. Amin); അമാനത്തു (A. Damanat) എന്നും മററും കോടതിയിൽ ഉപയോഗിക്കുന്ന മിക്ക പദങ്ങളും ഈവഴിക്കു വന്നു ചേർന്നിട്ടുള്ളതാണ്.

കേരളത്തിലെ സൈന്യത്തേയും പോലീസിനേയും സംബന്ധിക്കുന്നവയാണ് മറെറാരുകൂട്ടം. കേരളരാജാക്കന്മാരുടെ സൈന്യത്തിൽ മഹമ്മദീയൎക്കു് പഴയകാലം മുതൽ പ്രധാനസ്ഥാനം ലഭിച്ചിരുന്നു. കുതിരപ്പട്ടാളത്തിന്റെ ചുമതല മിക്കവാറും അവർ തന്നെ വഹിച്ചിരുന്നു. അവിൽദാർ (P. Havildar); കാറുവാറു (P. Karbar); കില്ലേദാർ (P. Kiladar); ജമേദാർ (P. Jamedar); നായിക്ക് (A. Naib); സുബേദാർ (P. Subahdar) സർദാർ (P. Sardar); എന്നിവ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരെ കുറിക്കുന്നവയാണ്. കുതിരപ്പട്ടാളത്തെ സംബന്ധിച്ച മിക്ക പദങ്ങളും ഈ ഭാഷകളിൽ നിന്നും ലഭിച്ചിട്ടുള്ളവയത്രേ. തുപ്പാക്കി P. tuppak); ലഗാൻ (P. lagan); ലത്തി (H. lathi); ലായം(A. Linn); റക്കാബ് (A. Rikab); മാലിസ്സ് (P. Malish); ബിച്ചാണ (H. Bichana); തോബറ (H. Tobra); തങ്ങ (P. Tang); ജൂൽ (Jhul); ജീൽ (P. Zin); എന്നിവയാണ് അവയിൽ പ്രധാനമായ പദങ്ങൾ. കവാത്തു (A. Qavaid); കൊത്തുവാൾ(P. Kotwal);

ഠാണാ (H. Thana); ദൊറോഗ (P. Doroga); റോന്തു (P. Rawanda); പാറാവു P. Pahra); എന്നിവ പോലീസിനെ സംബന്ധിക്കുന്നവയാണ്. കസർത്തു (A. Kasrat); ബസ്കി (P. Bazu); പഞ്ചാ(P. Panc); ഗുസ്തി (U. Kushti); പയൽമാൻ P. Pahalwan); എന്നു തുടങ്ങിയ വ്യായാമങ്ങളെക്കുറിക്കുന്ന പദങ്ങളും ഈ ഭാഷകളിൽ നിന്നും സ്വീകരിച്ചിട്ടുള്ളവയത്രേ. കസർത്തു മുതലായ വ്യായാമങ്ങൾ കേരളത്തിൽ സുപരിചിതമായിത്തീർന്നതു് ഇവരുടെ ആഗമനത്തിനു ശേഷമായിരിക്കണം. വന്തൂക്ക (H. Banduq); കുന്താ (H.Kunda); മത്താപ്പു് (P. Mahtab); പടക്കം (H. Pataka); തോട്ടാ H. Tota); തോക്കു (H. Topak); അമിട്ടു (H. aut); മുതലായവ വെടിമരുന്നിനെ സംബന്ധിച്ചവയാണ്.

കേരളത്തിലെ ഭക്ഷണസമ്പ്രദായങ്ങളേയും മററു സുഖാനുഭവങ്ങളേയും ഏററക്കുറെ സ്പർശിക്കുന്നതിനു് ഈ വൈദേശികക്കു കഴിഞ്ഞുവെന്നു് ആ വക പദങ്ങൾ പ്രസ്പഷ്ടമാക്കുന്നു. പല പുതിയ പലഹാരങ്ങളും പാത്രങ്ങളും മററും കേരളീയക്കു് ഇവരിൽ നിന്നും ലഭിച്ചതായി കരുതേണ്ടതുണ്ട്. ജിലേബി (A. Zalabiyya); ശേമിയാ (H. Sewain); ലഡ്ഡു (H. Laddu); കേസരി (H. Kesari); പൂന്തി (H. Bundi); പേണി (H. Pheni); പൂരി (H. Puri); സർബത്തു (A. Sharbat); റൊട്ടി (H. Roti); മിട്ടായി P. Mithai); ബദാം (P. Badam); ചുരുക്ക (P. Sirka); ചട്ടിണി (H. Chatne) കൂജാ (P. Kuzah); കശകശ (P. Kaskas); അൽവാ (A. Halwa); ചപാത്തി (P. Capati); മുതലായവ അവർ കൊണ്ടുവന്നതാണ്. ഫിഞ്ഞാണം (P. Finjan); സാൻ (A. Sahn); എന്നിവയും വേറെ പദങ്ങൾ മലയാളത്തിൽ കാണാനില്ലാത്തതുകൊണ്ടു തീർച്ചയായും ആ കച്ചവടക്കാർ കേരളത്തിൽ ആദ്യമായി കൊണ്ടുവന്നതാണെന്നു് അനുമാനിക്കാം. പഴയ വിശറി, പങ്കായും സ്ഥാനമൊഴിഞ്ഞുകൊട്ടത്തതു് അതു് അവർ കേരളത്തിൽ കൊണ്ടുവന്ന ശേഷമാണ്. പലലഹരിപദാങ്ങളും ഈ കച്ചവടക്കാർ ധാരാളമായി പെരുമാറി വന്നതിനാൽ ആ വക പദത്ഥങ്ങളും നമുക്കു ലഭിക്കുവാനിടയായി. റാക്കു (A Araq); കലാൽ (H. Kalal); മസ്തു് (P. Mast); നൊസ്സ് (P. Nos); കാപ്പി (A. Qahveh); ആഫീൻ (H. Hafin); ഉക്കാ (P. Hookah); എന്നിവ ഇക്കൂട്ടത്തിലുൾപ്പെടുന്നു. ആഗതർ മാംസഭുക്കുകളായിരുന്നതിനാൽ അതിനെ സംബന്ധിച്ച പല വാക്കുകളും ഭാഷയ്ക്കുലഭിച്ചു. കശാപ്പു (P. Kassab); മസാല (A. Masalah); കസ്സായി (A. Qasai); ശിക്കാർ (P. Shikar); ചെക്കൻ (A. Cachagan) എന്നു തുടങ്ങിയവ അക്കൂട്ടത്തിലുള്ളവയാണ്.

തൊഴിലുകളേയും ജനസമാന്യത്തിൻെറ വിനോദങ്ങളേയും സംബന്ധിച്ചും ഏതാനും പദങ്ങൾ ഈ ഭാഷകളിൽ നിന്നും മലയാളത്തിൽ സ്വീകരിച്ചുകാണുന്നു. ഇസ്തിരി A. Istri); ഒത്താൻ (A. Hajjan); കമാനം (P. Kaman); കലാലി (A. Quolai); കീമ (A. Kimiya); ഗാഡി (H. Gari); ദോബി(H. Dhobi) നഗാശി (A. Naqasi); ബംഗ്ലാവു (H. Bangla); മഹൽ (A. Mahall); മേനാവു് (P. Miyana); ഹക്കിം(A. Hakim); തമാശ (P. Tamash); എന്നിവ അക്കൂട്ടത്തിലുള്ളവയാണ്. പ്രാചീനകാലത്തെ

കാറകളിയും മററും വിട്ടിട്ട് കേരളീയ ബാലന്മാർ ഗോലികളിക്കുവാൻ തുടങ്ങിയതു് ഈ കച്ചവടക്കാരുടെ ആഗമനത്തിനുശേഷമാണെന്നു് ഊഹിക്കാം.* ഗോലി (Goli) എന്നതു് പേഷ്യൻ പദമാണു്. ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും അനവധി പദങ്ങൾ ഭാഷയിൽ പ്രചാരത്തിൽ വന്നിട്ടുണ്ടു്. അഠാണാ കിഞ്ചിറ (H. Khanjan); സിത്താർ(P. Sihtar); തംബുരു (P. Tanbur); സഹാനാ (H. Sahana); തില്ലാനാ (P. Tarana); തോഡി; കമാശ് (A. Khumasi); പ്യാഗ്, എന്നിവ അവയിൽ ഏതാനുമാണു്. കടലാസ്സ്, കുപ്പി, കീൽ എന്നിവ കേരളക്കരയിൽ ആദ്യമായി കൊണ്ടുവന്നതു് ഈ കച്ചവടക്കാരാണു്. കടലാസു (A. Kartas); കീൽ (A. Qir); കുപ്പി (P. Kuppi) എന്നിവയ്ക്കു മലയാളഭാഷയിൽ വേറെ പദങ്ങളില്ലെന്നുള്ളതു് ഈ അനുമാനത്തിനുൽബലകമാണു്. ജട്ക്കാ (H. Jhatka); തപാൽ (H. Tappal); പാലം(H. Pal); എന്നീപദങ്ങളും ശ്രദ്ധേയമാണു്.

മതസംബന്ധമായ ഒട്ടേറെ പദങ്ങൾ ഈ ഭാഷകളിൽനിന്നും മലയാളഭാഷയ്ക്കു ലഭിച്ചിട്ടുണ്ടെങ്കിലും, അവയ്ക്കു എല്ലാ ജാതിക്കാരുടേയും വാമൊഴിയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. മഹമ്മദീയരുടെ പ്രത്യേകം ഗാനങ്ങളിലും വാമൊഴിയിലും ആണു് അവയുടെ പ്രചാരം. കേരളീയരുടെ മതപരവും ആധ്യാത്മികവുമായ ജീവിതത്തെ വേണ്ടപോലെ സ്പർശിക്കുന്നതിനു് ആഗതക്ക് സാധിച്ചില്ലെന്നുവേണം ഇതുകൊണ്ടു ഊഹിക്കാൻ. ഒരു പെരുമാളെ മതപരിവത്തനം ചെയ്യിച്ചു് മക്കായിലയച്ചുവെന്ന പ്രവാദം വാസ്തവമാണൊ എന്നു സംശയമാണെങ്കിലും, മററുപലരേയും കാലക്രമത്തിൽ ബലംപ്രയോഗിച്ചും മററും മഹമ്മദുമതത്തിൽ ചേർത്തിട്ടുണ്ടു്. ടിപ്പുവിൻെറ മലബാർ ആക്രമണകാലത്തു പലരേയും ചേലയിൽ കൂട്ടിയതിനാൽ അനവധിയാളുകൾ തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. മുകിലൻ തെക്കൻ തിരുവിതാംകൂറിൽ പ്രവേശിച്ചു് ചില ആചാരങ്ങൾ നടപ്പിലാക്കിയതായി പ്രവാദമുണ്ടു്. അള്ളാ (A. Allah); ഇത്തിക്കാത്തു (A. Ittiqad:) ഇത്തിക്കാപ്പു (A. Ittiqaf), ഇമാം (A. Imam); ഇല്മു (A. Ilm); ഇജത്തു (A. izzat); ഇസ്‌ലാം A. Islam); ഈമാൻ (Iman); ഈത്തു (A. id); ഉമത്തു (A. Ummat); ഉമർ (A. Umar) ഉലാമ (A. Ulama): ഔരാത്തു് (A: Aurad); കലീപ്പ (A. Kalif); കാനൂൻ (A. Qanun): കാപ്പിരി (A. Kafir;) കിത്താബ് (A. Kitab); ചിന്നു (A. Jinn); ചൈത്താൻ (A. Saitan) നബി (A. Nabi); ജമാത്തു (A. Jamat) ദുനിയാവു (A. Duniya); പക്കീർ (A. Fakir); മയ്യത്തു (A. Mayit); മുഹറം (A. Muharram); സുന്നത്തു (A. Sunad): ഹായത്തു (A. Hayat); ഹാജി (A. Haji); അറാം (A. Haram) എന്നിങ്ങനെ പല അറബിവാക്കുകൾ മഹദീയരുടെ വാമൊഴിയിൽ പ്രചാരത്തിലുണ്ടു്.

പല വകയിലുൾപ്പെടുന്ന ഏതാനും പദങ്ങൾ ശ്രദ്ധേയമാണു്. അക്കപ്പോർ (P. Akhbar); ആസാമി (P. Asami) ഉജാർ (P. Hushyar): ഉമ്മ (A. Umma): കട്ടപിടി (P. Gabar); കപ്പി (A. Qabb.); കാക്കാ (P. Kaka) കൊസ്രാക്കൊള്ളി (P. Kajraw); ചോട്ടാ (H. Chota); ജൽദി (P. Juldi); ജാസ്തി

* ഈ ഊഹങ്ങളും ശബ്ദാഗമ സിദ്ധാന്തങ്ങളും പലതും സംശയിതവ്യമാണു്. Ed-

(A. Ziyadate); ബാപ്പാ (P. Baba) ബീബി (H. Bibi); മരാമത്തു (A. (A. Maramat); മൈതാനം (P. Maidan): ലക്കോട്ടു (H. Lakhota) ബഡായി (H. Baday); വാശി (A. Wajiw); ബിലാത്തി (A. Vilayat); ഗപ്പ് (H. Gappi) ചക്കാത്തു (Zakat); സഭാഷ് (P. Shadbash); പടുതാ (H. Parda); ഡപ്പി (H. Dibbi); ഡീക്കു (H. Thik); പക്കാ (H. Pakka); പൈതാ (H. Paiya) പീച്ചാങ്കത്തി (H. Bichua) എന്നിങ്ങനെ അനവധി പദങ്ങൾ സാധാരണജനങ്ങളുടെ സംഭാഷണഭാഷയിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

ഇങ്ങനെ മലയാളത്തിലേക്കു പദങ്ങൾ ഈ ഭാഷകളിൽനിന്ന് സംക്രമിച്ചപ്പോൾ കാലക്രമത്തിൽ രൂപത്തിനും അർത്ഥത്തിനും വിപരിണാമങ്ങൾ വന്നിട്ടുണ്ടെന്നുള്ളതു് ആശ്ചര്യകരമല്ലല്ലോ. മലയാളത്തിലേക്കു അറബിവാക്കുകൾ പ്രവഹിച്ചതു് ഏറക്കുറെ അറബികളിൽനിന്നു തന്നെയാണെന്നു സ്മരണീയമാണ്. പല ഉത്തരേന്ത്യൻഭാഷകളിൽ പേർഷ്യനിൽക്കൂടിയാണ് അറബിവാക്കുകൾ പ്രവേശിച്ചിട്ടുള്ളതു്. ബംഗാളിയിൽ വിശേഷിച്ചുമിങ്ങനെതന്നെ. പേർഷ്യൻ ഭാഷയിൽ ഈ അറബിവാക്കുകൾ സ്വായത്തമായിത്തീർന്നശേഷം അതിൽനിന്ന് ബംഗാളിയിലേക്കു അവ പകർന്നു. എന്നാൽ മലയാളത്തിലാകട്ടെ, അറബിവാക്കുകളിൽ ഒരുകൂട്ടം അറബികളിൽനിന്നുതന്നെ ലഭിച്ചവയാണ്. പേർഷ്യനിൽക്കൂടി പ്രവേശം ലഭിച്ചവയും കുറെയുണ്ട്. പേഷ്യൻവാക്കുകൾ ഏറിയഭാഗം ഹിന്ദുസ്ഥാനിയിൽക്കൂടി മലയാളത്തിൽ സ്ഥലം പിടിച്ചവയാണ്. അതാതു ഭാഷകളിൽ നിന്നു നേരേയും മററു ഭാഷകൾവഴിയായും ഏതേതു പദങ്ങൾ മലയാളത്തിൽ എത്തിയെന്ന് ഖണ്ഡിതമായി അറിയുന്നതിനു നിവൃത്തിയില്ല. അവയുടെ ശബ്ദപരിണാമതത്വങ്ങൾ അറിയുന്നതിന് ഇതുകൊണ്ടു അല്പം വിഷമമില്ലാതില്ല. ഈ ഭാഷകളിൽ നിന്ന് മലയാളത്തിലേക്കു കടമെടുത്തിട്ടുള്ളവയ്ക്കു അല്പാല്പം രൂപവ്യത്യാസം മലയാളികളുടെ ഉച്ചാരണസ്വഭാവങ്ങൾക്കനുസൃതമായി ഉണ്ടായിട്ടുമുണ്ട്.

അർത്ഥത്തിന് ഈ പകർച്ചയിൽ ഹ്രാസവികാസങ്ങൾ ഉണ്ടായതായും ഏതാനും ഉദാഹരണങ്ങൾ വെളിപ്പെടുത്തുന്നു. ഏതെങ്കിലും ഭാഷയിൽ പരകീയപദങ്ങളെ സ്വീകരിക്കുമ്പോൾ അർത്ഥവിപരിണാമങ്ങൾ ഉണ്ടാവുന്നതു് സാധാരണമാണല്ലോ. ഹരിക്കാരൻ (P. Harkana) എന്നതിനു ദൂതൻ എന്നു മൂലാർത്ഥം. ഇപ്പോൾ കൊട്ടാരത്തിലെ പരിചാരകൻ എന്നർത്ഥത്തിലാണ് പ്രയോഗിച്ചുവരുന്നതു്. പൈസൽ (P. Faisal) എന്നതിന് തീരുമാനം എന്ന മൂലാർത്ഥം വികസിച്ച് അവസാനം, മരണം എന്നൊക്കെ അർത്ഥവ്യാപ്തിയുണ്ടായിട്ടുണ്ട്. മരണമെന്നർത്ഥത്തിൽ വാമൊഴിയിൽ ഉപയോഗിച്ചുവരുന്നു. പരാരി (P. Farari) എന്നതിന് ഓടിപ്പോയവൻ എന്ന മൂലാർത്ഥം ചുരുങ്ങി കരക്കുടിശിഖയിട്ടിട്ട് ഓടിപ്പോയവരുടെ ലിസ്റ്റ് എന്നർത്ഥത്തിൽ ഇപ്പോൾ ഉപയോഗിക്കുന്നു. ഡർബാർ എന്നതിന് രാജാക്കന്മാരുടെ കൂടിക്കാഴ്ചസ്ഥലം എന്നർത്ഥം വികസിച്ച് വലിയമോടിയിൽ കഴിക്കുക എന്നർത്ഥത്തിൽ പ്രയോഗിച്ചുവരുന്നു. സലാം (A. Salaam) എന്നതിന് അറബിയിൽ സമാധാനം എന്നർത്ഥമാണ്. എന്നാൽ

ഇപ്പോൾ അഭിവന്ദനവാചിയായി മലയാളത്തിൽ പ്രയോഗമുണ്ടായിട്ടുണ്ട്. നൊസ്സൻ (P. Nos) എന്നതിന് കടിച്ചുമദിച്ചവനെന്ന് മൂലാർത്ഥം. എന്നാൽ കിറുക്കു പറയുന്നവനെന്നർത്ഥത്തിലാണ് ഇന്നത്തെ പ്രയോഗം. ബന്തോവസ്റ്റ് (P. Bandobast) എന്നതിന് സുരക്ഷിതമാക്കുകയെന്ന മൂലാർത്ഥം വകസിച്ച് പാറാവിലാക്കുകയെന്നർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. കുശാൽ (P. Khusal) എന്നതിന് സന്തോഷം എന്നു മൂലാർത്ഥം. ഇപ്പോൾ നടപ്പിലും ഉടുപ്പിലും മിനുക്കം ആഡംബരവും എന്നർത്ഥവ്യാപ്തി. അക്കപ്പോർ (H. Akhbar) എന്ന പദത്തിന് കേൾവി, സൊല്ലുക എന്നൊക്കെ മൂലാർത്ഥം. വമ്പുപറക എന്നർത്ഥത്തിൽ പ്രയോഗിച്ചുവരുന്നു. ഇങ്ങനെ പ്രയോഗംകൊണ്ടു അർത്ഥത്തിന് വികാസവും ഹ്രാസവും കാലക്രമത്തിൽ ചില പദങ്ങൾക്കുണ്ടായിട്ടുണ്ടെന്നുള്ളതിന് സംശയമില്ല. കെസ്രാക്കൊള്ളി എന്നതിന് ദുസ്പഭാവിയെന്നർത്ഥം പോയി അകപ്പാട്ട് എന്നർത്ഥം ലഭിച്ചിരിക്കുന്നു.

അറബി, പേർഷ്യൻ, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽനിന്നും മലയാളത്തിലേക്കു സ്വീകരിച്ചിട്ടുള്ള പദങ്ങളുടെ ഒരു ദിങ്മാത്രദർശനമേ ഈ ലേഖനത്തിൽ സാധിച്ചിട്ടുള്ളു. കച്ചവടത്തിനായും മററും കേരളത്തിൽ വന്ന അവരുടെ പക്കൽനിന്നും ഭാഷയ്ക്കും സംസ്കാരത്തിനും ഉണ്ടായിട്ടുള്ള പ്രയോജനം അപരിമിതമാണ്. തിരിച്ചറിയുവാൻ നിവൃത്തിയില്ലാത്തവിധം ആ വക പദങ്ങൾ പലതും കേരളീയമായിത്തീർന്നിട്ടുമുണ്ട്.

*The A. R. V. Press, Fort, Trivandrum.*